# NEW VISION FOR A CHANGING WORLD

VOL. 4 ■ ISSUE 12 ■ AUGUST 2004



**The priest today needs a faithful and patient commitment in prayer and in work; a sense of the depth of the human heart, in good and ill, a certain three-dimensionality in understanding humanity.**

*- Archbishop of Canterbury (Page 5)*

**ലോകം കണ്ടതിൽ വച്ചേറ്റവും വലിയ മനുഷ്യനായ യേശുവിന്റെ അനുയായിയെന്നും അവന്റെ നിയോഗത്തിന്റെ കാര്യവിചാരകനെന്നും അവകാശപ്പെട്ട് ളോഹയുമിട്ടു നടക്കുന്ന എന്നോടുതന്നെ ഞാൻ ക്രുദ്ധനാണ്. അതെന്നെ അസ്വസ്ഥനാക്കുന്നു. ഈ അസ്വസ്ഥതയാണ് എന്നെ ജീവിപ്പിക്കുന്നത്.**

**- യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്ത** (പേജ് 14)

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam ▪ Rt.Rev. K.Michael John, Melukavu▪ Rt.Rev. Dr.Isaac Mar Philoxenos,Kottayam ▪ Rt.Rev.Geevarughese Mar Osthathiose, Parumala ▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha ▪ Rev. Dr. E.C. John,Bangalore ▪ Fr.Dr.K.M. George, Kottayam ▪ Fr. A.P. George,Perumbavoor ▪ Rev. Prof. Mathew Daniel, Kozhencherry ▪ Rev. Shajan Idicula, Thiruvananthapuram ▪ Prof. Philip N.Thomas, Tiruvalla ▪ Prof. Mammen Varkey, Mavelikara ▪ Mr. C. John Mathai, Kottayam ▪ Mr. M.M. Yobel, Kottayam ▪ Adv. K.I. Ninan, Aymanam ▪ Ms. Accamma Paul, Mavelikara ▪ Mr. J.T. Wattachanackal, Chicago ▪ Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacob_p@shaw.ca

***Contact person in USA***
The Rev. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr. Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr. George Joseph,Chicago
Dr. Thomas Koshy, Boston
Mr. Varghese K. David, New Jersey


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

| | | |
|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ (വിദേശത്തുള്ളവർക്ക് | US $15) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ ( " | US $25) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ ( " | US $40) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | |
|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ ( " | US$200) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ ( " | US $1000) |

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in
***(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)***

**കോട്ടയത്തെ സി.എസ്.ഐ. ഡയോസിസൻ ബുക്കു ഡിപ്പോയിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

### പ്രസിധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |

'NEW VISION FOR A CHANGING WORLD' is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

# CONTENTS


- **Theology** — 4
  മനുഷ്യൻ എന്ന വ്യതിരേകം
  *പ്രൊഫ. എം. തോമസ് മാത്യു*
- **Priesthood** — 5
  **The Christian Priest Today**
  *Dr. Rowan Williams*
- **Church Affairs** — 7
  എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പുരീതി
  *ഡോ. തോമസ് മാർ അത്താനാസിയോസ്*
- **Portrayal** — 9
  നമുക്കും വേണ്ടേ ഒരു തോക്ക്
  *ഫാദർജി*
- **General** — 11
  സൃഷ്ടിയിലെ സഹവർത്തിത്വം
  *ഡോ. ജോർജ് എം. തോമസ്*
- **Reminiscences** — 12
  ഓർമ്മകളിൽ ഒരു റോസാ പുഷ്പം
  *ഡോ. ജോസ് പാറക്കടവിൽ*
- **Old Age Corner** — 13
  ജീവിത സായാഹ്നത്തിലെ നെടുവീർപ്പുകൾ
  *സിസ്റ്റർ ശോഭ*
- **Miscellaneous** — 14
  ഞാൻ പറയുന്നു; ആമേൻ
  *യൂഹാനോൻ മാർ മിലിത്തോസ്*
- **Devotional** — 15
  ക്രിസ്തീയ സാക്ഷ്യത്തിന്റെ കാലികത്വം
  *ഫാ. ഡോ. മർക്കോസ് ജോസഫ്*
- **Mythology** — 16
  ദേശീയ മിത്തുകൾ
  *ഡോ. മിസ്സസ് അന്നമ്മ ജോർജ്*
- **Literary Review** — 17
  പാർശ്വചിന്തകൾ
  *ഡോ. സി.ജെ. റോയ്*
- **Glimpses** — 18
  കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ
  *ഡോ. കെ.വി. വർഗീസ്*
- **Science** — 19
  **The New Century; a turning point?**
  **Prof. Jacob George**
- **Health** — 20
  ഹൃദയ രോഗങ്ങൾ
  *ഡോ. റേച്ചൽ സാമുവൽ*
- **Sermon** — 21
  നാം ഇന്ന് ആരെ പ്രസംഗിക്കുന്നു?
  *പ്രൊഫ. ജോസഫ് പുലിക്കുന്നേൽ*
- **Responses** — 22
- **News** — 23
- **Ecology** — cover
  **The Crow and the Butterfly**
  *Rev Dr. M.J. Joseph*


# EDITORIAL

## ദേവാലയങ്ങൾ

ദൈവത്തെ ആരാധിക്കുവാൻ ദേവാലയങ്ങൾ ആവശ്യമാണ്. വിശ്വാസികളുടെ വർദ്ധന നിമിത്തം പഴയ കാലത്തെപ്പോലെ വീടുകളിൽ സമ്മേളിക്കുക അപ്രായോഗികമാണ്. പരസ്യാരാധനയ്ക്കായി വിശ്വാസികൾക്ക് കൂടി വരാനുള്ള ഒരു സ്ഥലമെന്നതിലുപരി ദേവാലയങ്ങൾക്ക് പ്രാധാന്യമില്ല. ദൈവം വസിക്കുന്ന ഇടമായതിനാൽ അത് മനോഹരമായിരിക്കണമെന്നും ദൈവികപ്രൗഢി വെളിപ്പെടുത്തുന്നതായിരിക്കണമെന്നുമുള്ള ചിന്ത ദൈവത്തെക്കുറിച്ചുള്ള വികല സങ്കൽപ്പങ്ങളിൽ നിന്നാണ് ഉടലെടുക്കുന്നത്. ഇതര മതസ്ഥരെപ്പോലെ ദേവാലയങ്ങളിൽ നാം ദൈവത്തെ പ്രതിഷ്ഠിക്കാറില്ല. ജനങ്ങൾ കൂടി വരുമ്പോൾ മാത്രമേ ദൈവിക സാന്നിധ്യമുണ്ടാകയുള്ളൂ. ജനങ്ങൾ എവിടെ കൂടിയാലും അവിടെ ദൈവിക സാന്നിധ്യമുണ്ട്. ആർഭാടപൂർവമായ ദേവാലയങ്ങൾ പണിയുവാനുള്ള വ്യഗ്രത പ്രബലരായ ആളുകളിൽ വർദ്ധിച്ചുവരികയാണ്. ഒരു കോടിയിലേറെ രൂപ ചിലവഴിച്ചു പണിത ഒരു ദേവാലയം ഒരു ഗ്രാമപ്രദേശത്തു കാണുകയുണ്ടായി. പന്ത്രണ്ട് കോടിയിലേറെ രൂപ ചിലവാക്കി ഒരു ദേവാലയസമുച്ചയം പണിയുവാനാരംഭിക്കുന്നുവെന്ന വാർത്ത അടുത്തയിടെ വായിച്ചു. എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവനല്ല, എന്റെ ഇഷ്ടം ചെയ്യുന്നവനിലാണ് ഞാൻ പ്രസാദിക്കുന്നതെന്നു പറഞ്ഞ യേശുവിനുവേണ്ടിയാണ് കോടിക്കണക്കിനു പണം ചിലവാക്കി ദേവാലയങ്ങൾ നിർമ്മിക്കുന്നതെന്നതാണ് ഏറെ രസകരം.

"കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. കാരണം, ദരിദ്രരോടു സുവിശേഷം പ്രഘോഷിക്കുവാൻ അവൻ എന്നെ അഭിഷേകിച്ചിരിക്കുന്നു. ബന്ദികൾക്ക് മോചനവും അന്ധർക്ക് കാഴ്ചയും പ്രഖ്യാപിക്കാൻ, മർദ്ദിതരെ സ്വതന്ത്രരാക്കാൻ, കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാൻ അവൻ എന്നെ അയച്ചിരിക്കുന്നു."

ഗംഭീര ദേവാലയങ്ങളും കെട്ടിട സമുച്ചയങ്ങളും പടുത്തുയർത്തുന്നതാണ് സുവിശേഷപ്രവർത്തനത്തിന്റെ കാതലെന്ന് സാമ്പത്തികശേഷിയുള്ള ചില ഇടവകക്കാരെങ്കിലും ധരിച്ചുവച്ചിരിക്കയാണ്. ആ കാഴ്ചപ്പാട് മാറിയേ പറ്റൂ. ദൈവികനീതിയെക്കുറിച്ചും മനുഷ്യത്വത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചുമുള്ള ദൂതിനും പ്രവർത്തനശൈലിക്കുമാണ് ഇന്ന് പ്രസക്തി. ദേവാലയങ്ങൾ അതിന്റെ ഭാഗമായിത്തീരണം.

*ചീഫ് എഡിറ്റർ*

A new priest was celebrating Holy Mass for the first time. He was so nervous that he could hardly speak. After the Mass, he asked the vicar how he had done. The vicar replied: "When I am worried about getting nervous on the pulpit, I put a glass of vodka next to the water glass, and if I start to get nervous, I take a sip." So, the next Sunday he took the vicar's advice. At the beginning of the sermon, he got nervous and took a drink. Upon his return to his office after the Mass, he found the following note on the door. • Sip the vodka, don't gulp. • There are ten commandments and not twelve. • There are twelve disciples and not ten. • We do not refer to Jesus Christ as the late J.C. • The Father, Son, and Holy Ghost are not referred to as daddy, junior and the spook. • The Virgin Mary is not called 'Mary with the Cherry.'

# മനുഷ്യൻ എന്ന വ്യതിരേകം

പ്രൊഫ. എം. തോമസ് മാത്യു

**മനുഷ്യൻ ദൈവസദൃശനാണെങ്കിൽ ദൈവത്തെ കാണാൻ മനുഷ്യനെ നോക്കിയാൽ മതി. അഖിലാണ്ഡത്തിന്റെ ഉടയവനിലേക്കുള്ള വഴി അയൽക്കാരനിലൂടെയാണ്; അപരനിലൂടെയാണ്. അപരനെ സ്നേഹിക്കാത്തവന് ദൈവത്തെയും സ്നേഹിക്കാൻ കഴിയുകയില്ല.**

"വെളിച്ചമുണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു. വെളിച്ചമുണ്ടായി" എന്ന മട്ടിൽ 'മനുഷ്യനുണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു. മനുഷ്യനുണ്ടായി' എന്നല്ല മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള വിവരണത്തിന്റെ രീതി. ഉത്പത്തിപ്പുസ്തകത്തിന്റെ ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ മനുഷ്യസൃഷ്ടിയുടെ കഥ ആവർത്തിച്ചിരിക്കുന്നു. രണ്ട് ആഖ്യാനപാരമ്പര്യങ്ങളിൽ നിന്ന് എടുത്തു ചേർത്തപ്പോൾ വന്ന ആവർത്തനമാണെന്ന് അതിനെ എളുപ്പത്തിൽ വിശദീകരിക്കാമായിരിക്കും. രണ്ടും വിട്ടു കളയേണ്ടെന്ന് പ്രാർത്ഥനാപൂർവം നിശ്ചയിച്ചവർ എങ്ങനെയാണു ചിന്തിച്ചിരുന്നതെന്ന് നാം ഊഹിക്കാൻ ശ്രമിക്കുന്നതുകൊണ്ട് പ്രയോജനമില്ല. നമ്മുടെ ഊഹങ്ങൾക്കു പിടിച്ചു കയറാൻ ഒരു നേർത്ത നൂലുപോലും അവശേഷിക്കുന്നില്ല. അവ രണ്ടും വിട്ടുകളയാതെ പരിരക്ഷിക്കാൻ തീരുമാനിച്ചവരുടെ മനസ്സിനെ നിയന്ത്രിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്ത ദൈവാത്മാവ് തന്റെ ജോലി തീർത്ത് സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയിട്ടില്ലെന്ന ഉറപ്പു കൂടിയാണ് ബൈബിൾ നൽകുന്നത്. യുക്തിവിചാരത്തിന്റെ പരാജയസ്ഥാനത്ത് ശരണപ്പെടുവാൻ ശൂന്യതയല്ല ഉള്ളതെന്നാണല്ലോ വിശ്വാസം നല്കുന്ന പ്രത്യാശ. സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിലെ ഒരു ജീവി എന്ന സ്ഥാനമല്ല മനുഷ്യനുള്ളതെന്നാണ് ഈ വ്യത്യസ്ത ആഖ്യാന ശൈലി അടിവരയിടുന്ന ആശയം.

മനുഷ്യനുണ്ടാകട്ടെ എന്നു ദൈവം കല്പിച്ചാൽ മനുഷ്യനുണ്ടാകുമായിരുന്നു; തീർച്ച തന്നെ. ദിനരാത്രങ്ങളെ പകുക്കുന്ന മഹാജ്യോതിസ്സുകളെയും, അവയ്ക്കപ്പുറത്തേക്കു നീണ്ടു കിടക്കുന്ന ക്ഷീരപഥത്തെയും അതിലെ ഗോളകോടികളുടെ അയനത്തിന് ഇടമൊരുക്കുന്ന മഹാകാശത്തെയും സൃഷ്ടിക്കാൻ വേണ്ടതിലേറെ ആലോചനകളും ഒരുക്കങ്ങളും വേണോ മനുഷ്യനെ സൃഷ്ടിക്കാൻ? ഇവയുടെ മുമ്പിൽ മനുഷ്യനെ ഓർക്കാൻ അവൻ എന്ത്? എന്ന് ദൈവകാരുണ്യം നീളെ അനുഭവിച്ച കവി വിസ്മയം കൊള്ളുന്നു. പക്ഷേ, ദൈവം ഓർത്തു എന്നതാണ് പ്രധാന കാര്യം. മാത്രമല്ല, ഓർത്തു എന്ന് മനുഷ്യൻ അറിയണമെന്ന് കരുതിയാണ് ഈ വിസ്തരിക്കലും അതിന്റെ ആവർത്തനവും. ഇവിടെയും നാം ആ പഴയ കാര്യത്തിൽ എത്തുന്നു. സൃഷ്ടിയുടെ വിവരണം എങ്ങനെ സൃഷ്ടിച്ചു എന്നല്ല, എന്തിനു വേണ്ടി സൃഷ്ടിച്ചു എന്നു പറയാനാണ് ശ്രമിക്കുന്നത്. മൂന്നു കാര്യങ്ങൾ ഈ വിവരണത്തിൽ ശ്രദ്ധേയമായുണ്ട്: • ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിലും സാരൂപ്യത്തിലും സൃഷ്ടിച്ചു. • മണ്ണിൽനിന്നു മെനഞ്ഞ് തന്റെ ജീവശ്വാസം പകർന്നാണ് സൃഷ്ടിച്ചത്. • മറ്റെല്ലാ സൃഷ്ടികളുടെ മേലും കോയ്മ കൊള്ളാൻ മനുഷ്യന് അധികാരം നൽകി.

ഇവ മൂന്നും വ്യത്യസ്തങ്ങളായ മൂന്നു കാര്യങ്ങളല്ല വിവക്ഷിക്കുന്നത്. അവ ഒന്നിന്റെ തുടർച്ചയോ വിവരണമോ ആണ്. എങ്ങനെ?

1. മനുഷ്യന്റെ ദൈവസാദൃശ്യം സവിശേഷം ശ്രദ്ധിക്കപ്പെടണമെന്നു തന്നെയാണ് ഈ ആഖ്യാനം ആഗ്രഹിക്കുന്നത്. നമ്മുടെ സാദൃശ്യത്തിലും സാരൂപ്യത്തിലും എന്ന് ആവർത്തിക്കുന്നു; അങ്ങനെ നിശ്ചയിച്ചുറപ്പിച്ചിട്ട് അതു നിറവേറ്റുന്നു! ദൈവം മനുഷ്യനെ തന്നെക്കാൾ അല്പം മാത്രം താഴ്ത്തിയെന്ന് സങ്കീർത്തനം. അങ്ങനെ മറ്റൊരു സൃഷ്ടിക്കുമില്ലാത്ത മഹിമയും തേജസ്സും അണിയിച്ചാണ് മനുഷ്യനെ ഭൂമുഖത്ത് അവതരിപ്പിച്ചത്. എവിടെയാണ് ഈ സാദൃശ്യം കാണേണ്ടത്? ബാഹ്യവും ശാരീരികവുമായ തലങ്ങളിൽ മനുഷ്യൻ ദൈവത്തെപ്പോലെയാണെന്ന് ആരെങ്കിലും വിചാരിക്കുമോ? പിന്നെ എവിടെ? ദൈവം ആത്മാവാണ്. സദൃശമായ ആത്മാവ് മനുഷ്യനിൽ കുടികൊള്ളുന്നു. ജീവജാലങ്ങളിൽ ആത്മാവുള്ള ഏക ജീവിയായിട്ടാണ് ബൈബിൾ മനുഷ്യനെ അവതരിപ്പിക്കുന്നത്. ഉണ്ടും ഉറങ്ങിയും ജീവിച്ചാൽ ജീവിതമാകുന്ന ജീവിയല്ല മനുഷ്യൻ. ബുദ്ധിയും ഇച്ഛയും ഉള്ളവനാണ് അവൻ. എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നു തീരുമാനിക്കാൻ അധികാരം നല്കിയാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. മറ്റെല്ലാ ജീവികളുടെയും പെരുമാറ്റം മുൻകൂർ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആജന്മവാസനാരൂപത്തിൽ ആ നിശ്ചയം ജന്തുക്കളിൽ മുദ്രിതമായിരിക്കുന്നു. ആ വാസനയ്ക്ക് അനുരോധമായിട്ടല്ലാതെ ജീവികൾക്ക് പെരുമാറാൻ സാദ്ധ്യമല്ല. മനുഷ്യൻ അങ്ങനെയല്ല. കരണീയമെന്തെന്ന് ആലോചിച്ചുറയ്ക്കുകയും ഇച്ഛാശക്തിയാൽ അതു നിറവേറ്റുകയും ചെയ്യുന്നവനാണ് മനുഷ്യൻ. അത് അവന്റെ സ്വാതന്ത്ര്യവും ഉത്തരവാദിത്വവുമാണ്. ഇക്കാര്യം നമുക്ക് വേറൊരു പ്രകരണത്തിൽ വീണ്ടും പരിശോധിക്കേണ്ടി വരും.

2. എല്ലാ ജീവജാലങ്ങളുടേതും പോലെ മനുഷ്യന്റെ ശരീരവും ഒരു ഭൂതസംയുക്തമാണ്. ഈ ഭൂമിയുടെ മണ്ണിന്റെ ഘടകങ്ങൾ വാരിപ്പൊത്തിയുണ്ടാക്കിയ ഒരു രൂപം. രാസഭൗതിക നിയമങ്ങൾ കൊണ്ട് വിശദീകരിക്കാവുന്ന ഒരു ഘടനാവിശേഷം മാത്രമാണ് മനുഷ്യശരീരം. തികഞ്ഞ ഭൗതികാർത്ഥത്തിൽ അത്രയേയുള്ളൂ. എന്നാൽ, മനുഷ്യനെ അങ്ങനെ ന്യൂനീകരിച്ചാൽ ശരിയാകുമോ? മനുഷ്യൻ അത്രയുമല്ല എന്നാണ്, മണ്ണിൽ നിന്ന് മെനഞ്ഞുണ്ടാക്കിയ ഈ രൂപത്തിലേക്ക് ദൈവം തന്റെ ജീവശ്വാസം ഊതി എന്നു പറയുന്നതിന്റെ അർത്ഥം. പിന്നെ എന്തു കൂടിയാണ് മനുഷ്യൻ എന്നാണ് ഈ വിവരണം പ്രഘോഷിക്കുന്നത്? പ്രാണന്റെ സന്നിവേശ

*(ശേഷം പേജ് 8)*

# THE CHRISTIAN PRIEST TODAY

Dr. Rowan Williams, Archbishop of Canterbury



The person exercising the apostolic ministry has one fundamental task which breaks down into a number of different responsibilities. The fundamental task is that of announcing in word and action what the community is and where it is; it is telling the Church that it is the created universe in sofar as that universe has been taken up into the activity of the eternal Word and transfigured by this fact, and that it is in consequence the place where Christ's self-offering continues to be most freely real and effective. The priest is therefore in the business of immersing in Christ's action the gifts and prayers and love of human beings. These things, of themselves, are too weak and compromised to make peace, to sustain the loving relation of God with creation; so they are borne along by the one action that truly and eternally makes peace, the self-giving of the Word. In all this, we can perhaps see why and how the Eucharist is the central identifying act of the Church, simply because it is where our action towards God is taken up in God's action towards God; where the making our own of Christ's prayer at his table opens us up to receive Christ's life so that our own self-offering may be anchored afresh in his. For this to happen in the ministerial life, there must be skill and willingness and space for at least three things. **The priest has to be free to be a lookout, an interpreter, and a weaver.**

***The priest must first of all be free to see.*** The language of the Hebrew Scriptures about the prophet as watchman (as in Habakkuk and Ezekiel) comes into its own here. The minister who has to tell the Church what and where it is must be free to see what and where it is. The entire point of being on watch is that you have the chance of seeing what others don't-not as a visionary privilege, but as a weighty and sometimes intensely painful responsibility undertaken for the sake of the whole community. The priest has to have the opportunity of not being so swamped with 'duties' that he or she can't maintain a sense of the whole landscape. And this works both negatively and positively. Negatively, it has to do (as in Ezekiel) with seeing the unwelcome relations of cause and effect over time, seeing what behaviours and habits erode the integrity of God's people. **The priest has to be beyond cliche, challenging the obvious and consoling stories people may tell so as to see the real faultlines. 'The Church is declining', say some people, 'because of too much accommodation to the modern world'; 'no', say other, 'the Church is declining because of too little accommodation to the modern world'. The good priest will want to say no to both these bromides and turn to other kinds of reasoning.** What if the weakness of the Church is to do with a range of neutral and irreversible social factors, or to do with a climate of anxiety and joylessness? The effective and faithful priest is a witness to how Christ's offering takes up what is ours to make it a gift to God; if 'what is ours' is not the focus of patient and truthful attention, if the human complexity of what Christ came to share is not grasped, how can it be brought fully into the landscape of his sacrifice so that it can be transfigured?

**This 'seeing', then, has to involve a fair bit of literacy about the world we are in-literacy about our culture, about how our contemporary emotions and myths work, about the human heart.** The priest's obligation to maintain such literacy is not just to do with the need to speak to people in the language they understand, in a missionary context; it is grounded in the need to show believers the world they live in the help them to respond not instantly or shallowly but with truthfulness and discernment. There has to be in every priest just a bit of the poet and artist-enough to keep alive a distaste for nonsense, cheapness of words and ideas, stale and predictable reactions. And this is a crucial part of being visibly a sign of what and where the Church is, the Church which is called to live 'in' the truth. **So for the priest there is an urgent practical responsbility not to be so driven by what present themselves as duties and tasks that there is no time for this sort of education of seeing and listening, maintaining literacy in human reality. Along with whatever training to lead and manage that may be given in preparation for priestly ministry, along with instruction in theology and ethics, there must be active encouragement to nourish this seeing and listening,** the novel and the newspaper and the casual conversation-even when it looks like wasting time from some points of view.

> One of the painful things priests (not to say bishops and archbishops) have to hear is two parties expressing with equal anger and grief the sense that the other is always the favoured one, that they are powerless victims.

***And this leads into the second responsbility, that of being an interpreter***-by which I mean not primarily someone who interprets culture to and for the Church or interprets the Church's teaching to the world outside, but someone who has the gift of helping people make sense to and of each other. Communities, in spite of the

sentimental way we sometimes think of them, don't just happen. They need nurture, they need to be woven into unity. If the unity of the Church is not that of a mass of individuals with a few convictions in common but that of a differentiated organism where the distinctiveness of each is always already in play, then for the Church to be consciously itself, it needs people to see and show how diversity works together. Sometimes this is a role of active co-ordination, drawing out gifts and deploying them, sometimes it is helping some people see that what others do is bound up with what they themselves do. It is articulating why different styles of mission and service serve each other-and sometimes articulating why different styles are harming or subverting each other. Interpretation can be involved with discipline and warning as well as harmonisation. Put more theologically, it is about helping believers to see Christ in one another. The interpretative work of the priest looks first at how to uncover for one person or group the hidden gift in another-especially when the first impression is one of alienness and threat. The priest is the instrument by which God's generosity is laid bare, and thus by which generosity becomes possible for believers. Of course, it can turn into a sort of sentimentality. But the task of actually showing Christ is harder-showing not a generalised acceptability in another person and producing a generalised tolerance, but showing the specific challenges and graces of the real Jesus, and producing a specific gratitude. So the priest has to ask, where in this life and witness is the healing and absolving of Jesus, where is the summons of Jesus to penitence, where is the bearing of the cross, where is the resurrection? **In the context of conflict within the church, local or global, the priest as a human participant charged with making particular decisions, may have to take sides at some points; but before and beyond that, the priest has to remind everyone involved of what and where they are, and so of the expectation that, if the Church is what it claims, Christ will be visible on both sides in certain ways.**

This can also involve showing people the suffering Christ in each other. One of the painful things priests (not to say bishops and archbishops) have to hear is two parties expressing with equal anger and grief the sense that the other is always the favoured one, that they are powerless victims. The liberal and the traditionalist will give an uncanny echo to each other as each insists that their pain and anxiety are ignored by the powerful opposition who control everything. So that before further battle is joined, there is a role for the priest in enjoining a pause to ask, 'Can I see not only my suffering but the other's? Can I see the cross not in my experience but in theirs'? Put it bodly: the priest sometimes has to speak not only as parent to the prodigal son, but as parent to the elder brother who can only see his brother's forgiveness as his own humiliation and loss.

And it is in interpreting people, especially believing people, to each other at this level that ***the priest has to act as the 'weaver' of communal life.*** The Church is a variegated body, not a chaotic mass trying to apportion jobs; but it still needs a kind of orchestrating in order to show the activity of the one Christ in the diverse roles and functions and gifts being exercised. This is what the priest's leadership in public worship and sacramental life makes visible: the Romanian theologian, Dumitru Staniloae, wrote that the priest's role was to 'assemble and concentrate' the Christian people at prayer. When the priest gives voice to the praying identity of Christians at the celebration of the Eucharist, our prayers are located where they need to be located, assembled and concentrated in the act of Christ. But the weaving, the building into differentiated unity that the priest is committed to, does not stop with the celebration of t he Eucharist-though everything else done will take its energy and urgency from that. The priestly task is a making of connections at many levels. Paul tells us that Christ's is a ministry of reconciliation, and that we have to realise in our relations with each other that peace which Christ has made for us with God. The preist may simply be connecting persons-bringing the alienated to meet each other, peacemaking in the individual or the collective context, addressing racial and social conflict, listening to the tensions over justice between men and women. **The priest may be connecting visions and ideas-building bridges between the gospel and human concerns, working as an apologist who seeks to make faith humanly compelling.**

To be a lookout, telling unwelcome truths, you have to ask what sort of things make a trustworthy person. And one possible answer is that faithfulness is something that renders a man or woman trustworthy, the willingness to be consistent and patient. It can be the willingness to stick with a situation of dis-ease and conflict, and not look for a quick and false solution. But faithfulness applies, even more importantly, to the formation of personal discipline. Does our personal rhythm of prayer and study show the marks of patience, persistence, healthy scepticism about hasty expectations? Does it move on deep tides, able to hold still in periods of frustrated or numb feeling, unafraid of silence? This should be the most secret aspect of the ordained life in many ways; but somehow, mysteriously, I think that believing people get a sense of whether a priest's life of prayer is or isn't characterised by this sort of steadiness, the long breaths for the long haul. It is this familiarity with

*(Contd. on Page 10)*

There was once a christian lady who had to do a lot of flying for her business. But flying made her nervous and so she always took her Bible along with her and it helped her relax. Once she was sitting next to a man. After a while, he turned to her and asked : "You don't really believe all the stuff in the Bible, do you?" The lady replied, 'Of course, I do'. He said, "Well, what about that guy who was swallowed by the whale?". She replied, 'Oh, Jonah. Yes, I believe that'. He asked, "Well, how do you suppose he survived all the time inside the whale?" The lady said, "Well, I don't know. When I get to heaven, I will ask him. "What if he isn't in heaven?", the man said sarcastically. 'Then you can ask him', replied the lady.

# എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പുരീതി: പുനർവിചിന്തനമാവശ്യം

ഡോ. തോമസ് മാർ അത്താനാസ്യോസ്



മശിഹയുടെ പ്രതിപുരുഷനായി സഭാശുശ്രൂഷ നിർവഹിക്കേണ്ട അദ്ധ്യക്ഷനാണ് എപ്പിസ്കോപ്പ. അദ്ദേഹത്തിൽ കർത്താവിനെത്തന്നെയാണ് ഒരു വിശ്വാസി കാണുന്നത്. അതുകൊണ്ട് മശിഹയ്ക്കടുത്ത എല്ലാ സൽഗുണങ്ങളും സവിശേഷതകളും ഒരു ബിഷപ്പിനുണ്ടായിരിക്കണം. എപ്പിസ്കോപ്പയുടെ സഭാശുശ്രൂഷയിൽ ഭരണം കൂടി സമന്വയിച്ചിരിക്കുന്നതിനാൽ അതിനുള്ള അറിവും ആജ്ഞാശക്തിയും കാര്യശേഷിയും അദ്ദേഹത്തിൽ ഒത്തിണങ്ങണം. അനുദിനം പരിവർത്തനവിധേയവും സങ്കീർണ്ണവുമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിനനുസൃതമായി മൂല്യബോധം അടിയറ വയ്ക്കാതെ മാറ്റങ്ങൾ ഉൾക്കൊള്ളാനും ദിശാബോധം നൽകി ജനത്തെ നേർവഴി നയിക്കാനും ബിഷപ്പിനു കഴിയണം. എപ്പിസ്കോപ്പമാർ സഭാവിശ്വാസികളാൽ തിരഞ്ഞെടുക്കപ്പെടുന്ന പാരമ്പര്യമാണ് പൗരസ്ത്യ ഓർത്തഡോക്സ് സഭകൾക്കുള്ളത്. അപ്പോസ്തലിക കാലംമുതലുള്ള ഈ പാരമ്പര്യം അവരിന്നും പുലർത്തിപ്പോരുന്നു.

2004 ജൂൺ 10-ന് പരുമലയിൽ ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ അജണ്ടയിലെ മുഖ്യയിനം, മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് ഏഴു പേരെ തിരഞ്ഞെടുക്കുകയായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മൂവായിരത്തിലധികം പ്രതിനിധികൾ എത്തിച്ചേർന്നിരുന്നു. തിരഞ്ഞെടുപ്പു രംഗത്ത് പ്രത്യക്ഷപ്പെട്ട നാൽപ്പതോളം സ്ഥാനാർത്ഥികളിൽ നാലു പേർക്കു മാത്രമേ തിരഞ്ഞെടുക്കപ്പെടുന്നതിനാവശ്യമായ പിന്തുണ ലഭിച്ചുള്ളൂ. സ്ഥാനാർത്ഥികളുടെ അഭൂതപൂർവമായ ബാഹുല്യവും ആവശ്യമുള്ളത്രയെണ്ണം തിരഞ്ഞെടുക്കപ്പെടാതിരുന്നതും, സ്ഥാനാർത്ഥികൾ അവലംബിച്ച തിരഞ്ഞെടുപ്പു തന്ത്രങ്ങളും പ്രചാരണ രീതികളും ഈ വിഷയത്തിൽ ഒരു പുനർവിചിന്തനത്തിന്റെ ആവശ്യകത വിളിച്ചോതുന്നുണ്ട്. ഏഴു സ്ഥാനങ്ങളിൽ നാലിലേക്കെങ്കിലും ആളെ ലഭിച്ചതിനാൽ വലിയ നാണക്കേട് ഒഴിവായെന്നു പറയാം.

തിരഞ്ഞെടുപ്പിൽ ഏറ്റവും യോഗ്യരായവർ ജയിക്കണമെന്നാഗ്രഹിച്ച നിഷ്പക്ഷമതികളായ സഭാ സ്നേഹികളെ അസ്വസ്ഥരാക്കിയ ചില വസ്തുതകൾ കുറിക്കട്ടെ. ● തിരഞ്ഞെടുപ്പ് അതീവ ജനകീയമായിപ്പോയി. സ്ഥാനാർത്ഥികളും പാർശ്വവർത്തികളും വീടുതോറും കയറിയിറങ്ങി വോട്ടു ചോദിക്കുന്ന സാഹചര്യമുണ്ടായി. ● തിരഞ്ഞെടുപ്പുരംഗം ചൂടുപിടിച്ചതോടെ പണത്തിന്റെ ഒഴുക്കും സ്വാധീനവും എങ്ങും പ്രകടമായി. സഭാ നേതാക്കന്മാരും ലോബികളും തങ്ങളുടെ സ്ഥാനാർത്ഥികളെ ഔദ്യോഗിക പട്ടികയിൽ പെടുത്താൻ വ്യക്തിപരമായ സ്വാധീനം പ്രയോഗിച്ചുവെന്ന ആരോപണമുയർന്നു. ഇലക്ഷൻ പ്രക്രിയയിൽ സുതാര്യത നഷ്ടപ്പെട്ടു. ● രാഷ്ട്രീയത്തിൽപ്പോലും തിരഞ്ഞെടുപ്പു ദിനത്തിൽ പ്രചാരണം അനുവദിക്കുന്നില്ല. എന്നാൽ മെത്രാൻ തിരഞ്ഞെടുപ്പു വേദിയുടെ വെളിയിൽ കൊണ്ടുപിടിച്ച വോട്ടുപിടുത്തമായിരുന്നു. ● സ്വയം മഹത്വീകരണത്തിന്റെ നിറമുള്ള പ്രസ്താവനകളും അവകാശവാദങ്ങളും ഉൾക്കൊള്ളുന്ന ലഘുലേഖകൾ വഴി പ്രതിച്ഛായ മെച്ചപ്പെടുത്താനുള്ള ശ്രമം മിക്ക സ്ഥാനാർത്ഥികളിൽ നിന്നുമുണ്ടായത് ജനം ഒട്ടാകെ അവജ്ഞയോടെയാണു വീക്ഷിച്ചത്. ഈ ലഘുലേഖകളിൽ അർദ്ധസത്യ-അസത്യ പ്രസ്താവനകളും ചേർത്തിരുന്നു പോലും!

സഭയിൽ മേൽപ്പട്ടക്കാരുടെ തിരഞ്ഞെടുപ്പിൽ ഇത്തരം പ്രചാരണമാർഗ്ഗങ്ങൾ അവലംബിക്കുന്ന പ്രവണത ആശാസ്യമല്ല. അതിനാൽ നിലവിലുള്ള സമ്പ്രദായത്തെ അനുഭവങ്ങളുടെയും സഭാവിജ്ഞാനത്തിന്റെയും ദൈവിക ഇടപെടലിന്റെയും അടിസ്ഥാനത്തിൽ പരിഷ്കരിക്കേണ്ടതാവശ്യമാണ്. എങ്ങനെ ഇത്രയധികം സ്ഥാനാർത്ഥികൾ രംഗത്തുവന്നു? കൃത്യമായ യോഗ്യതാ മാനദണ്ഡങ്ങൾ കണ്ടെത്താതിരിക്കുകയും തിരഞ്ഞെടുപ്പു പ്രക്രിയയിൽ വേണ്ടത്ര സുതാര്യത ഇല്ലാതെ വരികയും ചെയ്ത പശ്ചാത്തലത്തിലാണ് സ്ഥാനാർത്ഥികളുടെ വേലിയേറ്റം അനുഭവപ്പെടുന്നത്. സ്ഥാനാർത്ഥികളുടെ പൊതുവിദ്യാഭ്യാസം, വേദശാസ്ത്ര വിദ്യാഭ്യാസം, മാനസികവും ശാരീരികവുമായ ആരോഗ്യനില, സഭയിലും സമൂഹത്തിലും നല്ല സാക്ഷ്യം, കുടുംബ-സാമൂഹ്യഅംഗീകാരം, ഭരണരംഗത്തെ പ്രാവീണ്യം, വളർച്ചയും പക്വതയുമാർജ്ജിച്ച വ്യക്തിത്വം, പുരോഗമനചിന്ത, എക്യൂമെനിക്കൽ വീക്ഷണം, പൊരുത്തപ്പെടലിനും പ്രതികരണത്തിനുമുള്ള ശേഷി എന്നിവ സംബന്ധിച്ച് കർശനമായ വിലയിരുത്തലുകൾ ഉണ്ടാകേണ്ടതായിരുന്നു.

സ്ഥാനാർത്ഥികളെ സംബന്ധിച്ച പരാതികൾ പഠിക്കാനും അന്വേഷണങ്ങൾ നടത്താനുമുള്ള സംവിധാനമുണ്ടാകണം. സ്ഥാനാർത്ഥികളെ സൂക്ഷ്മവും വിശദവുമായി പഠിക്കുന്നതിനും നിഷ്പക്ഷമായി വിലയിരുത്തുന്നതിനും സാധിക്കണം. ആരോപണങ്ങൾ പൊതുജനമധ്യത്തിൽ ഉന്നയിക്കപ്പെടുന്ന സാഹചര്യമുണ്ടാകരുത്. പണപരമായ ക്രമക്കേടുകൾ, സ്വഭാവവൈകൃതങ്ങൾ, പെരുമാറ്റ ദൂഷ്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച് മുൻകൂട്ടി അന്വേഷണങ്ങൾ നടത്തി സ്ഥാനാർത്ഥികളെ നിർണ്ണയിക്കുന്ന രീതിയായിരുന്നെങ്കിൽ തിരഞ്ഞെടുപ്പു പ്രക്രിയ കൂടുതൽ വിശ്വാസ്യത നേടുമായിരുന്നു. സ്ഥാനാർത്ഥി നിർണ്ണയത്തിൽ ശരിയായ മാനദണ്ഡങ്ങൾ നിജപ്പെടുത്തുക, വിജയസാധ്യതയുള്ളവരെ സംബന്ധിച്ച് ശരിയായ വിലയിരുത്തൽ നടത്തുക, പരാതികൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുക, യോഗ്യരായവരെ വിദഗ്ദ്ധവും നിഷ്പക്ഷവുമായ രീതിയിൽ കണ്ടെത്തി ജനങ്ങൾക്കു പരിചയപ്പെടുത്തുക-ഇതെല്ലാം സഭാ നേതൃത്വത്തിന്റെ ഉത്തരവാദിത്തത്തിൽ സുതാര്യമായ രീതിയിൽ നടക്കുന്ന പക്ഷം ഇപ്രാവശ്യം സംഭവിച്ച വിധം ഇത്രയധികം സ്ഥാനാർത്ഥികൾ രംഗത്തു വരികയില്ല. ഇതുപോലെ വികൃതമായ തിരഞ്ഞെടുപ്പു പ്രചാരണം നടക്കുകയുമില്ല.

എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ് സമഗ്രമായ പഠനത്തിനും സംവാദത്തിനും യുക്തമായ തീരുമാനങ്ങൾക്കും വിഷയമാകേണ്ടതാണ്. പല തലങ്ങളിൽനിന്ന് ഈ വിഷയത്തെ വീക്ഷിക്കേണ്ടതും വിലയിരുത്തേണ്ടതുമാണ്. തിരഞ്ഞെടുപ്പ് അടുത്തുവരുമ്പോൾ മാത്രം അതിന്റെ പരിഷ്കരണത്തെപ്പറ്റി ആലോചിച്ചാൽ പോരാ. ഇപ്പോൾ നിലവിലിരിക്കുന്ന തിരഞ്ഞെടുപ്പു രീതിയിലെ അപാകതകൾ തിരിച്ചറിയാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും വരുംകാല തിരഞ്ഞെടുപ്പുകൾ അന്യൂനവും നിരാക്ഷേപകരവുമായി നടത്തുവാനുമുള്ള പരിഷ്കാരങ്ങൾക്ക് ഈ കത്ത് പ്രചോദനമാകുമെന്ന് കരുതുന്നു.

*(മെത്രാപ്പോലീത്തയുടെ കത്തിലെ പ്രസക്തഭാഗങ്ങളാണ് ഇവിടെ ചേർത്തിരിക്കുന്നത്. കടപ്പാട് : ഡയോസിസൻ ബുള്ളറ്റിൻ)* ●

## മനുഷ്യൻ എന്ന വ്യതിരേകം (പേജ് 4 തുടർച്ച)

ത്തിന്റെ കാര്യമാണോ ഇവിടെ പറയുന്നത്? അതും പോരാ, കാരണം, പ്രാണികൾക്കെല്ലാമുള്ളതാണ് പ്രാണൻ. പ്രാണൻ പോയാൽ പിന്നെ പിണ്ഡമാണുള്ളത്; അതു പ്രാണിയല്ല. ഇക്കാര്യത്തിൽ പൂച്ചയും പുൽച്ചാടിയും മനുഷ്യനും തമ്മിൽ എന്തു ഭേദം? ഈ പ്രാണൻ ഉണ്ടാകാൻ വേണ്ടി ദൈവം മനുഷ്യന്റെ മൂക്കിൽ ജീവശ്വാസം ഊതേണ്ട കാര്യമില്ല. ഇത്തരത്തിലുള്ള ഒരു ആഖ്യാനക്രമം സ്വീകരിക്കുമ്പോൾ മനുഷ്യന്റെ അനന്യദത്തമായ പദവിയാണ് ബൈബിൾ ചൂണ്ടിക്കാണിക്കുന്നത്. മൺമയമായ മർത്യശരീരത്തിൽ ആ ശരീരത്തെയും അതിന്റെ വാസനകളെയും അഭിനിവേശങ്ങളെയും അതിവർത്തിക്കുന്ന ദൈവത്തിന്റെ തന്നെയായ ആത്മാവ് സന്നിഹിതമായിരിക്കുന്നുവെന്ന് സൗമ്യമധുരമായി പറയുകയാണ് ഇവിടെ. നൂറായിരം നൂലാമാലകളിൽ കുരുങ്ങി ഈ മണ്ണിൽ ഇഴയുന്ന ഈ പുഴുവിന് ഈ ശരീരം വച്ചുകൊണ്ടു തന്നെ വായുമണ്ഡലത്തെ ലക്ഷ്യമാക്കി പറക്കാനും കഴിയും. നക്ഷത്രങ്ങളെ നോക്കി ഈ പുഴു പറക്കുന്നുവെന്ന് കുമാരനാശാൻ. സ്വന്തം ജീവിതത്തെ ഭൗതികാതിവർത്തിയാക്കാൻ മനുഷ്യനു മാത്രമേ കഴിയൂ. ദൈവത്തിന്റെ ആത്മാവ് ഉള്ളിൽ വസിക്കുന്നവൻ ജഡികനല്ലെന്ന് വിശുദ്ധ പൗലോസ് റോമാസഭയ്ക്ക് എഴുതി.

3. മറ്റു ജീവജാലങ്ങളുടെ മേൽ മനുഷ്യന് കോയ്മ നല്കിയത് ഈ സവിശേഷതയാലാണ്. പക്ഷേ, ഇത് മനുഷ്യനു പെരുമ നടിക്കാൻ വേണ്ടി കൊടുത്തതല്ല. അങ്ങനെ വിചാരിച്ചവരെക്കൊണ്ട് നിറഞ്ഞതാണ് ചരിത്രം. അവരാണ് ലോകത്തിലേക്കു നിലവിളി കൊണ്ടുവന്നത്; അവരാണ് ലോകത്തിൽ മനുഷ്യരക്തമൊഴുകാൻ ചാലുകളുണ്ടാക്കിയത്; അവരാണ് ജീവിതത്തിനുമേൽ അവമതിയുടെ കളങ്കം പതിച്ചത്; അവരാണ് നരകത്തിലേക്കുള്ള വഴി കണ്ടുപിടിച്ചത്. ദൈവസൃഷ്ടമായ ഈ ലോകത്തെ ദൈവത്തിന്റെ കണ്ണുകൊണ്ടു വേണം നോക്കാനെന്നാണ്, അങ്ങനെ നോക്കാനേ മനുഷ്യന് അവകാശമുള്ളുവെന്നാണ്, മനുഷ്യൻ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനാണ് എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്. ഏദൻ തോട്ടം കാക്കാനാണ്, കൊള്ളയടിച്ചു സുഖിക്കാനല്ല മനുഷ്യനെ ഏല്പിച്ചത്.

"ഒന്നല്ലി നാമയി സഹോദരരല്ലി?
പൂവേ!
ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം?"

എന്ന് നിരന്തരം ഓർത്തിരിക്കാൻ മനുഷ്യൻ ചുമതലപ്പെട്ടിരിക്കുന്നു. ഒരു പൂവ് ഇറുത്തെടുക്കുമ്പോൾ, ഒരു ആട്ടിൻകുട്ടി തുള്ളിച്ചാടുന്നതു കാൺകെ അതിന്റെ മാംസത്തിന്റെ രുചിയോർത്ത് വായിൽ വെള്ളമൂറുമ്പോൾ, മനുഷ്യന്റെ കണ്ണ് ദൈവത്തിന്റേതല്ലാതാകുന്നു, അത് മറ്റാരുടേതോ ആകുന്നു.

"നിന്നെ കൊന്നവർ കൊന്നൂ പൂവേ
തന്നുടെ തന്നുടെ മോക്ഷത്തെ" എന്ന് മഹാകവി അക്കിത്തം.

മനുഷ്യൻ ദൈവസദൃശനാണെങ്കിൽ ദൈവത്തെ കാണാൻ മനുഷ്യനെ നോക്കിയാൽ മതി. അഖിലാണ്ഡത്തിന്റെ ഉടയവനിലേക്കുള്ള വഴി അയൽക്കാരനിലൂടെയാണ്; അപരനിലൂടെയാണ്. അപരനെ സ്നേഹിക്കാത്തവന് ദൈവത്തെയും സ്നേഹിക്കാൻ കഴിയുകയില്ല. മാമ്രേയുടെ ഓക്മരങ്ങൾക്കു സമീപത്ത് വിശ്രമിച്ചുകൊണ്ടിരുന്ന അബ്രഹാമിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട മൂന്നു പുരുഷന്മാരിൽ അദ്ദേഹം ദൈവത്തെ കണ്ട് സൽക്കരിക്കാൻ ഉത്സാഹിക്കുന്ന കഥ ഉത്പത്തിയിൽ തന്നെയാണു വിവരിച്ചിരിക്കുന്നത്. അയൽക്കാരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കുക എന്ന കല്പനയ്ക്ക് ബൈബിൾ നല്കുന്ന പ്രാധാന്യം ശ്രദ്ധേയമാണ്. പരമപ്രധാനമായ കല്പനകൾ രണ്ടാണെന്ന് യേശു പറഞ്ഞു. കർത്താവായ ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും കൂടി സ്നേഹിക്കുക; അയൽക്കാരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കുക. ന്യായപ്രമാണവും പ്രവാചകന്മാരും ഈ കല്പനകളിൽ അടങ്ങിയിരിക്കുന്നുവെന്നാണ് യേശു പഠിപ്പിച്ചത്. ദൈവത്തോടുള്ള സ്നേഹവും വിശ്വസ്തതയും തന്റെ തന്നെ സത്തയോടുള്ള സ്നേഹവും വിശ്വസ്തതയുമാണ്. താൻ സംവഹിക്കുന്ന ദൈവസാദൃശ്യം തന്നെയാണ് അപരനിലുമുള്ളത്. അപ്പോൾ സഹോദരനെ സ്നേഹിക്കുമ്പോൾ ദൈവത്തെ സ്നേഹിക്കുന്നു; അവനവനെ സ്നേഹിക്കുന്നു. അപരനെ സ്നേഹിക്കുമ്പോൾ സ്വന്തം സത്തയുടെ പൂർണ്ണതയിലേക്കാണ് യാത്ര ചെയ്യുന്നത്! അപരൻ നരകമാണ് എന്ന ചിന്തയുടെ വിപരീതധ്രുവത്തിലാണ് ബൈബിൾ അതിന്റെ ദർശനം പ്രതിഷ്ഠിക്കുന്നത്.

ലോകസ്ഥാപനത്തിനു മുമ്പേ പുത്രൻ ഉണ്ടായിരുന്നുവെന്നും ഉളവായതെല്ലാം അവൻ മുഖാന്തരം ഉണ്ടായതാണെന്നും പുതിയനിയമത്തിൽ നാം വായിക്കുന്നു. ദൈവത്തിന്റെ സ്നേഹഭാവത്തിന്റെ ആളത്തമാണ് പുത്രൻ. അതുകൊണ്ട്, പുത്രൻ മുഖാന്തരമാണ് സൃഷ്ടി എന്നു പറയുമ്പോൾ അർത്ഥം ദൈവത്തിന്റെ സ്നേഹകാരുണ്യങ്ങളാണ് സൃഷ്ടിക്കു നിദാനമെന്നാണ്. സ്നേഹകാരുണ്യങ്ങളാൽ ആർദ്രമായ കണ്ണുകൊണ്ടു വേണം മനുഷ്യൻ എല്ലാറ്റിനെയും നോക്കാൻ. അവന്റെ മുമ്പിൽ എല്ലാ സൃഷ്ടികളും നിരക്കുന്നു; അവയ്ക്കെല്ലാം അവൻ പേരിട്ടു; അവൻ വിളിച്ചത് അവയ്ക്കു പേരുമായി. ഇങ്ങനെ, താൻ അറിഞ്ഞതിനെയെല്ലാം ജീവനുള്ളതായാലും ജീവനില്ലാത്തതായാലും, സ്നേഹിക്കാനും കാത്തു പരിപാലിക്കാനുമുള്ള ചുമതല മനുഷ്യനിൽ അർപ്പിതമായി. അറിവിന്റെ മണ്ഡലം വികസിക്കുമ്പോൾ സ്നേഹത്തിന്റെ വലയം വലുതാവുകയാണ്. സൃഷ്ടിയിൽ വ്യാപരിച്ച ദിവ്യമായ സ്നേഹഭാവം മനുഷ്യനിലൂടെ നിരന്തരം സ്പന്ദിച്ചുകൊണ്ടിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. എപ്പോഴാണോ ആ കണ്ണു തെറ്റിയത്, എപ്പോഴാണോ മറ്റൊരു തരത്തിൽ ലോകത്തെ നോക്കാൻ മനുഷ്യൻ തുനിഞ്ഞത്, അപ്പോൾ സ്വർഗ്ഗീയ ശാന്തി തകർക്കാൻ പാപം ഇഴഞ്ഞെത്തി.

**'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നു പ്രാർത്ഥിക്കാൻ യേശു ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ മനുഷ്യന്റെ പുത്രത്വം സുസ്ഥാപിതമാവുക മാത്രമല്ല ചെയ്തത്; ദൈവം സൃഷ്ടിച്ചവയെല്ലാം സഹോദരങ്ങളാണെന്നും ആ സാഹോദര്യത്തിന്റെ വിശുദ്ധദൃഷ്ടിയിൽ ലോകത്തെ കാണണമെന്നും, ആ കാഴ്ചയിലാണ് പുത്രത്വം സ്ഥാപിതമാകുന്നതെന്നും കൂടിയാണ് പഠിപ്പിച്ചത്. അത് അറിഞ്ഞുകൊണ്ടാണോ നാം ഈ പ്രാർത്ഥന ഉരുവിടുന്നത്? അത് അറിയുകയും അത്രകനത്ത ഉത്തരവാദിത്വം വയ്യ എന്ന് തീരുമാനിക്കുകയും ചെയ്തിട്ടാണോ എന്തോ, ചില വിശ്വാസസമൂഹങ്ങൾ ഈ പ്രാർത്ഥന വേണ്ടെന്നു വച്ചത്!**

*(തുടരും)*

The strong man at a circus show squeezed the juice from a lemon held between his hands. He then said to the audience, 'I will offer $ 200 to anyone in the audience who can squeeze another drop from this lemon'. A scholarly woman came forward, picked up the lemon, strained hard and managed to get a drop. The strong man was amazed. He paid the woman and asked, **'What is the secret of your strength?'**

**"Practice,"** the woman answered. **"I was the Treasurer of a Lutheran Church for the last thirty two years!"**

One day a discussion was focussed on St. Francis of Assissi in a Sunday School class. After school, a boy came home all excited and blurted out to his mother, "Guess what, Mummy? I learned in school that **St. Francis was a Sissy!"**

# നമുക്കും വേണ്ടേ ഒരു തോക്ക്



ഫാദർജി

'വെളുപ്പാൻ കാലത്ത് വീടിന്റെ പുറകിലെ ഓട് പൊളിച്ച് അതിക്രമിച്ചു കടന്ന ഭർത്താവിനെയും മകനെയും കുത്തി പരുക്കേൽപ്പിച്ച കവർച്ച സംഘത്തെ പിറകിൽ നിന്നും കോടാലിക്ക് വെട്ടി വീട്ടമ്മ എതിരിട്ടു.' - *വാർത്ത.*

'മഠത്തിൽ അതിക്രമിച്ചു കയറിയ മോഷ്ടാവിനെ കന്യാസ്ത്രീകൾ വെടിവച്ച് കൊന്നു. സെൻട്രൽ കൊളംബിയയിലെ റോമൻ കത്തോലിക്കാ മഠത്തിൽ രാത്രി കയറാൻ ശ്രമിച്ച മോഷ്ടാവാണ് വെടിയേറ്റു മരിച്ചത്. പ്രതികളായ രണ്ടു കന്യാസ്ത്രീകളെയും ജാമ്യത്തിൽ വിട്ടു. മുമ്പ് ഏഴു തവണ ഈ മഠത്തിൽ മോഷണശ്രമം നടന്നിരുന്നു. ഇതേത്തുടർന്ന് കന്യാസ്ത്രീകൾ സ്വയം നൈറ്റ് പെട്രോളിംഗ് നടത്തുകയായിരുന്നു. പ്രാദേശിക സേനാ കമാൻഡർമാരാണ് ഇവർക്ക് തോക്കും ലൈസൻസും നൽകിയത്' - *വാർത്ത.*

രാജ്യം ഭരിക്കുവാൻ നേതാക്കന്മാർ കൊട്ടക്കണക്കിനുണ്ടെങ്കിലും നമുക്ക് സമാധാനത്തോടെ കിടന്നുറങ്ങുവാൻ പറ്റുന്നില്ല. മനുഷ്യ ബോംബുകൾ, കുഴി-പ്ലെയിൻ -ട്രെയിൻ- ബസ് ബോംബുകൾ തുടങ്ങിയവ എപ്പോൾ എവിടെയാണ് പൊട്ടുന്നതെന്ന് മന്ത്രിക്കോ പൊലീസിനോ പറയുവാൻ പറ്റുന്ന കാര്യമല്ല. മുഖംമൂടി സാറന്മാർ രാത്രിയിൽ വാതിലിൽ മുട്ടി വിളിച്ചെഴുന്നേൽപ്പിച്ച് പണ്ടങ്ങളും പണസഞ്ചിയുമെടുക്കാൻ പറയുമ്പോൾ ടെലിഫോണെടുത്ത് പൊലീസിനെ വിളിച്ചിട്ടൊന്നും കാര്യമില്ല. സന്ധ്യയാകുന്നതിനുമുമ്പു തന്നെ ഫോൺ ഊരിയിട്ട് വാതിലും കുറ്റിയിട്ട് കാക്കിയും പുതച്ച് അവർ ഉറങ്ങിയിരിക്കും. സാധാരണക്കാരേക്കാൾ ജീവനിൽ കൊതിയുള്ള വർഗ്ഗമാണ് പൊലീസേമാന്മാർ. മന്ത്രിക്കും തന്ത്രിക്കും അകമ്പടിയും ആലവട്ടവുമുണ്ട്. വെറും ദരിദ്രപ്പച്ചകളായ നമ്മുടെ ജീവൻ രക്ഷിക്കാനാരുണ്ട്? ജീവനും സ്വത്തിനും സുരക്ഷിതത്വം വേണമെങ്കിൽ തോക്കെടുത്തേ മതിയാവൂ എന്നാണ് സിസ്റ്റേഴ്സ് നമുക്ക് പറഞ്ഞുതരുന്ന സുവിശേഷം. അല്ലെങ്കിൽ, വീട്ടമ്മയുടെ കോടാലി.

അയ്യോ! ക്രിസ്ത്യാനികൾ ആയുധമെടുക്കുകയോ? അതിലെന്താണ് സുഹൃത്തേ ഇത്ര ഞെട്ടാൻ. ലോകത്തിലെ ക്രിസ്തീയ രാഷ്ട്രങ്ങളിൽ തോക്കില്ലേ? ബോംബില്ലേ? യുദ്ധമില്ലേ? കഴിഞ്ഞ കാർഗിൽ പൂരം നടന്നപ്പോൾ ധീരജവാന്മാർക്കുവേണ്ടി പള്ളികളിൽ നമ്മൾ ലുത്തിനിയ നടത്തിയില്ലേ? പാക്കിസ്ഥാൻ സഹോദരങ്ങൾക്കെതിരെ നിറയൊഴിക്കുന്ന ജവാന്മാരുടെ കൈകൾക്ക് കരുത്തേകുവാനായിരുന്നില്ലേ 'സ്വർഗസ്ഥനായ പിതാവേ' ചൊല്ലി പ്രാർത്ഥിച്ചത്. മിനിമം ഒരു മാരകായുധമെങ്കിലുമില്ലാത്ത അരമനകളുണ്ടോ? എതിർകക്ഷികളുടെ പള്ളി കയ്യേറാൻ കുരിശുയുദ്ധത്തിന് വിശ്വാസികളെ നയിക്കുന്ന ഇടയൻസിന്റെ കോട്ടിനുള്ളിൽ ഒരു വെടിയ്ക്കെങ്കിലുമുള്ള മരുന്നുണ്ടാവില്ലേ? സത്യവിശ്വാസം കാക്കുവാൻ തലേക്കെട്ടുമായിറങ്ങിയിരിക്കുന്ന വിശ്വാസികൾ കയ്യിൽ പടവലങ്ങയും ബൈബിളുമല്ലല്ലോ പിടിച്ചിരിക്കുന്നത്? ക്രൂസേഡ് മുതൽ ക്രിസ്ത്യാനികൾ സർവായുധ വർഗ്ഗമായി മാറി. സ്നേഹം, കരുണ, ആർദ്രത തുടങ്ങിയവ വെറും പ്രസംഗ വിഷയങ്ങളും. നിന്നു പൊറുക്കണമെങ്കിൽ ആയുധമെടുക്കണമെന്ന് അന്നുമുതൽ വിശ്വാസികൾ പഠിച്ചു. ഇന്നും സാധാരണക്കാരന്റെ ജീവന് ഉറപ്പു കൊടുക്കുവാൻ സഭയ്ക്കോ സർക്കാരിനോ കഴിയുമോ? ആ സ്ഥിതിക്ക് നമുക്ക് തോക്കെടുത്തേ മതിയാവൂ.

എല്ലാവരും തോക്കെടുത്താൽ കലാപമാവില്ലേ?

ഇല്ല. സമാധാനത്തിനുള്ള ഏകവഴി അതുമാത്രമാണ്. പാക്കിസ്ഥാനും ഇന്ത്യയും 'ആണവ ഗുണ്ട്' നിർമ്മിച്ചപ്പോൾ രണ്ടുകൂട്ടർക്കും പേടിയായി, ബഹുമാനമായി. എല്ലാവരുടെയും കയ്യിൽ തോക്കുണ്ടെങ്കിൽ വെറുതെ വിരട്ടാമെന്ന തോന്നൽ മാറിക്കിട്ടും. ജനങ്ങളുടെ ജീവന് ഉറപ്പു കൊടുക്കുവാൻ ഗവൺമെന്റ് പരാജയപ്പെടുന്നതുകൊണ്ട് മാവേലി സ്റ്റോർവഴി ഓരോ പൗരനും സൗജന്യമായി ഓരോ തോക്കും അത്യാവശ്യം 'ഉണ്ടകൾ' റേഷൻ വിലയ്ക്കും വിതരണം ചെയ്യുക. സിക്കുകാർക്ക് കൃപാൺ കൊണ്ടു നടക്കാമെങ്കിൽ നമുക്കൊരു കൊച്ചു തോക്കായിക്കൂടേ? തോക്കു നിർമ്മാണം കുടിൽ വ്യവസായമാക്കുകയോ തികയുന്നില്ലെങ്കിൽ ബോഫോഴ്സ് വഴി ഇറക്കുമതി ചെയ്യുകയോ ആവാം. അദ്ധ്യാപകർ, ഡോക്ടർമാർ, മാതാപിതാക്കൾ തുടങ്ങിയവരുടെ തൊഴിൽമേഖല വളരെ റിസ്കുള്ളതായതിനാൽ ഒന്നോ രണ്ടോ തോക്ക് അനുവദിച്ച് ഉത്തരവാകേണ്ടതാണ്. പട്ടക്കാർക്കും മേൽപ്പട്ടക്കാർക്കും വെഞ്ചരിച്ച തോക്കുപയോഗിക്കുവാൻ ഭരണഘടന ഭേദഗതി ചെയ്യണം. ദൈവത്തെ പേടിക്കണ്ട, സമ്മതിച്ചു. പക്ഷേ പിറകിൽ നിൽക്കുന്ന മുട്ടാടുകളും പള്ളാടുകളും മുക്രയിട്ടു വരുമ്പോൾ 'പ്രെയ്സ് ദ ലോർഡ്' പറഞ്ഞാൽ മതിയോ? സാധാരണക്കാരന്റെ കൈയിൽ തോക്കുള്ളപ്പോൾ ഗവൺമെന്റ് ബസ് നിർത്താതെ പോകില്ല, പൊലീസ് സ്റ്റേഷ

എല്ലാവരുടെയും കയ്യിൽ തോക്കുണ്ടെങ്കിൽ വെറുതെ വിരട്ടാമെന്ന തോന്നൽ മാറിക്കിട്ടും. ജനങ്ങളുടെ ജീവന് ഉറപ്പു കൊടുക്കുവാൻ ഗവൺമെന്റ് പരാജയപ്പെടുന്നതുകൊണ്ട് മാവേലി സ്റ്റോർവഴി ഓരോ പൗരനും സൗജന്യമായി ഓരോ തോക്കും അത്യാവശ്യം 'ഉണ്ടകൾ' റേഷൻ വിലയ്ക്കും വിതരണം ചെയ്യുക. സിക്കുകാർക്ക് കൃപാൺ കൊണ്ടു നടക്കാമെങ്കിൽ നമുക്കൊരു കൊച്ചു തോക്കായിക്കൂടേ?

നിൽ മാന്യമായ പരിഗണന ലഭിക്കും, ഗവൺമെന്റ് ഓഫീസിൽ കൈക്കൂലി ചോദിക്കില്ല, ടെലിഫോൺ-ഇലക്ട്രിസിറ്റി ജോലിക്കാർ മാന്യരാകും. വോട്ടറുടെ കയ്യിൽ തോക്കിരിക്കുമ്പോൾ ഏതു നേതാവാണ് കാലുമാറുക? വർഗ്ഗീയ ലഹളകളിൽ കക്ഷികൾ തമ്മിൽ വെടിവയ്ക്കുന്നതുകൊണ്ട് പൊലീസിന് അമ്പയർ ആയി നിന്നാൽ മതി. ജുഡീഷ്യൽ അന്വേഷണം ഒഴിവാക്കാം. പൊതുസ്ഥലത്തും ബസിലും സ്ത്രീകളെ തോണ്ടുന്ന ഞരമ്പുരോഗികളും തണ്ണിയടിച്ച് ഭാര്യാപീഡനം നടത്തുന്ന ഭർത്താവു സാറന്മാരും എക്സ്ട്രാ ഡീസന്റാകും. പിൻബുദ്ധിക്കാരുടെ കയ്യിലിരിക്കുന്നതു തോക്കാണ്, കഞ്ഞിക്കൈലല്ല. മടിയിൽ തോക്കുമായി വരുന്ന ഉപഭോക്താവിന്റെ അടുത്ത് കരിഞ്ചന്ത-മായം ചേർക്കൽ പരിപാടിക്ക് ജീവനിൽ കൊതിയുള്ള വ്യാപാരി-വ്യവസായി ഏകോപന

സമിതിക്കാർ തയാറാവില്ല; തീർച്ച. വീട്ടിൽ പട്ടിയെ വളർത്തുകയോ സെക്യൂരിറ്റിയെ നിർത്തുകയോ വേണ്ട. 'തോക്കുണ്ട്, സൂക്ഷിക്കുക' എന്നൊരു ബോർഡു വച്ചാൽ മതി. അതിക്രമിച്ചു വരുന്ന സകല ഇഴജാതികൾക്കും പിന്നെന്തും സംഭവിക്കാമെന്നാണതിന്റെ അർത്ഥം. വെടിവയ്ക്കുവാൻ പ്രത്യേകിച്ചു പരിശീലനമാവശ്യമില്ല. രണ്ടു നിയമം മാത്രം ഓർത്തിരുന്നാൽ മതി. ഭീഷണിപ്പെടുത്തുവാൻ ആകാശത്തേക്കും, സ്വയരക്ഷ അപകടത്തിലാകുമ്പോൾ മാത്രം അരയ്ക്ക് കീഴ്പോട്ടും കാച്ചുക. വികലാംഗ പെൻഷനിൽ പെടുത്തി ശേഷം ഭാഗം ഗവൺമെന്റ് നോക്കിക്കൊള്ളും. പൊലീസ്, സൈന്യ, അർദ്ധസൈന്യവിഭാഗങ്ങളെ മുഴുവൻ പിരിച്ചുവിടും. പൊലീസ് സ്റ്റേഷനുകൾ 'മാർജിൻ ഫ്രീ' തോക്കുവിൽപന കടകളാക്കി മാറ്റാം. സ്വദേശി-വിദേശി നാണ്യമെത്ര ലാഭം! സൈന്യമില്ലാതായാൽ അതിരുമാന്തികളായ അയൽരാജ്യക്കാർ കുഴപ്പമുണ്ടാക്കില്ലേ? നൂറുകോടി ജനങ്ങൾ തോക്കും പിടിച്ചു നിൽക്കുമ്പോൾ ആരെന്തു ചെയ്യാനാണ്? കരയിലെ കാര്യങ്ങൾ ജനങ്ങൾ നോക്കിക്കൊള്ളും. വ്യോമ-നാവിക റൂട്ടുകൾ സംരക്ഷിക്കാനുള്ള കുത്തകപ്പാട്ടം ടെൻഡർ വിളിച്ച് 'ക്വൊട്ടോറോച്ചിയെ' ഏൽപ്പിച്ചാൽ അക്കാര്യവും ഭദ്രം.

ശത്രുക്കളെ സ്നേഹിക്കാനും കരണത്തടിക്കുന്നവന് 'നെക്സ്റ്റ് വൺ' കാണിച്ചു കൊടുക്കുവാനും പറഞ്ഞ ക്രിസ്തുവിന്റെ കക്ഷികൾ തന്നെ തോക്കെടുക്കുന്നത് ചിന്തിക്കാൻ പറ്റുന്നില്ലാട്ടോ. ഹെസക്കിയാ രാജാവിനുവേണ്ടി യെശയ്യാപ്രവാചകൻ 'റെക്കമെൻഡ്' ചെയ്തപ്പോൾ ദൈവം കയറൂരിവിട്ട സംഹാരദൂതൻ ഒരൊറ്റ രാത്രി കൊണ്ട് പണിക്കൂട്ട് തീർത്തത് 185,000 അസീറിയക്കാരെയാണ്. സ്നേഹത്തിന്റെ സുവിശേഷം മൂന്നുവർഷക്കാലം തകർത്തു പ്രസംഗിച്ച ക്രിസ്തുവിന് ഒടുവിലെങ്കിലും ചാട്ടവാറെടുക്കേണ്ടി വന്നു. ഒന്നാം പാത്രിയർക്കീസ് മൂന്നുവർഷക്കാലം ഉറയിലിട്ടു നടന്ന വാൾ ക്രിസ്തു കാണാതിരുന്നിട്ടുണ്ടാവില്ല. അന്ത്യ അത്താഴ സമയത്തും പത്രോസിന്റെ കൈയിൽ 'സാധനം' ഉണ്ടായിരുന്നിരിക്കണം. പത്രോസിന് ക്രിസ്തു കൊടുത്ത ഉപദേശം 'വാൾ ഉറയിലിടുക' എന്നാണ്, സാധനം ഉപേക്ഷിക്കുക എന്നല്ല. നമ്മുടെ തോക്ക് മടിയിലിരുന്നാൽ മതി. മെക്കിട്ടു കേറാൻ വരുന്നവർക്ക് മുന്നറിയിപ്പായി ഒരു തോക്ക് നിന്റെ ബാഗിലുമിരിക്കട്ടെ സഹോദരീ. പീസാകുന്നതുവരെ നമുക്ക് നിന്നു പിഴയ്ക്കണ്ടേ? ആത്മരക്ഷയോടൊപ്പം സ്വയരക്ഷയും നോക്കണ്ടേ? ●

## THE CHRISTIAN PRIEST TODAY *(Contd. from Page 6)*

the face of humanity and this fidelity in prayer that equips us for the most demanding aspect of the imterpreter's task. We can't uncover the face of Christ in people unless we have the habit of real attention to human faces in all their diversity-but also the habit of familiarity with the face of Christ. How do we recognise him, let alone help others to do so, if we are not spending time with that face, in the study of Scripture and in adoration and silence? Faithful and persistent looking into the face of Jesus is the essential condition for connecting people with each other; without that, all we can offer is human goodwill, human shrinking from the cost of conflict, our own limited skills of sympathy and listening. But if we try to remain familiar with Jesus, we believe that our listening and mediating has a sacramental dimension, mostly imperceptible to us, but real and energising. We are allowing some fuller reality into the situation, the reality in whose climate we live: the priestly mediation of Christ.

Weaving the community together, then, while it draws out all our psychological and personal skills, is finally the work of Christ and the Spirit. To know that is to be grateful; and it is gratitude that sustains us in the tension of our own holding and plaiting together of the strands of human and Christian variety. If our ministerial priesthood is making visible of what the Church is, it must be always referring itself to the action that makes and keeps it; if we know what that action really is, we shall be thankful. Surprisingly gratitude and theology belong together. Theology is supposed to let us know the depth and dimension of what has been done, the scale of the landscape we inhabit, so that we are less likely to see the Church as just a human association dependent upon skill, agreement and goodwill. Priests need detachment-not from human suffering or human delight, but from dependence on human achievement; and good theology offers training in such detachment, prompting us to keep our eyes on the landscape in its full scale. So the priest today needs a faithful and patient commitment in prayer and in work; a sense of the depth of the human heart, in good and ill, a certain three-dimensionality in understanding humanity; a patience with human diversity that is expressed by the willingness to keep looking at the

**Priests need detachment-not from human suffering or human delight, but from dependence on human achievement; and good theology offers training in such detachment, prompting us to keep our eyes on the landscape in its full scale.**

human face; a familiarity with the face of Jesus that enables him or her to recognise it even when it is hidden; a habit of gratitude and a level of detachment. But all of this relates in one way or another to having a theology worth talking about, a picture of the universe within God's purpose and of Christ as both the agent and the environment of the new creation. Within and beyond all the debates about the detail of theological education and ministerial formation these days, the largest question still remains too often unanswered: what is the shape and unity of the Christian view of creation itself? This is not a question about having more 'doctrine' in a course, but about how the whole process of ministerial education makes us natives in the landscape into which Jesus has invited us, and gives us some of the tools for celebrating how God has acted to introduce us into this place. We are not called on to give a bit more room to one module among others here, but to see this actual and present world joyfully and consistently in the light of God's being and doing, in the light of the trinitarian life and the incarnation of the Word.

**When the vision of God's being and doing has become weak, theology becomes defensive and so do Christians in general and priests in particular. All I have said so far implies that the priest's task is centrally and essentially to proclaim the world renewed-in personal care, in public teaching, in sacramental action.** And the point of such proclamation is to tell the assembly of believers who they are in God's presence, what it is to be involved with and in the priestly act of Jesus Christ and what that means in the daily interactions of human life in terms of reconciliation, judgement, risk and gift.

***(Excerpts from a lecture delivered on 28 May 2004)***

# സൃഷ്ടിയിലെ സഹവർത്തിത്വം





ഡോ. ജോർജ് എം. തോമസ്

സൃഷ്ടിയിലെ ഏറ്റവും ചെറിയ ഒരംശമാണ് ഭൂമി. ഭൂലോകത്തുള്ള ജീവജാലങ്ങളെല്ലാം അവയ്ക്ക് അവശ്യം വേണ്ട വായു, വെളിച്ചം, വെള്ളം എന്നീ പൊതുസ്വത്തുക്കൾ എങ്ങനെ കൈകാര്യം ചെയ്യുന്നു, ഓരോ ജീവിയുടെയും കഴിവുകൾ ഏതെല്ലാം, പൊതുജീവിതത്തിൽ അവയുടെ സംഭാവനകൾ എന്തെല്ലാം എന്നൊക്കെ മനസ്സിലാക്കിയാൽ പരസ്പരം സഹകരിച്ചും സഹായിച്ചും മുമ്പോട്ടു നീങ്ങുന്നതിന്റെ ഒരു ഏകദേശചിത്രം വ്യക്തമാകും. മനുഷ്യന് സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും വേണം. **നിയമസംഹിതകളൊക്കെയുണ്ടെങ്കിലും സമൂഹത്തിൽ ഒന്നിച്ചു വസിക്കുമ്പോൾ പല വിട്ടുവീഴ്ചകളും ചെയ്യേണ്ടതായി വരും.** കുട്ടികൾക്കും സ്ത്രീകൾക്കും ജോലിവേതനം കുറവാണ്. കുട്ടികൾ പഠിക്കണം, വീട്ടിലെ പണിയെല്ലാം സ്ത്രീകൾ ചെയ്യണം എന്നൊക്കെ പറയുന്നതു ശരിയാണോ? അവർക്ക് ഒരു സ്വാതന്ത്ര്യവുമില്ലേ? ചില ജോലികൾ പുരുഷന്മാരേക്കാൾ നന്നായി സ്ത്രീകൾ ചെയ്യും.

ഇതരജീവികളെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ അവയുടെ കഴിവുകൾ മനസ്സിലാകും. മൃഗങ്ങൾ ശബ്ദം പുറപ്പെടുവിച്ച് ആശയങ്ങൾ കൈമാറുകയും അപകടസൂചന നൽകുകയും ഭക്ഷണത്തിനു ക്ഷണിക്കുകയും ചെയ്യുന്നു. വളർത്തുമൃഗങ്ങളും ഇങ്ങനെ അന്യോന്യം സംസാരിക്കുന്നു. അവയ്ക്ക് ഒരു ദിശാബോധമുണ്ട്. വഴിതെറ്റാതെ ആരംഭസ്ഥാനത്ത് തിരിച്ചെത്താൻ അവ മണം പിടിക്കുന്നു. നായ്ക്കൾ ഇടയ്ക്കിടെ മൂത്രമൊഴിച്ച് തിരികെയുള്ള വഴി മണത്തറിയും. പക്ഷികൾ എത്ര ദൂരെ പറന്നാലും തിരികെ കൂട്ടിൽ വന്ന് ചേക്കേറും. തേനീച്ചകൾ തേൻ തേടി സഞ്ചരിച്ച ശേഷം കൂട്ടിൽ മടങ്ങിയെത്തുന്നതു കാണുമ്പോൾ വിസ്മയം തോന്നാറില്ലേ? പട്ടികൾക്ക് ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയാനുള്ള കഴിവുണ്ട്. മനുഷ്യരും മൃഗങ്ങളും ശ്വാസോച്ഛ്വാസം ചെയ്യുന്നു. വൃക്ഷങ്ങൾ പകൽ സമയം കാർബൺ ഡയോക്സൈഡ് ശ്വസിക്കുകയും ഇലകളിൽ ഭക്ഷണം പാകപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രക്രിയയിൽ ഓക്സിജൻ പുറത്തേക്കു വിടുന്നു. അതുപയോഗിച്ച് മൃഗങ്ങൾക്കു ശ്വസിക്കാൻ കഴിയും. പക്ഷികൾ മരത്തിൽ കൂടുണ്ടാക്കുന്നു, ആകാശം മുഴുവൻ പറന്നുനടക്കുന്നു; മുട്ടയിടുന്നു, സംഗീതസ്വരങ്ങൾ പുറപ്പെടുവിക്കുന്നു. പുലർകാലത്ത് ശബ്ദമുണ്ടാക്കി ഉറങ്ങുന്ന മറ്റു ജീവികളെ ഉണർത്തുന്നു. അങ്ങനെ, **ജീവിതത്തിലുടനീളം എല്ലാവരും അന്യോന്യം കടപ്പെട്ടിരിക്കുന്നു.**


ചാക്കോച്ചനും കുര്യച്ചനും അയൽക്കാരാണ്. ഒരിക്കലൊരു കാക്ക പറ്റിച്ച പണി കാരണം അവർ തമ്മിൽ പിണങ്ങാനിടയായി. കാക്ക ചാക്കോച്ചന്റെ പറമ്പിൽ വേലിയ്ക്കരികെ ഒരു മാങ്ങായണ്ടി ഇട്ടിട്ടുപോയി. അത് അവിടെക്കിടന്ന് കിളിർത്തു വളർന്ന് ഒരു കിളിച്ചുണ്ടൻ മാവായി. വേര് ചാക്കോച്ചന്റെ പറമ്പിലും, ബാക്കിഭാഗം കുര്യച്ചന്റെ പറമ്പിലേക്കു ചാഞ്ഞുമാണ് മാവ് വളർന്നത്. വൃക്ഷത്തണലിൽ കുര്യച്ചൻ പത്രപാരായണം നടത്തിയും ചങ്ങാതിമാരോടൊപ്പം ചിരിച്ചും കളിച്ചും സമയം ചിലവഴിച്ചുവന്നു. ഇതൊന്നും ചാക്കോച്ചന് അത്ര രസിച്ചില്ല. മാങ്ങ ഉണ്ടായപ്പോൾ ചാക്കോച്ചൻ അവ പറിച്ച് വിറ്റു. കൈയെത്തുന്നതെല്ലാം കുര്യച്ചനും പറിച്ചു. മാമ്പഴത്തിനുവേണ്ടി കുട്ടികൾ കല്ലെറിയുമ്പോൾ രണ്ടുപേരുടെയും വീടിന്റെ ഓടുകൾ പൊട്ടുന്നത് സാധാരണ സംഭവമായി. കടുത്ത വിരോധമുണ്ടെങ്കിലും ഇരുവരും കുറെയൊക്കെ സഹിച്ചു. ഒത്തുതീർപ്പായപ്പോൾ മാവ് ചാക്കോച്ചന്റേതായി, വേരെല്ലാം ആ പറമ്പിലാണല്ലോ. എന്നാൽ മാവിന്റെ അഭിപ്രായം ആരും തിരക്കിയില്ല. മാവിനുമില്ലേ ചില അവകാശങ്ങൾ? മാങ്ങയുടെ ഉൽപ്പാദനം മാത്രമാണ് മാവിന്റെ ബലം. നന്നായി പഴുത്ത മാമ്പഴം സൗജന്യമായി ലഭിക്കാൻ കുറെപ്പേർ മേലോട്ടു നോക്കിനിൽക്കുന്നു!

ഉറുമ്പുശല്യം പുറംപറമ്പിലാണ്. മണ്ണിനടിയിലാണ് ഉറുമ്പിന്റെ താവളം. എന്നും വൈകുന്നേരം എല്ലാവരും വീട്ടിലെത്തും. രാവിലെ വരിവരിയായി എന്തൊക്കെയോ സംസാരിച്ചുകൊണ്ട് ഭവനങ്ങളിലും തീൻ കിട്ടാൻ സാധ്യതയുള്ളിടത്തും ഉറുമ്പിൻ പട്ടാളം കയറിയിറങ്ങും. മൈക്രോസ്കോപ്പിന്റെ സഹായത്തോടെ നിരീക്ഷണം നടത്തിയാൽ ഉറുമ്പിനെപ്പറ്റി കൂടുതൽ പഠിക്കാൻ കഴിയും. വേനൽക്കാലത്ത് വീടിന്റെയരികിൽ ഉറുമ്പിനു തീറ്റ കൊടുക്കുന്നത് ചില വല്യമ്മമാരുടെ പതിവാണ്.

പാമ്പുശല്യം ഭയന്ന് അതിനെ നശിപ്പിക്കാൻ ശ്രമിച്ചിട്ട് സാധിക്കാതെ വന്നപ്പോൾ രീതികൾ മാറ്റി. അവയ്ക്കു താമസിക്കാൻ തറയിൽ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തി-ആൽത്തറയുമാകാം. അവിടെയെത്തിച്ച പാമ്പുകൾ ആരെയും കടിച്ചതായി അറിവില്ല. അങ്ങോട്ടു സ്നേഹിച്ചാൽ ഇങ്ങോട്ടും സ്നേഹം കിട്ടും.

അതുപോലെ, വീട്ടിൽ വളർത്തുന്ന ആട്, പശു, കോഴി എന്നിവ. നാം തീറ്റയും കൂടും ഒരുക്കിയാൽ അവ നമുക്ക് മുട്ട, പാൽ, ചാണകം, തുകൽ എന്നിവ നൽകുന്നു. കുടുംബാംഗങ്ങളെപ്പോലെയാണ് നാം അവയെ വളർത്തുക. ഇന്ന് പട്ടണങ്ങളിലും നഗരങ്ങളിലും ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്ക് ഇതൊന്നും അനുഭവിക്കാനുള്ള സാഹചര്യമില്ലല്ലോ.

പിണ്ഡം വയ്ക്കുന്നത് കാക്കയെ കൈകൊട്ടി വിളിച്ചാണ്. യാതൊരു പേടിയും കൂടാതെ അവയെത്തി ഭക്ഷിച്ച് തൃപ്തരായി മടങ്ങുന്നു. ഒരിക്കലൊരു കൊച്ചുകുട്ടി പഴവും തിന്ന് മുറ്റത്തിരിക്കയായിരുന്നു. കാക്ക കരഞ്ഞ് കൂട്ടുകാരെ ക്ഷണിച്ചുവരുത്തി. എല്ലാവരും പറന്ന് മുറ്റത്തെത്തി. ഞൊടിയിടെ പഴവും തട്ടിയെടുത്ത് സ്ഥലം വിട്ടു. കണ്ടുനിന്നവർ ചിരിച്ച് രസിച്ചു. കുട്ടി കരഞ്ഞപ്പോൾ വേറൊരു പഴം കൊണ്ടുചെന്നു കൊടുത്തു- കാക്കയുടെ അഭ്യാസം ഒരിക്കൽക്കൂടി കാണാൻ. വൃക്ഷലതാദികളുടെയും പക്ഷിമൃഗാദികളുടെയും സ്വഭാവവിശേഷങ്ങളും കഴിവുകളും പഠിച്ചു മനസ്സിലാക്കുവാൻ ഇന്ന് പല ഗവേഷണങ്ങളും നടക്കുന്നുണ്ട്. ശാസ്ത്രീയ കാഴ്ചപ്പാടിൽ ലഭിക്കുന്ന എല്ലാ വിവരങ്ങളും പഠിച്ച് നമ്മുടെ പെരുമാറ്റം ക്രമീകരിക്കുകയാണു വേണ്ടത്. The more I know people, the more I love my dog എന്ന് ആരോ ഒരിക്കൽ പറഞ്ഞത് ഓർത്തുപോകയാണ്. സൃഷ്ടിയിലെ സമസ്ത ജീവികളും പകയൊന്നുമില്ലാതെ പരസ്പര സഹകരണത്തോടും സന്തോഷത്തോടും നീണാൾ വസിക്കട്ടെ. ●



# ഓർമ്മകളിൽ ഒരു റോസാപുഷ്പം

ഡോ. ജോസ് പാറക്കടവിൽ



അടുത്തയിടെ അന്തരിച്ച ശ്രീ. ഏബ്രഹാം ഈപ്പൻ (പാലാമ്പടം അവറാച്ചൻ) പല സ്ഥാനമാനങ്ങളും വഹിച്ചിരുന്നുവെങ്കിലും, സ്ഥാനമാനങ്ങളിലൂടെയല്ല വ്യക്തിപ്രഭാവങ്ങളിലൂടെയാണ് സമൂഹത്തിൽ പ്രതിഷ്ഠ നേടാനാവുകയെന്നു തെളിയിച്ച വ്യക്തിയാണ്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെയോ പ്രസ്ഥാനത്തിന്റെയോ സമുദായത്തിന്റെയോ മേൽവിലാസത്തിലല്ല, ആർജ്ജവമുള്ള വ്യക്തിത്വത്തിന്റെ ഉടമയെന്ന നിലയിലാണ് അദ്ദേഹം ആദരണീയനും അവിസ്മരണീയനുമായത്. പദവികൾ പിടിച്ചെടുക്കുന്നവരുടെ എണ്ണം ഏറി വരുമ്പോൾ, അതിനു വിപരീതമായി സഞ്ചരിച്ച ഒരാളെ സമൂഹം സ്നേഹിക്കുന്നു. കോട്ടയം പബ്ലിക് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടന്ന പാലാമ്പടം അനുസ്മരണം ഇക്കാര്യം വ്യക്തമാക്കുകയുണ്ടായി.

സാധാരണഗതിയിൽ അനുശോചനയോഗങ്ങൾ ശുഷ്കമായി പരിണമിച്ചു കാണുന്ന നാട്ടിൽ തികച്ചും വിഭിന്നമായിരുന്നു ഈ യോഗം. കോരിച്ചൊരിയുന്ന മഴയുണ്ടായിട്ടും ജീവിതത്തിന്റെ വിവിധ തുറകളിൽ പെട്ട നിരവധിയാളുകൾ യോഗത്തിൽ പങ്കെടുത്തു. 'അതിരുകളില്ലാത്ത വ്യക്തി' എന്നാണ് അവറാച്ചനെ അഭിവന്ദ്യ ക്രിസോസ്റ്റം മെത്രാപ്പോലീത്ത വിശേഷിപ്പിച്ചത്. സ്വന്തം സഭയിലെ പ്രമുഖവ്യക്തികളിൽ ഒരാളായിരുന്നെങ്കിലും സഭാപരമായ വിവാദങ്ങളിൽ നിന്ന് അകലം പാലിക്കുവാനും എല്ലാ സഭകളുമായും നല്ല ബന്ധം പുലർത്തുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. വായനയിലൂടെയും വ്യക്തിബന്ധങ്ങളിലൂടെയും അവറാച്ചൻ തന്റെ ലോകം വിശാലമാക്കിയെന്ന് അദ്ദേഹം അനുസ്മരിച്ചു. യോഗത്തിൽ പങ്കെടുത്ത ഡോ. സുകുമാർ അഴീക്കോടിന് ശ്രീ. പാലാമ്പടത്തെപ്പറ്റി ഏറെ പറയുവാനുണ്ടായിരുന്നു. 'നന്മയുടെ അവതാരം' എന്ന് അദ്ദേഹത്തെ അഴീക്കോട് വിശേഷിപ്പിച്ചു. **നന്മയുള്ള ആളും നന്മയെ സ്നേഹിച്ചയാളും. തേനീച്ചയെ പോലെ, എവിടെ നന്മയുടെ പൂവു വിരിഞ്ഞാലും അവിടെയെത്തുന്ന വ്യക്തി.**

കേരളത്തിലെ ഏറെ സമ്പന്നരായ വ്യക്തികളിലൊരാളായിരുന്നു അവറാച്ചൻ. ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ്, കെ.പി.എസ്. മേനോൻ, യൂഹാനോൻ മാർത്തോമാ മെത്രാപ്പോലീത്ത എന്നിങ്ങനെയുള്ള അസാധാരണ വ്യക്തികളുമായി അടുത്ത സൗഹൃദം. എന്നാൽ അതുകൊണ്ട് അദ്ദേഹം സാധാരണക്കാരിൽ നിന്ന് അകന്നു പോയില്ല. **'കുലീനനും സമ്പന്നനും നല്ല മനുഷ്യനും' എന്ന് ഉറൂബ് ശ്രീ. പാലാമ്പടത്തെ വിശേഷിപ്പിച്ചത് അർത്ഥവത്താണ്. മഹത്ത്വം ഉള്ളിൽത്തന്നെയുണ്ടായിരുന്നതിനാൽ ബാഹ്യപ്രകടനങ്ങളുടെ ആവശ്യമില്ലെന്ന് അദ്ദേഹം കരുതിയോ എന്നറിയില്ല.** തൂവെള്ള പരുത്തിജൂബ്ബയും മുണ്ടും മാത്രം ധരിച്ചാണ് നാം അദ്ദേഹത്തെ കണ്ടിട്ടുള്ളത്. ആർഭാടങ്ങളും വാചാടോപവുമില്ലാതെ അദ്ദേഹം നമ്മുടെ മനം കവർന്നു.

അക്രമരഹിത സാംസ്കാരികവേദി, നവഭാരത വേദി എന്നിവയുടെ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവ താൽപ്പര്യം പുലർത്തുകയും പരിപാടികളിൽ പതിവായി പങ്കെടുക്കുകയും ചെയ്തിരുന്നു. അങ്ങനെയാണ് ഞാൻ അദ്ദേഹവുമായി പരിചയത്തിലായത്. വർഷങ്ങൾക്കു മുമ്പൊരിക്കൽ ഞാൻ മാവേലിക്കരയ്ക്കു സമീപം ഒരു സ്ഥലത്തു ബസ്സ് കാത്തു നിൽക്കുമ്പോൾ അതു വഴി വന്ന വെളുത്ത അംബാസഡർ കാർ പെട്ടെന്നു നിർത്തി. നോക്കുമ്പോൾ ശ്രീ. പാലാമ്പടം കാറിന്റെ പിൻസീറ്റിൽ നിന്നിറങ്ങി വരുന്നു. പരിചയമുള്ളതുകൊണ്ട് കാറിലിരുന്ന് കുശലം പറഞ്ഞാലും അതൊരു ഉദാരതയാകുമായിരുന്നു. പ്രായത്തിൽ തുടങ്ങി എത്രയോ കാര്യങ്ങളിൽ ഞങ്ങൾ തമ്മിലുള്ള അന്തരം അദ്ദേഹം അവഗണിച്ചു. അകലങ്ങളെ ഇല്ലാതെയാക്കുവാൻ വേണ്ടി ക്ലേശം സഹിക്കുവാനും സന്നദ്ധമാകുന്നതായിരുന്നു അവറാച്ചന്റെ മനസ്സ്.

വ്യക്തിബന്ധങ്ങൾക്കു ജീവിതത്തിൽ മുഖ്യസ്ഥാനം കൽപ്പിച്ച വ്യക്തിയാണദ്ദേഹം. ഓർമ്മകളിലെ റോസാപ്പൂക്കൾ എന്ന ആത്മാഖ്യാനപരമായ കൃതി വ്യക്തിബന്ധങ്ങളുടെ ഹൃദ്യമായ ആവിഷ്കാരമാണ്. അന്തരിച്ച പല വ്യക്തികളെക്കുറിച്ചുള്ള ഓർമ്മകളുടെ വർണ്ണവും ഗന്ധവും ആ കൃതിയിൽ നിറഞ്ഞുനിൽക്കുന്നു. ഒടുവിലിതാ, അദ്ദേഹം നമ്മുടെ ഓർമ്മകളിൽ ഒരു പനിനീർപ്പൂവായി വിടർന്നു നിൽക്കുന്നു. **മരിച്ചാലും മനുഷ്യമനസ്സുകളിൽ ജീവിക്കുന്നവരാണല്ലോ മഹാന്മാർ!**



# ജീവിതസായാഹ്നത്തിലെ നെടുവീർപ്പുകൾ

സിസ്റ്റർ ശോഭ

മാർബിൾ ടൈൽസിട്ടു മിനുക്കിയ തറയിൽ ചവിട്ടരുതെന്ന് മകന്റെ ഭാര്യ ശാസിച്ചു. 'അപ്പൻ അടുത്തുവരുമ്പോൾ വൃത്തികെട്ട മണം, നാശങ്ങൾ............' തുടങ്ങിയ ശാപവാക്കുകൾ കേട്ട് തല മരവിച്ചുകാണും. ആ പഴയ തറവാട്ടിൽ, എത്ര നേരമെന്നറിയില്ല, വൃദ്ധദമ്പതികൾ വെളിയിലേക്കു കണ്ണും നട്ടിരുന്നു. നാളത്തെ പുലരി കാണാൻ തങ്ങൾ ഉണരുമോ? അതോ ആരെങ്കിലും തങ്ങളുടെ ജീവൻ തല്ലിക്കെടുത്തുമോ? എന്തെങ്കിലും സംസാരിക്കണമെന്നുണ്ട്. പക്ഷേ, വാക്കുകൾ തൊണ്ടയിൽ കുടുങ്ങി. വിങ്ങിപ്പൊട്ടി, കണ്ണുനീർ തൂകി അവരിങ്ങനെ പ്രാർത്ഥിച്ചു: "ദൈവമേ, ഞങ്ങളുടെ കുഞ്ഞിനൊരാപത്തും വരുത്തരുതേ. അറിയാതെ വീണ ഈ കണ്ണുനീർ അവനു ശാപമാകരുതേ....

പുതിയ തലമുറ തൊഴിൽ തേടി നാടും വീടും വിട്ട് അകലങ്ങളിൽ ചേക്കേറുമ്പോൾ ഒറ്റയ്ക്കാകുന്ന വൃദ്ധ മാതാപിതാക്കളുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചുവരികയാണ്. ഒപ്പം, അവരുടെ സുരക്ഷിതത്വവും അപകടത്തിലാകുന്നു. ഒറ്റയ്ക്കു താമസിക്കുന്ന വൃദ്ധരെ കൊലപ്പെടുത്തി വീട് കവർച്ച ചെയ്യുന്ന സംഭവങ്ങളും നിത്യേന വാർത്തയാണ്. മക്കളുടെ സ്നേഹവും പരിചരണവുമേറ്റു ജീവിക്കേണ്ട വാർദ്ധക്യകാലത്ത് മാതാപിതാക്കൾ തനിച്ചായിപ്പോകുന്നതിനു പല കാരണങ്ങളുണ്ട്. അവയിൽ പ്രധാനം, മക്കളുടെ ഉദ്യോഗമാണ്. അവരുടെ നന്മ മാത്രം ആഗ്രഹിക്കുന്ന മാതാപിതാക്കൾ മനസ്സില്ലാമനസ്സോടെ മക്കളെ ദൂരെ അയച്ച് സ്വയം ഏകാന്തത വരിക്കുന്നു. എന്നാൽ നല്ലൊരു ശതമാനം മാതാപിതാക്കളും തനിച്ചു ജീവിക്കാൻ വിധിക്കപ്പെടുന്നത് ആൺമക്കളുടെ ഭാര്യമാരുടെ സ്വാർത്ഥതയും സ്നേഹശൂന്യതയും കൊണ്ടാണ്. ഭർത്താവിന്റെ മാതാപിതാക്കളെ സ്വന്തമെന്നു കരുതാൻ കഴിയാത്ത ഇവർ, അവരെ ഒരു ശല്യമായി കരുതുന്നു. ഭർത്താവിനെ എങ്ങനെയെങ്കിലും നിർബന്ധിച്ച്, വാടകയ്ക്കാണെങ്കിൽപ്പോലും , മാറിത്താമസിക്കാൻ ഇക്കൂട്ടർ വ്യഗ്രത കാണിക്കുന്നു.

പ്രായംചെന്ന ഒരമ്മയെ അടുത്തയിടെ കണ്ടു. ദീർഘനാളത്തെ സങ്കടങ്ങളും പ്രാരാബ്ധങ്ങളും ആ മുഖത്തു വായിച്ചെടുക്കാം. ഭർത്താവ് നേരത്തെ മരിച്ചതാണ്. ഒരു മകനും മൂന്നു പെൺമക്കളും. കഷ്ടപ്പാടിന്റെയും അലച്ചിലിന്റെയും വർഷങ്ങൾ കടന്നുപോയി. പെൺമക്കളെ കെട്ടിച്ചയച്ചു. ഉദ്യോഗസ്ഥനായ മകൻ ഉയർന്ന വിദ്യാഭ്യാസയോഗ്യതയും ഉദ്യോഗവുമുള്ള പെൺകുട്ടിയെ വിവാഹം ചെയ്തു. മകനെക്കുറിച്ച് അമ്മ നെയ്തുകൂട്ടിയ സ്വപ്നങ്ങളൊക്കെയും തകരാൻ സമയമധികം വേണ്ടിവന്നില്ല. ഭർത്താവിന്റെ അമ്മയെ ഉൾക്കൊള്ളാൻ മരുമകൾ തയാറായില്ല. ഒടുവിൽ ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി കുടുംബവീടിനു തൊട്ടടുത്ത് മകൻ വലിയൊരു വീട് പണിതു താമസമാക്കി. അമ്മ തനിച്ചായി. മകന് ഉള്ളിൽ വിഷമം തോന്നി. ഭാര്യയുടെയും അമ്മയുടെയും ഇടയിൽ അയാൾ ഞെരുങ്ങി. പക്ഷേ, അമ്മ ഒന്നും പറഞ്ഞില്ല. അന്നുമുതൽ മൗനിയായിത്തീർന്ന അമ്മ വൈകാതെ രോഗിയായി. ഒരു ദിവസം രാവിലെ അമ്മയെ പുറത്തുകണ്ടില്ല. വാതിൽ തുറന്ന് അകത്തുകടന്നപ്പോൾ, അമ്മ ചലനമറ്റു കിടക്കുന്നു. ഉടൻ ആശുപത്രിയിലെത്തിച്ചുവെങ്കിലും സമയം വൈകിയിരുന്നു. മണിക്കൂറുകൾ കഴിഞ്ഞിരുന്നു അമ്മ മരിച്ചിട്ട്. മകൻ കുറ്റബോധത്താൽ വെന്തുനീറിയപ്പോൾ ഭാര്യ ഉള്ളിൽ സന്തോഷിച്ചു-ഒരു ശല്യം ഒഴിവായല്ലോ!

ഒരു കുടുംബത്തിന്റെ മാത്രം കഥയല്ലിത്. കേരളത്തിലെ നാട്ടിൻ പുറങ്ങളിൽപ്പോലുമുള്ള കുടുംബങ്ങളിലെ മാതാപിതാക്കളുടെ ദുരവസ്ഥയാണിത്. പക്ഷേ, നമ്മൾ മറന്നുപോകരുതാത്തൊരു സത്യമുണ്ട്. നമ്മൾ മാതാപിതാക്കളെ ഇങ്ങനെ ശുശ്രൂഷിക്കുന്നത് നമ്മുടെ പൊന്നുമക്കളും സസൂക്ഷ്മം ശ്രദ്ധിക്കുന്നുണ്ടെന്ന കാര്യം. നമ്മൾ കൊടുത്തത് അമർത്തിക്കുലുക്കി നിറച്ചളന്ന് അവരും നമ്മുടെ മടിയിലേക്കിട്ടുതരും!

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ, ക്രിസ്തുവിന്റെ വംശാവലിയിലെ 42 തലമുറകളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഇതിൽ രണ്ടേ രണ്ട് സ്ത്രീകൾക്കാണ് ഇടം ലഭിച്ചിട്ടുള്ളത്-ക്രിസ്തുവിന്റെ അമ്മ മറിയത്തിനും, മോവാബ്യ സ്ത്രീയായ രൂത്തിനും. അതിലാവണ്യമുള്ളൊരു മരുമകളാണ് രൂത്ത്. നിയമം അനുവദിച്ചിട്ടും അമ്മായിയമ്മ സ്നേഹപൂർവം നിർബന്ധിച്ചിട്ടും, ഭർത്താവും മക്കളും നഷ്ടപ്പെട്ട അമ്മായിയമ്മയെ ഉപേക്ഷിച്ചു പോകാൻ മനസ്സുവരാതെ നിഴൽപോലെ കൂടെ നിന്ന സ്നേഹവതി. അവൾ പറഞ്ഞു: അമ്മയെ ഉപേക്ഷിക്കാനോ കൂടെപ്പോരാതിരിക്കാനോ എന്നോടു പറയരുത്. അമ്മ പോകുന്നിടത്ത് ഞാനും വരും; വസിക്കുന്നിടത്തു ഞാനും വസിക്കും. അമ്മയുടെ ചാർച്ചക്കാർ എന്റെ ചാർച്ചക്കാരും അമ്മയുടെ ദൈവം എന്റെ ദൈവവുമായിരിക്കും. അമ്മ മരിക്കുന്നിടത്ത് ഞാനും മരിച്ച് അടക്കപ്പെടും. മരണം തന്നെ എന്നെ അമ്മയിൽനിന്നു വേർപെടുത്തിയാൽ, കർത്താവ് എന്തു ശിക്ഷയും എനിക്കു നൽകിക്കൊള്ളട്ടെ. രൂത്തിന്റെ ഈ ത്യാഗത്തിനും സ്നേഹത്തിനും ദൈവം നൽകിയ പ്രതിഫലത്തിന്റെ വില നിർണയിക്കാനാവാത്തതാണ്. ദാവീദിന്റെ മുത്തച്ഛന്റെ അമ്മയാകാനുള്ള ഭാഗ്യം അവൾക്കുണ്ടായി. മാത്രമല്ല, കാലാവസാനം വരെ അവളുടെ പേര് ബൈബിളിലുണ്ടായിരിക്കും. ബൈബിൾ രചയിതാക്കൾ അവളെ കന്യക മറിയത്തോളം തന്നെ ഉയർത്തിയിരിക്കുന്നു.

പ്രായമായവരെ ശുശ്രൂഷിക്കുക അത്ര എളുപ്പമല്ല. ദുശ്ശാഠ്യങ്ങളും വൃത്തിയില്ലായ്മയും രോഗവും അവശതയുമൊക്കെയുണ്ടവർക്ക്. പുത്തൻ തലമുറയുടെ നിലപാടുകളോട് അവർ യോജിച്ചില്ലെന്നും വരാം. പലപ്പോഴും ആശുപത്രിയിൽ അവരെ ശുശ്രൂഷിക്കേണ്ടിവരും. അവർ നമ്മുടെ ഉറക്കം കെടുത്തും. എല്ലാം അസൗകര്യങ്ങൾതന്നെ. പക്ഷേ, അവർ നമുക്കുവേണ്ടി ഏറ്റെടുത്ത ത്യാഗങ്ങളോളമാവില്ലല്ലോ അതൊന്നും. അവരുടെ ഉറക്കം നഷ്ടപ്പെട്ട രാത്രികളിലും അദ്ധ്വാനത്തിലും വിയർപ്പിലുമൊക്കെ കെട്ടിപ്പൊക്കിയ ജീവിതമല്ലേ അത്. അവയൊക്കെ വീട്ടിത്തീർക്കാനാവാത്ത കടങ്ങളല്ലേ? ഏതു ഹോം നേഴ്സിനെക്കൊണ്ട് അതു വീട്ടാനാകും? നമ്മുടെ സാമീപ്യത്തിലൂടെയും സ്നേഹത്തിലൂടെയും കുറെയൊക്കെ നമുക്കതു വീട്ടാനാകും. അതിനെങ്കിലും നമ്മൾ തയാറായില്ലെങ്കിൽ, വേരുകളെ അവഗണിച്ചുകൊണ്ടുള്ള നമ്മുടെ പ്രയാണം ജീവിതത്തെത്തന്നെ കടപുഴക്കി വീഴ്ത്തും.

*(കടപ്പാട്)*

# ഞാൻ പറയുന്നു: ആമേൻ

ന്യൂ വിഷൻ മാസികയിൽ ഒരു പംക്തി ആരംഭിക്കാൻ കുറച്ചു നാൾ മുൻപ് ചീഫ് എഡിറ്റർ എന്നോടാവശ്യപ്പെടുകയുണ്ടായി. എന്നാൽ പല കാരണങ്ങളാൽ ഞാൻ അതിൽനിന്ന് ഒഴിഞ്ഞു മാറി. മാസങ്ങൾക്കുശേഷം ഇക്കാര്യം വീണ്ടും എന്നെ ഓർമ്മപ്പെടുത്തിയപ്പോൾ, നിരസിക്കാൻ പറ്റാതായി. അതിനാൽ ഇനിയുള്ള ലക്കങ്ങളിൽ നിങ്ങൾ എന്റെ കുറിപ്പുകൾ വായിക്കാനിടയുണ്ട്.

പ്രഭാഷണമാണ് എനിക്കിഷ്ടം. അതിന് കാലികത്വമുണ്ട്, ചാലകത്വമുണ്ട്. എന്നാൽ, രേഖകൾ മരവിച്ചുപോയ ചിന്തകളാണെന്നും അവ പിന്നെ മറ്റുള്ളവരുടെ സ്വത്തായി തീരുന്നുവെന്നും ഞാൻ കരുതുന്നു. തന്നെയുമല്ല, കുറേക്കാലമായി തെറ്റിദ്ധരിക്കപ്പെട്ട ഒരു കഥാപാത്രമായി ഞാൻ തീർന്നിരിക്കുന്നു. ഓർതഡോക്സ് സഭയിലെ സമാധാനസ്ഥാപന പ്രക്രിയയുമായുള്ള ബന്ധത്തിൽ എന്റെ ചിത്രം ഒരു തീവ്രവാദിയുടേതിനു തുല്യമായി മറ്റുള്ളവർക്കു തോന്നാൻ സാദ്ധ്യതയുണ്ടെന്നാണ് എന്റെ വിലയിരുത്തൽ. അതുകൊണ്ട് ഞാനെഴുതുന്ന കാര്യങ്ങൾ വേണ്ടവണ്ണം ശ്രദ്ധിക്കപ്പെടാതെ പോയേക്കാം. എന്നാൽ അങ്ങനെയുള്ളവരെ തിരുത്താനോ, എന്നെ ന്യായീകരിക്കാനോ ഈ പംക്തി ഉപയോഗിക്കില്ല. കാലം തെളിയിക്കേണ്ട കാര്യങ്ങളാണവ. ഈ പശ്ചാത്തലത്തിൽ ഒരു കാര്യം മാത്രം പറയട്ടെ. ഞാൻ ജനിച്ചു വളർന്ന സാഹചര്യം എന്നിൽ ഒരാർദ്ര ഭാവം നിക്ഷേപിച്ചിട്ടുണ്ട്. അത് എന്നിലൊരു പക്ഷപാതം സൃഷ്ടിക്കുന്നു. എന്റെ അധികാരത്തെക്കാൾ എന്റെ ജനത്തിന്റെ ആശ്വാസം എന്റെ ഉൽക്കണ്ഠയാകുന്നു. എന്നാൽ ഇതൊരിക്കലും സഹതാപരൂപത്തിലല്ല എന്നിൽ പ്രകടഭാവം നേടുന്നത്, പ്രത്യുത, ഒരു ക്രോധമായിട്ടാണ്. പ്രധാനമായും എന്നോടുതന്നെയുള്ള ക്രോധം. ലോകം കണ്ടതിൽ വച്ചേറ്റവും വലിയ മനുഷ്യനായ യേശുവിന്റെ അനുയായിയെന്നും അവന്റെ നിയോഗത്തിന്റെ കാര്യവിചാരകനെന്നും അവകാശപ്പെട്ട് ളോഹയുമിട്ടു നടക്കുന്ന എന്നോടുതന്നെ ഞാൻ ക്രുദ്ധനാണ്. അതെന്നെ അസ്വസ്ഥനാക്കുന്നു. ഈ അസ്വസ്ഥതയാണ് എന്നെ ജീവിപ്പിക്കുന്നത്. ഇറാഖ് ജനത എറുമ്പുകളെപ്പോലെ സർവാധിപതിയുടെ തീമഴയിൽ എരിഞ്ഞുതീർന്ന അർദ്ധരാത്രികളിൽ ഞാൻ ഉറക്കം നഷ്ടപ്പെട്ട് ടിവിയുടെ മുന്നിൽ മണിക്കൂറുകളോളം കുത്തിയിരുന്നിട്ടുണ്ട്. മാദ്ധ്യമങ്ങളെല്ലാം കയ്യേറ്റക്കാരന്റെ മഹത്വത്തെ ഒരു സംഘഗാനം പോലെ കൊട്ടിഘോഷിച്ചപ്പോൾ ഞാൻ കൂടുതൽ ദുഃഖിതനും ക്രുദ്ധനുമായി. ഇത്തരം സന്ദർഭങ്ങളിൽ എനിക്കു തന്നെ എന്നെ പിടിച്ചാൽ കിട്ടില്ല. മിക്കവാറും എല്ലാ കാര്യങ്ങളിലും ഇതാണ് എന്റെ പ്രകൃതം.

ഞാനീ പംക്തിയിൽ പറയുന്നത് വേറെ ആരും പറയാത്ത കാര്യങ്ങളോ കാണാത്ത മാനങ്ങളോ ആയിരിക്കില്ല. ഒരോ വിഷയത്തിന്റെയും കാര്യത്തിൽ ഞാൻ എന്തു ചിന്തിക്കുന്നുവെന്ന് പ്രകടിപ്പിക്കാനുള്ള ഒരു വേദി മാത്രമായിരിക്കുമിത്. ഞാനീ ദിവസങ്ങളിൽ കുറെയധികം ആഹ്ലാദം അനുഭവിക്കുന്നുണ്ട്. അതിനു കാരണം മെയ് മാസത്തിൽ ഭാരതത്തിലുണ്ടായ രാഷ്ട്രീയ മാറ്റമാണ്. സോണിയ ഗാന്ധിയോ മൻമോഹൻ സിങ്ങോ ആയിരിക്കും ഭാരതത്തിന്റെ മശിഹ എന്നൊന്നും ഞാൻ കരുതുന്നില്ല. ഇടതുപക്ഷത്തിന്റെ ചരടും, മാനുഷിക മുഖമുള്ള ഉദാരവൽക്കരണത്തെക്കുറിച്ചുള്ള പ്രധാനമന്ത്രിയുടെ വാഗ്ദാനവും എന്നെ ഉന്മാദിയാക്കുന്നില്ല. പ്രത്യുത, ഭാരതീയജനതയുടെ ആത്മീയ ഇച്ഛാശക്തിയാണ് എന്നെ മത്ത് പിടിപ്പിക്കുന്നത്–സ്വച്ഛമായ ഒരൊഴുക്കുപോലെ, നിശ്ശബ്ദമായ ഒരു ഗാനം പോലെ, ഉറക്കത്തിലെ ഒരു സുന്ദര സ്വപ്നം പോലെ. പക്ഷേ ഇലകളെ അനക്കാതെ വന്ന ഒരു കൊടുങ്കാറ്റുപോലെ എല്ലാ കണക്കുകൂട്ടലുകളെയും വിലയിരുത്തലുകളെയും തെറ്റിച്ചുകൊണ്ട് ഭാരതത്തിന്റെ ചുക്കാൻ ഇപ്പോഴും തങ്ങളുടെ കയ്യിലാണെന്ന് ഈ ജനത ഒരിക്കൽക്കൂടെ തെളിയിച്ചിരിക്കുന്നു. എന്റെ കാഴ്ചപ്പാടിൽ ഇത് ശരിക്കും ആത്മീയ പ്രകടഭാവമാണ്. സ്വന്തം ഭാവിയെ നിയന്ത്രിക്കാനും നിർണ്ണയിക്കാനുമുള്ള മനുഷ്യന്റെ സ്വതസിദ്ധമായ കഴിവിന്റെ സാർവലൗകികത, അതിൽ അന്തർലീനമായ പാരസ്പര്യം, അതുമൂലം ഉരുത്തിരിയുന്ന പ്രതിരോധം, ഇതാണിവിടെ കണ്ടത്. അത് ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് ഒരു മധുരമന്ത്രണം പോലെ ഹിമാലയത്തിൽ നിന്നാരംഭിച്ച്, കന്യാകുമാരി വരെ കൈമാറിക്കിട്ടി; തെക്കും വടക്കും കിഴക്കും പടിഞ്ഞാറും ഈ മാറ്റത്തിനായുള്ള നിശ്ശബ്ദവും ഫലവത്തുമായ മന്ത്രണം, ഉറക്കത്തിലെ നടത്തം പോലെ നടന്നവർ പോലുമറിയാതെ പകർന്നു നൽകി. ലഭിച്ചവർക്കും നഷ്ടപ്പെട്ടവർക്കും ഇത് ഒരുപോലെ അന്ധാളിപ്പുണ്ടാക്കി. ഈ ആത്മീയതയ്ക്കു മുൻപിൽ ഞാൻ സർവാംഗ പ്രണാമം ചെയ്യുന്നു. മാനവ മനസ്സിന്റെ ഈ ചാലക. ശക്തിയോട് തോറ്റവർക്കും ജയിച്ചവർക്കും വിവേകപൂർവം പ്രതികരിക്കാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഇതിനിടയിൽ എനിക്ക് ദുഃഖിക്കേണ്ടിയും വരുന്നു–എന്നെപ്പോലെയും അല്ലാതെയുമുള്ള ക്രൈസ്തവ നേതാക്കളെക്കുറിച്ച് ഞങ്ങളാൽ നയിക്കപ്പെടുന്ന ജനത്തെക്കുറിച്ച്. വടക്കേ ഇൻഡ്യയിൽ ഏതെങ്കിലും വൈദികന്റെ പോക്കറ്റടിക്കുകയോ, സന്യാസിനിയുടെ നേരെ ഏതെങ്കിലും ലമ്പടൻ തുറിച്ചുനോക്കുകയൊ ചെയ്യുമ്പോൾ ന്യൂനപക്ഷാവകാശത്തിന്റെ പേരിലുള്ള ഭ്രാന്തമായ ആവേശത്തിൽ ജനത്തെ ആട്ടിത്തെളിച്ചുകൊണ്ട് തെരുവിലിറങ്ങുന്ന മതനേതാക്കൾ, 'ഇൻഡ്യ തിളങ്ങുന്നു' എന്ന പ്രചാരണം കണ്ട് തങ്ങൾക്കും സുഖാനുഭൂതി യുണ്ടാകുമെന്ന പ്രതീക്ഷയിൽ മതി ഭ്രമിച്ച് തിളക്കക്കാർ തങ്ങൾക്ക് അനഭിമതരല്ലെന്ന് കൊട്ടിഘോഷിച്ചവരെ ഓർത്ത് ഞാൻ ദുഃഖിക്കുന്നു. മതനേതാക്കൾക്കു നഷ്ടപ്പെട്ട ആത്മീയത ഭാരതത്തിലെ നിരക്ഷരകുക്ഷികളും പട്ടിണിപ്പരിഷകളുമായ ഗ്രാമാന്തരങ്ങളിലെ പേക്കോലങ്ങളിൽ ഉദ്ദീപ്തമായതായി ഞാൻ കാണുന്നു; യേശു പറഞ്ഞു: നിങ്ങളെക്കാൾ മുൻപെ ചുങ്കക്കാരും വേശ്യകളും സ്വർഗ്ഗരാജ്യം അവകാശമാക്കും. ഞാൻ പറയുന്നു: ആമേൻ. ●

മതനേതാക്കൾക്കു നഷ്ടപ്പെട്ട ആത്മീയത ഭാരതത്തിലെ നിരക്ഷരകുക്ഷികളും പട്ടിണിപ്പരിഷകളുമായ ഗ്രാമാന്തരങ്ങളിലെ പേക്കോലങ്ങളിൽ ഉദ്ദീപ്തമായതായി ഞാൻ കാണുന്നു; യേശു പറഞ്ഞു: നിങ്ങളെക്കാൾ മുൻപെ ചുങ്കക്കാരും വേശ്യകളും സ്വർഗ്ഗരാജ്യം അവകാശമാക്കും. ഞാൻ പറയുന്നു: ആമേൻ.

# ക്രിസ്തീയ സാക്ഷ്യത്തിന്റെ കാലികത്വം

ഫാ. ഡോ. മർക്കോസ് ജോസഫ്

"എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു." (അപ്പോ. പ്ര. 1:8). യേശു തമ്പുരാൻ സഭയെ ലോകത്തിൽ നിയോഗിച്ചത് അതിനെ ദൈവവൽക്കരിക്കാനായിരുന്നു. എന്നാൽ ലോകം അതിന്റെ എല്ലാ തിന്മകളോടുംകൂടെ സഭയ്ക്കുള്ളിൽ പ്രവേശിച്ച് സഭയെ ലൗകികരിച്ചിരിക്കുന്നു. ഈ ദുരവസ്ഥ, നാം മനസ്സിലാക്കുന്നതിനേക്കാൾ ഭീകരമാണ്. ക്രിസ്തീയസാക്ഷ്യത്തിനുണ്ടായ അപചയത്തിന്റെ മുഖ്യകാരണമിതാണ്. മനുഷ്യന്റെയും സമൂഹത്തിന്റെയും ലോകത്തിന്റെയും മനഃസാക്ഷിയും ദൈവിക മനഃസാക്ഷിയിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തീയ സഭാചരിത്രത്തെ വിശാലവീക്ഷണത്തിൽ മൂന്നായി തിരിക്കാം. ആദ്യത്തെ നാല് നൂറ്റാണ്ടുകൾ രക്തസാക്ഷികളുടെ കാലഘട്ടമാണ്. കിഴക്ക് പേർഷ്യൻ സാമ്രാജ്യത്തിലും, പടിഞ്ഞാറ് റോമാ സാമ്രാജ്യത്തിലും ക്രിസ്തുവിനെ തങ്ങളുടെ രക്തം കൊടുത്ത് സാക്ഷിക്കുവാൻ അനേകർ മുന്നോട്ടുവന്നു. അവരുടെ രക്തം സഭയുടെ വളർച്ചയ്ക്ക് വളമായിത്തീർന്നു. എന്നാൽ 4-ാം നൂറ്റാണ്ടിൽ കുസ്തന്തീനോസ് ചക്രവർത്തി പുറപ്പെടുവിച്ച മിലാൻ വിളംബരത്തോടെ ക്രിസ്തീയമതം ഔദ്യോഗിക മതമായി റോമിലെങ്ങും തീർന്നു. ഔദ്യോഗികാവകാശങ്ങളും ആഡംബരങ്ങളും തിന്മകളും ക്രിസ്തീയ ജീവിതത്തെ ദുഷിപ്പിച്ചപ്പോൾ ക്രിസ്തീയത ഗുണനിലവാരം നഷ്ടപ്പെട്ട് നാമമാത്രമായിത്തീർന്നു. ക്രിസ്തീയസാക്ഷ്യത്തിന് തന്നെ അതുൾക്കൊള്ളുന്ന അർത്ഥം നഷ്ടമായി. ഇവിടെയാണ് സന്യാസികളുടെ കാലം ആരംഭിക്കുന്നത്. ലോകമയത്വത്തിൽ നിന്നൊഴിഞ്ഞ് അനേക സ്ത്രീപുരുഷന്മാർ മണലാരണ്യത്തിൽ പോയി തപസ്സനുഷ്ഠിക്കുവാൻ തുടങ്ങി. ആഡംബരപൂർണ്ണമായ ജീവിതത്തെ വെറുത്ത് ക്രിസ്തുവിനുവേണ്ടി കഷ്ടത ഏൽക്കുവാൻ തയാറായവരായിരുന്നു ഇവർ. ഇവരുടെ ശക്തമായ സാന്നിദ്ധ്യം ഏതാണ്ട് 10-ാം നൂറ്റാണ്ടുവരെ സഭയിൽ നിലനിന്നിരുന്നു. അതിനുശേഷമാണ് ആധുനിക ലോകമയന്മാരുടെ കാലമെന്ന് വിശേഷിപ്പിക്കാവുന്ന അൽമായരുടെ കാലം ആരംഭിക്കുന്നത്. ഭൗതികവൽക്കരണവും സ്ഥാപനവൽക്കരണവും അതിന്റെ എല്ലാ സ്വാധീനശക്തികളോടും കൂടെ സഭയെ ഗ്രസിച്ചിരിക്കുന്നു. ഒരു പക്ഷേ ഒരു പടി കൂടി കടന്ന്, കേവലം ജഡിക മനുഷ്യർ പല തലങ്ങളിലും നിറഞ്ഞിരിക്കുന്ന സമൂഹമായി ക്രിസ്തീയ സഭ അധഃപതിച്ചിരിക്കുന്നു. ഇത് സഭാചരിത്രത്തിലെ അത്യാധുനിക കാലമായി ഗണിക്കാവുന്നതാണ്. സമൂഹത്തിൽ സഭ ഒരു തിരുത്തൽ ശക്തിയായി മാറണമെങ്കിൽ സ്വയം നശിക്കുവാനും കഷ്ടത വരിക്കാനും തയാറുള്ള 'യോഹന്നാൻ സ്നാപകൻമാർ' ഉണർന്നെഴുന്നേൽക്കേണ്ടിയിരിക്കുന്നു.

പ്രാർത്ഥനക്കാരും പ്രാർത്ഥനകളും ഒരു വശത്ത്. പക്ഷേ ക്രിസ്തീയസാക്ഷ്യത്തിന്റെ ഉന്നതനിലവാരം പുലർത്തുന്ന ക്രിസ്ത്യാനികൾ ഇന്ന് സമൂഹത്തിൽ നന്നേ കുറവാണ്. അംഗസംഖ്യയിലും ഭൗതികതയിലും സഭകൾ സമ്പന്നമായി. എന്നാൽ അംഗങ്ങളുടെ ആത്മീയ ഗുണനിലവാരവും ക്രിസ്തീയ പ്രതിബദ്ധതയും അമ്പേ നഷ്ടമായി. ആദിമ നൂറ്റാണ്ടുകളിലെ ക്രിസ്ത്യാനികളെ മറ്റുള്ളവർ വിളിച്ചിരുന്നത് 'മാർഗ്ഗം' എന്നായിരുന്നു. (ക്രിസ്തീയജീവിതം സ്വീകരിക്കുന്നതിന് 'മാർഗ്ഗത്തിൽ കൂടുക' എന്ന പ്രയോഗം ഇതിൽ നിന്ന് ഉത്ഭവിച്ചതാവാം.) ഇൻഡ്യൻ പ്രസിഡന്റായിരുന്ന ഡോ. എസ്. രാധാകൃഷ്ണൻ ക്രിസ്ത്യാനികളെക്കുറിച്ചു പറഞ്ഞത് ***'അസാധാരണത്വം അവകാശപ്പെടുന്ന സാധാരണ മനുഷ്യർ'*** എന്നാണ്.

ആദിമ സഭാചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്ന എഫസോസിലെ ഏഴു വിശുദ്ധന്മാരുടെ കഥ നമ്മുടെ കണ്ണ് തുറപ്പിക്കുന്നതാണ്. എഫസോസിൽ വസിച്ചിരുന്ന ഇവർ ദാരുണ പീഢയെ ഭയന്ന് ഒരു ഗുഹയിൽ അഭയം കണ്ടെത്തി. അവിടെ പ്രാർത്ഥനയിലും ധ്യാനത്തിലും കഴിച്ചുകൂട്ടിയ അവർ ദൈവികശക്തിയാൽ അനേക നൂറ്റാണ്ടു ദീർഘനിദ്രയിലായി. ഉറക്കമുണർന്ന അവർ ഗുഹ വിട്ട് വെളിയിൽ വന്നു. എഫസോസ് നഗരത്തിലെങ്ങും ക്രിസ്തീയ ദേവാലയങ്ങൾ, ആതുരാലയങ്ങൾ, കുരിശ്ശടികൾ-തങ്ങളുടെ കണ്ണുകളെ വിശ്വസിക്കുവാൻ അവർക്കു കഴിഞ്ഞില്ല. മഹാസന്തോഷത്തോടെ ക്രിസ്ത്യാനികളുടെ മദ്ധ്യത്തിലേക്ക് അവർ ഇറങ്ങി. എന്നാൽ, ധാർമ്മികമൂല്യവും ജീവിതസാക്ഷ്യവും നാമമാത്രമായിരുന്ന ക്രിസ്ത്യാനികളെ കണ്ടു മടുത്ത അവർ തങ്ങളുടെ ഗുഹകളിലേക്കു തന്നെ മടങ്ങി. അവിടെ അവർ നിദ്ര പ്രാപിച്ചു. ആകയാൽ **കാലികമായ അവശ്യം ആദ്യനൂറ്റാണ്ടിലെ ധാർമ്മികതയിലേക്ക് നാം തിരിച്ചു പോകുകയെന്നതാണ്. ഈ ആത്മീയ തീർത്ഥാടനമാണ് ക്രിസ്തീയ സാക്ഷ്യത്തിന്റെ പുനരാവിഷ്കാരം.** ഇതിനുള്ള ഊർജ്ജം ഉയരത്തിൽ നിന്നാണു ലഭിക്കുക.

സമൂഹത്തിൽ ഇന്ന് രാഷ്ട്രീയ സംഘട്ടനങ്ങൾ, കൊലപാതകങ്ങൾ, ഭീകരപ്രവർത്തനങ്ങൾ എന്നിവ നിത്യസംഭവങ്ങളായിരിക്കുന്നു. ചൂഷണം, പരിസ്ഥിതിശോഷണ പ്രവർത്തനങ്ങൾ, നീതിന്യായനിഷേധം, അഴിമതി, കൈക്കൂലി തുടങ്ങിയ തിന്മകൾ എന്നത്തേയുംകാൾ വർദ്ധമാനമായി തുടരുകയാണ്. തന്നിമിത്തം നാം മനഃസാക്ഷി മരവിച്ച് പ്രതികരണശേഷി നഷ്ടപ്പെട്ടവരായിരിക്കുന്നു. ദുരന്തം വിതയ്ക്കുന്ന ഈ നിസ്സംഗത ഒരുവശത്ത്. ഞൊടിയിട കൊണ്ട് അധികാരം, ധനം, ഉപഭോഗസുഖം ഇവ ആർജ്ജിക്കാനുള്ള സ്വാർത്ഥതയുടെ ത്വര മറുവശത്ത്. ഇവിടെ **ക്രൈസ്തവസാക്ഷ്യത്തിന്റെ കാലികപ്രസക്തിയെന്ത്? അരുമനാഥനെ മാതൃകയാക്കുന്ന വ്യക്തിജീവിതങ്ങൾ ഉണ്ടാവണം. ഇയ്യോബിനെപ്പോലെ വ്യതിരിക്തതയുടെ ഭാവം സ്വാംശീകരിക്കപ്പെടണം. ഇങ്ങനെയുള്ളവർക്കു മാത്രമേ സമൂഹത്തിൽ തിരുത്തൽ ശക്തിയാകുവാനും, വ്രണിതമനസ്സുകൾക്ക് ആശ്വാസമരുളുന്ന അപ്പോസ്തലന്മാരാകുവാനും സാധിക്കൂ. ക്രൈസ്തവസാക്ഷ്യം കേവലം സ്വാർത്ഥമഹത്വത്തിന്റെ ബാഹ്യപ്രകടനങ്ങളാവരുത്.** മനുഷ്യാവതാരം ചെയ്ത അരുമനാഥന്റെ സത്താപരമായ വ്യക്തിമഹത്വം, ഔദ്യോഗികമഹത്വം, ധാർമ്മികമഹത്വം എന്നിവ നമ്മുടെ മാതൃകയാവണം. സത്താപരമായി പിതാവിനോടും പരിശുദ്ധാത്മാവിനോടും താൻ ഒന്നായി സ്ഥിതി ചെയ്യുന്ന ദൈവമാകുന്നു. ഈ വ്യക്തിമഹത്വം ഒരിക്കൽ മാത്രമേ അൽപ്പമായി പ്രദർശിപ്പിച്ചുള്ളൂ. താബോറിൽ ഒരായിരം സൂര്യചന്ദ്രന്മാർ ഒരുമിച്ച് ഉദിച്ചാലെന്നോണം താൻ ശോഭിച്ചു. ഈ സന്ദർഭത്തിലൊഴിച്ച് തന്റെ മനുഷ്യാവതാരത്തിലുടനീളം ഒരു ബലഹീന മനുഷ്യനായി താൻ കാണപ്പെട്ടു. സത്താപരമായ വ്യക്തിമഹത്വം മറച്ചുവച്ചു. കാലാതീതനായ പിതാവിന്റെ നിത്യപുത്രനായ താൻ ഈ ലോകത്തിൽ ദാസനായി വർത്തിച്ചു. ഹോശാന ദിവസം മാത്രം സമാധാന രാജനായി ആഘോഷത്തോടെ യെരുശലേം ദേവാലയത്തിലേക്കു താൻ പോയി. ഇപ്രകാരം മനുഷ്യാവതാരത്തിലുടനീളം വ്യക്തിമഹത്വവും ഔദ്യോഗികമഹത്വവും മറച്ചുവച്ച താൻ, ധാർമ്മികമഹത്വം അതിന്റെ ഉച്ചകോടിയിൽ കാത്തു. യേശു തമ്പുരാൻ ചോദിക്കുന്നു, നിങ്ങളിലാർക്കെങ്കിലും പാപത്തെക്കുറിച്ച് എന്നെ ബോദ്ധ്യ

# ദേശീയ മിത്തുകൾ

ഡോ. മിസ്സസ് അന്നമ്മ ജോർജ്

## 'ബ്രിട്ടീഷുകാരുടെ മേന്മ' എന്ന മിത്ത്

ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കേന്ദ്രം ഇംഗ്ലണ്ട്, സ്കോട്‌ലണ്ട്, അയർലണ്ട് ഇവ യടങ്ങിയ ദ്വീപസമൂഹമായിരുന്നു. ആ ദ്വീപുകളിൽ വസിക്കുന്നത് ഇംഗ്ലീഷ്, സ്കോട്ടിഷ്, വെൽഷ് വംശജരാണ്. അതിൽ രാഷ്ട്രീയമായി ശക്തി പ്രാപിച്ചത് ഇംഗ്ലണ്ടുകാരായിരുന്നു. ഇംഗ്ലീഷുകാരും ഐറിഷ് വംശജരും എന്നും ശത്രുക്കളായാണ് നിലനിന്നത്. ഇംഗ്ലീഷുകാർ ശക്തരായപ്പോൾ അവർ ഒരു ജനതയായി. അവർ അയർലണ്ട് എന്ന ദ്വീപ് പിടിച്ചടക്കി. അപ്പോൾ ഐറിഷ് വംശജർ കോളനിയിലെ പ്രജകളായി. മറ്റ് വംശജരുമായി മിശ്രവിവാഹം നടത്തിയാൽ അവരുടെ വംശം നാശോന്മുഖമാകുമെന്നു കരുതി; അതു നിരുത്സാഹപ്പെടുത്തുവാൻ ഒരു മിത്ത് ഉണ്ടാകേണ്ടിയിരുന്നു. അങ്ങനെ, തങ്ങൾ അതിവിശിഷ്ടമായ ജനതയാണ്, ഐറിഷ് വംശജരെക്കാൾ മേന്മയുള്ളവരാണ് എന്നൊരു മിത്ത് ഇംഗ്ലീഷുകാർ രൂപപ്പെടുത്തി. അവർ gents ആണ്. (Gentleman എന്ന പദത്തിൽ നിന്ന് ഉരുത്തിരിഞ്ഞത്). 1366-ൽ അവർ ഒരു നിയമമുണ്ടാക്കി (statutes of kilkenny) ഒരു ഇംഗ്ലീഷുകാരനും ഐറിഷ് ജനതയുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുതെന്ന്. അപ്രകാരം ചെയ്താൽ അവരെ പുറജാതിയായി (non-gents) കരുതും. പിടിച്ചടക്കിയവർ താമസിച്ചിരുന്ന ഡബ്ലിൻ നഗരത്തിൽ നിന്ന് പുറത്താക്കും. മിശ്രവിവാഹത്തിനെതിരായ നിയമപ്രകാരം, മിശ്രവിവാഹം നടത്തിയ ഇംഗ്ലീഷുകാർക്കും അവരുടെ ബ്രിട്ടീഷ് തനിമ നഷ്ടപ്പെടും. പിടിച്ചടക്കിയവരും പിടിച്ചടക്കപ്പെട്ടവരും വേർതിരിഞ്ഞു ജീവിക്കുവാൻ നിയമം മതിയാവില്ലെന്നു മനസ്സിലാക്കിയ അവർ ചില മിത്തുകൾക്കു രൂപം കൊടുത്തു. ബ്രിട്ടീഷുകാരുടെ പരിശുദ്ധിയും ഐറിഷ് ജനതയുടെ അശുദ്ധിയും വിവരിക്കുന്ന നാടോടിക്കഥകൾ വിശദമായി ചിത്രീകരിച്ചു. ബ്രിട്ടീഷുകാരുടെ വിവരണത്തിൽ ഐറിഷുകാർ സംസ്കാരപരമായി പിൻനിരയിലാണ്. അവരെ വന്യമൃഗങ്ങളായും വെളുത്ത ആൾക്കുരങ്ങായും ചിത്രീകരിച്ചു. ഇംഗ്ലീഷുകാരുടെ കൊളോണിയൽ ശക്തി, ദേശീയരെ സംസ്കാരചിത്തരാക്കുവാനുള്ള പരിശ്രമമായി ന്യായീകരിച്ചു.

1876-ൽ ഇംഗ്ലണ്ടിലെ ഹാർപ്പേർസ് വീക്കിലി എന്ന ആഴ്ചപ്പതിപ്പിൽ ഒരു കാർട്ടൂൺ പ്രസിദ്ധീകരിച്ചു- തുലാസിന്റെ ഒരു തട്ടിൽ വെളുത്ത ഐറിഷുകാരനും മറ്റേ തട്ടിൽ ഒരു നീഗ്രോ അടിമയും . തൂക്കത്തിൽ അവർ തുല്യരാണെന്നു കണ്ടു. അതുകൊണ്ട് രണ്ടുകൂട്ടരും ഒരേ രീതിയിൽ ഇംഗ്ലീഷുകാരന്റെ പരിശുദ്ധി സംരക്ഷിക്കുന്നതിനു ഭീഷണിയാണ്. ഈ കഥകളെല്ലാം ഒരു യാഥാർത്ഥ്യത്തെ മറച്ചുപിടിക്കാനുള്ള ഉദ്യമമായിരുന്നു. ആ യാഥാർത്ഥ്യം, അയർലണ്ടുകാരും ഇംഗ്ലീഷുകാരും എല്ലാം മുൻകാലത്ത് അവിടെ പിടിച്ചടക്കി പാർത്ത വിവിധ വംശജരുടെ പിൻതുടർച്ചക്കാരാണ്. വൈക്കിംഗുകൾ, സ്കോട്ടുകൾ, കെൽറ്റിക്, മിലീസിയൻ, ആംഗ്ലോ-ബാക്സൻ, തോൾമൻ വംശജർ ഓരോ കാലത്തു കുടിയേറി പാർത്ത ദേശമാണ് ബ്രിട്ടീഷ് ദ്വീപുകൾ. അവിടെ ബ്രിട്ടീഷ് ദേശീയ അസ്തിത്വം എന്നൊന്നുണ്ടെങ്കിൽ, അത് ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ നിരന്തരമായി കുടിയേറിയവരുടെയും വെട്ടിപ്പിടിച്ചവരുമായുള്ള പ്രതിപ്രവർത്തനവും മൂലമുണ്ടായതാണ്. ബ്രിട്ടീഷ് ദ്വീപുകളിൽ പാർക്കുന്ന ജനങ്ങളിൽ ഒന്നിലധികം പൈതൃക അസ്തിത്വമുള്ളത് അസാധാരണമല്ല. എന്നാൽ ചരിത്രത്തിലെ ആധിപത്യം കയ്യാളുന്ന ഓരോ ശക്തിയും പോലെ ബ്രിട്ടീഷുകാരും അവരുടെ അസ്തിത്വത്തിന്റെ പിന്നിലെ ബഹുലത മറച്ചുപിടിക്കാൻ എല്ലാ മാർഗ്ഗവും ഉപയോഗിച്ചു. അത് മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിക്കുവാനും അവരുടെ പിടിച്ചടക്കൽ ശൈലി ന്യായീകരിക്കുവാനും ഒരു രാജ്യം, ഒരു ജനത, ഒരു ഭാഷ എന്നത് സ്ഥിരീകരിച്ചു. അങ്ങനെ, പുറകെ വന്ന തലമുറകൾക്ക് കൈമാറിയത് ഞങ്ങൾ ബ്രിട്ടീഷുകാരും അവർ ഐറിഷ്കാരും എന്ന ആശയമാണ്. അങ്ങനെ ബ്രിട്ടീഷ് രാഷ്ട്രം രൂപം പ്രാപിച്ചു. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരായിരുന്നു അവർ.

*(തുടരും)*

---

പ്പെടുത്താമോ. ബേത്‌ലഹേം മുതൽ ഗോൽഗോഥ വരെ എത്തുന്ന ധാർമ്മികതയുടെ ഈ ഉദാത്തഭാവം നമ്മിലുണ്ടാകണം. എന്നാൽ നമുക്കു പറ്റിയ അപചയം ആദ്യത്തെ രണ്ട് മഹത്വങ്ങളും നാം പരമാവധി പ്രദർശിപ്പിക്കുകയും മൂന്നാമത്തേത് ഒട്ടും നിലനിർത്താതെയുള്ള ഒരു ജീവിത ശൈലി പിന്തുടരുകയും ചെയ്യുന്നുവെന്നതാണ്. ക്രിസ്തുവിനെ കേവലം പ്രസംഗത്തിൽ ഒതുക്കിനിർത്തുന്നവരായി നാം മാറിയിരിക്കുന്നു. ഇന്ന് സമൂഹത്തിനാവശ്യം പരിഭാഷകരെയാണ്. ക്രിസ്തുവിനെ കാലികമായ ജീവിതസാഹചര്യത്തിൽ പരിഭാഷപ്പെടുത്തുവാൻ കഴിയുന്ന ഒരു ക്രൈസ്തവസാക്ഷ്യം-അതാണ് ഇന്നിന്റെ ആവശ്യം. ഇന്നത്തെ സമൂഹത്തിൽ ജീവിക്കുന്ന യേശുവായി നാമോരോരുത്തരം മാറണം. ഇതാണ് നമ്മുടെ ദൗത്യവും വെല്ലുവിളിയും. ഇത് ഏറ്റെടുക്കുവാനും പ്രതിബദ്ധതയോടെ പ്രവർത്തിക്കുവാനും നമ്മെ ശക്തീകരിക്കുന്ന മൂന്നു ഘടകങ്ങൾ-ഉയരത്തിൽ നിന്നുള്ള ശക്തി, ക്രിസ്തുവിന്റെ മാതൃക, ജീവിതനിർമ്മലത-എന്നിവയാണ്. ജീവിതനിർമ്മലീകരണത്തിനു കുറഞ്ഞപക്ഷം, മൂന്നു കാര്യങ്ങളെങ്കിലും നാം ബോധപൂർവം സ്വീകരിക്കണം-ലക്ഷ്യത്തിലുള്ള സുതാര്യത, അപകടസാദ്ധ്യതയുള്ള മേഖലയിൽ നിന്നുള്ള വിരാമം, സ്വമേധാ പാപങ്ങളിൽ നിന്നുള്ള ബോധപൂർവമായ പിന്മാറ്റം. **അരുമനാഥന്റെ ദൈവികതയും മാനവികതയും പേറുന്ന, നിർമ്മലതയും സാമൂഹിക പ്രതിബദ്ധതയും നിറയുന്ന, ജീവിതമാവട്ടെ നമ്മുടെ കാലികമായ ക്രൈസ്തവസാക്ഷ്യം.**

*(പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജ് സുവോളജി റീഡറായ ലേഖകൻ പ്രശസ്തനായ ഒരു ധ്യാനപ്രസംഗകനുമാണ്.)*

●

---

An elderly woman had just returned home from an evening church service when she was startled by an intruder. She caught the man in the act of robbing her valuables and yelled, "Stop! Acts 2:38" (Repent and be baptised in the name of Jesus Christ so that your sins may be forgiven.) The burglar stopped in his track. The woman calmly called the police and explained what she has done. As the officer cuffed the man to take him in, he asked the burglar : "Why did you just stand there? All the old lady did was yell a scripture to you." 'Scripture?', replied the man. 'She said she had an axe and two 38's!'

■■

The Chairman of a Finance Committee declared that the meeting could not be convened for lack of quorum. He asked one of the clergymen present to lead a prayer. Tired of the lengthy meeting, the pastor intended to help the cause when he prayed : **"Lord, we thank you for your Word that says, where two or three are gathered in your name, they have a quorum....".** The meeting was promptly convened with a full quorum!

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## 'ദ പാഷൻ ഓഫ് ക്രൈസ്റ്റ്' - ഒരു വിയോജനക്കുറിപ്പ്

വെള്ളിത്തിരയിൽ വീണ്ടും ഒരു ക്രിസ്തുചിത്രം. യേശുവിന്റെ ക്രൂശുമരണത്തിനു തൊട്ടുമുമ്പുള്ള പന്ത്രണ്ടു മണിക്കൂറുകളാണു പ്രമേയം. മൂന്നു മുഖ്യഘട്ടങ്ങളിലായി കഥ വികസിക്കുന്നു. ഇരുളിന്റെ നേർത്ത മൂടുപടമണിഞ്ഞ ഗത്സമനയിൽ പ്രാർത്ഥനാനിരതനായിരിക്കുന്ന യേശുവിന്റെ അവതരണത്തിലാരംഭിച്ച് റോമൻ പടയാളികളുടെ പിടിയിൽ യേശു അകപ്പെടുന്നതുവരെയാണ് ആദ്യഘട്ടം. റോമൻ ഗവർണർ പീലാത്തോസിന്റെ മുമ്പാകെയുള്ള യേശുവിന്റെ വിചാരണയും വിധി പ്രഖ്യാപനവുമാണ് രണ്ടാം ഘട്ടത്തിലുള്ളത്. ചമ്മട്ടി കൊണ്ടുള്ള അടിയേറ്റ് രക്താഭിഷിക്തനായി ആർത്തട്ടഹസിക്കുന്ന പരിഹാസികളുടെ നടുവിലൂടെ ഭാരമേറിയ കുരിശുമായുള്ള യാത്രയും ക്രൂശാരോഹണവും മരണവും മൂന്നാം ഘട്ടത്തിൽ ആവിഷ്കാരം നേടുന്നു. സുവിശേഷങ്ങളിൽ നാം പരിചയപ്പെടുന്ന യേശുവിന്റെ പീഡാനുഭവങ്ങളുടെ ഏറെക്കുറെ വിശദമായ യഥാതഥ അനാവരണമാണു ചിത്രം. കന്യക മറിയാമെന്ന അമ്മയുടെ ഓർമ്മകളിലൂടെ ഇതൾ വിടർത്തുന്ന യേശുവിന്റെ ബാല്യവും, തന്റെ തെറ്റ് തിരിച്ചറിഞ്ഞ യൂദായുടെയും യേശുവിനുവേണ്ടി കുരിശു ചുമക്കാനിടയായ ശിമോന്റെയും മാനസികാപഗ്രഥനവും, സംവിധായകന്റെ ഭാവന ചിത്രത്തിനു നിറം പകർന്ന ചില ദൃശ്യങ്ങൾ. യഹൂദരുടെ അപ്രീതിയും ഹോളിവുഡിനുനേരെ ഉണ്ടാകാനിടയുള്ള ആക്രമണവും ഭയന്ന് ഹോളിവുഡ് സംവിധായകൻ സ്വന്തം ചിലവിലാണ് ചിത്രം നിർമ്മിച്ചത്. സാങ്കേതിക മികവുകളുടെ അടിസ്ഥാനത്തിൽ പടിഞ്ഞാറൻ മാധ്യമങ്ങൾ അതിനു സൂപ്പർഹിറ്റ് പദവി നൽകി. പ്രേക്ഷകർ കോടികളുടെ ലാഭവും. ഒരു സഹനടനെന്നതിൽക്കവിഞ്ഞ പ്രാധാന്യമില്ലാതിരുന്ന ജയിംസ് കോവിൻ ഈ ചിത്രത്തിൽ ക്രിസ്തുവായി അഭിനയിച്ചതോടെ അതുല്യസിദ്ധികളുള്ള കലാകാരനെന്ന അംഗീകാരം നേടുകയും ചെയ്തു.

പടിഞ്ഞാറൻ മാധ്യമങ്ങളെ മാതൃകയാക്കിയാവാം, നമ്മുടെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ചിത്രത്തെ നിർലോപം പ്രശംസിക്കുന്നു. ക്രിസ്തുദർശനത്തിന്റെ ആകെത്തുകയും സംക്ഷിപ്ത സംഗ്രഹവും എന്നാണ് ഐ.സി.സി.എഫ്. മാസിക നൽകുന്ന വിശേഷണം. നമ്മുടെ ഹൃദയചിന്തകളെ തട്ടിയുണർത്തി മഹത്ത്വത്തിന്റെ മഹാകോവിലിലേക്കു നമ്മുടെ ആത്മാവിനെ എത്തിക്കുകയും എല്ലാ കളങ്കങ്ങളും നീക്കി നമ്മെ പുതുമനുഷ്യരാക്കി മാറ്റുകയും ചെയ്യുന്നു ഈ ചിത്രമെന്ന് മാസികയ്ക്ക് അഭിപ്രായമുണ്ട്. ചിത്രത്തിൽ പ്രകടമാകുന്ന സംവിധായകന്റെ വിനിമയ വൈഭവം ഉജ്ജ്വലമെന്നും, ശബ്ദവും വെളിച്ചവും കലയും സംസ്കാരവും കമനീയമായി സമന്വയിച്ചിരിക്കുന്ന ഈ ചിത്രം നമ്മുടെ ചിന്തയെ ഉണർത്തുകയും ജീവിതത്തിൽ പ്രത്യാശയുടെ പ്രഭ ചൊരിയുകയും ചെയ്യുന്നുവെന്ന് 'മലങ്കര സഭാതാരക.' കാണികളെ ഒരു ദിവ്യാനുഭവത്തിലേക്കു ചിത്രം നയിക്കുന്നുവെന്നും യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ സമാന്തര-പരമ്പരാഗത സിനിമകൾക്കും ബദലാണ് ഇതെന്നും 'മാർത്തോമാ യുവദീപം.'

അത്ര തന്നെ പ്രശംസാപരമല്ലാത്ത അഭിപ്രായപ്രകടനങ്ങളുമുണ്ട് ചില പ്രസിദ്ധീകരണങ്ങളിൽ. കാണികളിൽ കണ്ണീരിന്റെ പ്രവാഹമായി മാറിയ ചിത്രവും ക്രിസ്തുവിന്റെ അന്ത്യനാഴികകളിലെ കഷ്ടാനുഭവങ്ങളുടെ യഥാർത്ഥ അവതരണവുമാണ് ദ പാഷൻ ഓഫ് ക്രൈസ്റ്റ് എന്നു അംഗീകരിക്കുമ്പോൾ തന്നെ ക്രിസ്തുവിൽ കൂടി നാം മനസ്സിലാക്കിയ സ്വർഗ്ഗീയ പാതയെ പിൻപറ്റത്തക്ക തരത്തിൽ വലിയൊരു മാനസിക വ്യതിയാനത്തിനു കാണികളെ പ്രേരിപ്പിക്കാൻ അതിനു കഴിയുമോയെന്നു സംശയിക്കുന്നു 'ഗുഡ് ന്യൂസ്' വാർത്താവാരിക. ക്രിസ്തുവെന്ന ദിവ്യരഹസ്യത്തിലെ മാനുഷികത സഹാനുഭൂതിയിലൂടെ അടുത്തറിഞ്ഞ് കുരിശുമരണത്തെ വ്യാഖ്യാനിക്കാനുള്ള ശ്രമമായി 'ക്രൈസ്തവകാഹളം' ഈ ചിത്രത്തെ കാണുന്നു. അത്തരമൊരു ശ്രമം തെറ്റാണെന്നു പറഞ്ഞുകൂടെങ്കിലും സഹാനുഭൂതിയിലൂടെ ഉൾക്കൊള്ളാനാകാത്ത ഒരു പ്രമേയം പീഡാനുഭവത്തിലുണ്ടെന്നു ക്രൈസ്തവകാഹളം ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തു ദൈവപുത്രനായിരുന്നുവെന്നും മരണത്തിനു തന്നെത്തന്നെ ഏൽപ്പിച്ചുകൊടുക്കുകയും സ്വയം മരണം വരിക്കുകയുമായിരുന്നുവെന്ന സത്യമാണത്. പീഡാനുഭവത്തെപ്പറ്റി ഇങ്ങനെ ചിന്തിക്കുന്നവർക്കു ഈ ചിത്രം വലിയൊരു നൊമ്പരമായി അനുഭവപ്പെടുന്നു. **ഈ ചിത്രം കാണിച്ചു തരുന്ന തരത്തിൽ നിസ്സഹായനും ബലഹീനനുമായിരുന്നില്ല ക്രിസ്തു. സ്വന്തം ഇഷ്ടപ്രകാരമാണ് അവൻ മരണം വരിച്ചത്. അവനെ സംബന്ധിച്ചിടത്തോളം അനിവാര്യമായിരുന്നു മരണം.** ദൈവരാജ്യത്തിന്റെ ആദ്യ

## THE PATH OF LOVE

*"Spread love everywhere you go, first of all in your own house. Give love to your children, to your wife/husband, to the next door neighbour....Let no one come to you without leaving better and happier. Be the living expression of God's kindness-kindness in your face, kindness in your eyes, kindness in your smile and kindness in your warm greetings." - Mother Teresa*

A college professor had his Sociology class go into a slum area to get case histories of 200 young boys. The students were asked to write an evaluation of each boy's fortune. In every case the students wrote, "He has not got a chance." Twenty five years later, another professor came across the earlier study. He asked his students to follow up the project and see what had happened to those boys. The students found out that most of them had achieved success in life as lawyers, doctors, businessmen etc. The professor was astounded and decided to pursue the matter further. Fortunately, all the men were around that area and he was able to ask each one, "How do you account for your success?" In each case the reply came with feelings, "There was a teacher." 'The teacher' was still alive and alert. So the professor traced her out and asked the old lady what magic formula she had used to pull the boys out of the slums into successful career. The teacher's eyes sparkled and her lips broke into a gentle smile. *"It is really very simple", she said, "I loved these boys."*

## തുരുമ്പിച്ച വാളുകളും ജീർണ്ണിച്ച പരിചയും

കുറെ നാളുകൾക്കുമുമ്പ് ഒരു സുഹൃത്തിനെ തേടി ആ പഴയ തറവാട്ടിൽ എത്തിയപ്പോഴാണ് ഭിത്തിയിൽ ഉറപ്പിച്ചു വച്ചിരുന്ന രണ്ടു പഴയ വാളുകളും ഒരു പരിചയും എന്റെ ശ്രദ്ധയിൽ പെട്ടത്. രണ്ട് നൂറ്റാണ്ടുകൾക്കുമുമ്പ് തറവാട്ടിലെ ഒരു കാരണവർ ഉപയോഗിച്ച ആയുധങ്ങളായിരുന്നു അവ. പണിക്കർ സ്ഥാനികളായ കുടുംബത്തിലെ ഇളംതലമുറയ്ക്ക് പഴയ ചരിത്രത്തെപ്പറ്റി വലിയ പിടിയൊന്നുമുണ്ടായിരുന്നില്ല. കൈവശമുണ്ടായിരന്ന താളിയോല ഗ്രന്ഥങ്ങൾ നശിക്കാതെ സൂക്ഷിക്കുവാൻ ശ്രമിക്കാഞ്ഞതുമൂലം ആ കുടുംബത്തെപ്പറ്റിയുള്ള നിരവധി രേഖകൾ ഇല്ലാതാകയും ചെയ്തു. നസ്രാണിയുടെ പൈതൃകം തേടി പുറപ്പെടുന്നവർക്കുണ്ടാകുന്ന പ്രധാന പ്രതിബന്ധങ്ങളിൽ ഒന്നാണിത്.

തിരുവിതാംകൂർ ഒരു കാലത്ത് കൊച്ചു കൊച്ചു രാജ്യങ്ങളുടെ ആകെത്തുകയായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവാണ് ഇവയെ സംയോജിപ്പിച്ച് തിരുവിതാംകൂർ രാജ്യത്തിന്റെ അടിത്തറയിട്ടത്. ഇളയിടം (കൊട്ടാരക്കര), ദേശിംഗനാട്, മാടത്തിൽകൂർ, കായംകുളം, ചെമ്പകശ്ശേരി, തെക്കൻകൂർ, വടക്കൻകൂർ, പന്തളം, പൂഞ്ഞാർ–ഇവയെല്ലാം സ്വതന്ത്രരാജ്യങ്ങളായിരുന്നുവെന്നോർക്കണം. ഇതുതന്നെയായിരുന്നു പെരുമ്പടപ്പിന്റെയും (കൊച്ചി) അവസ്ഥ. ഈ കൊച്ചുരാജ്യങ്ങളിലെല്ലാം സൈന്യത്തിന്റെ ചുമതല നായർ പ്രമാണിമാർക്കായിരുന്നുവെങ്കിലും നസ്രാണികൾക്കും അതിൽ പങ്കുണ്ടായിരുന്നു. ക്രിസ്ത്യാനികളുടെ പ്രധാന തൊഴിൽ കൃഷിയും കച്ചവടവുമായിരുന്നെങ്കിലും യുദ്ധത്തിന്റെ ആവശ്യത്തിനായി യോദ്ധാക്കളെ പരിശീലിപ്പിക്കാനുള്ള കളരികളും അവർ നടത്തിയിരുന്നു. ഇതിനുള്ള അവകാശം അതാതു രാജ്യങ്ങളിലെ നാടുവാഴികളാണു നൽകിയിരുന്നത്. വാളുകളുമായി സഞ്ചരിക്കുവാൻ സുറിയാനി ക്രിസ്ത്യാനികൾക്ക് അവകാശമുണ്ടായിരുന്നു.



# കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ

[illegible] വി. വർഗീസ്

പള്ളിയിൽ പോകുമ്പോഴും അരയിൽ വാളുണ്ടാവും. പുരാതനമായ ചെങ്ങന്നൂർ സുറിയാനിപ്പള്ളിയിൽ ആരാധനയ്ക്കെത്തുന്നവരുടെ വാളും പരിചയും സൂക്ഷിക്കുവാൻ നിർമ്മിച്ചിരുന്ന സംവിധാനം ഇന്നും കാണാവുന്നതാണ്. പോർച്ചുഗീസുകാർക്കും ഡച്ചുകാർക്കും നസ്രാണി സൈന്യവും നസ്രാണി സേനാനായകന്മാരും ഉണ്ടായിരുന്നു. യുദ്ധത്തിൽ പട്ടുപോയ വീരശൂരപരാക്രമിയായ ഒരു നസ്രാണി വൈദികന്റെ ബഹുമാനാർത്ഥം അമ്പലപ്പുഴ രാജാവ് പണി കഴിപ്പിച്ചു നൽകിയ ദേവാലയമാണ് കുടമാളൂർ പള്ളിയെന്ന് ചരിത്രകാരന്മാർ ഉൽഘോഷിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് കളരികൾ നടത്തിയിരുന്ന പ്രധാന ക്രൈസ്തവ തറവാടുകളെ നാം ഓർക്കേണ്ടത്. ആവശ്യമുള്ളപ്പോൾ കച്ചകെട്ടിക്കുക, ആയുധവിദ്യ പരിശീലിപ്പിക്കുക, വിദ്യ അഭ്യസിച്ചവരെ യഥാകാലം ചവിട്ടിത്തിരുമ്മുക, യുദ്ധകാലത്ത് യോദ്ധാക്കളെ രണാങ്കണത്തിലെത്തിക്കുക–ഇതെല്ലാം പണിക്കർമാരുടെ ചുമതലകൾ ആയിരുന്നു. ഉത്സവകാലത്ത് ക്ഷേത്രസംബന്ധമായ കായിക പ്രകടനങ്ങൾ നടത്തുന്നതിനും പള്ളിപ്പെരുന്നാളിനോടനുബന്ധിച്ചു നടന്നുവന്നിരുന്ന കായികാഭ്യാസത്തിനു നേതൃത്വം നൽകുന്ന തിനും ക്രിസ്ത്യൻ പണിക്കർമാരെ ഏൽപ്പിക്കുക പതിവായിരുന്നു. **ഇന്ന് കളരികൾക്കു പ്രസക്തിയില്ല. വാളും പരിചയും കാഴ്ചവസ്തുക്കളായി മാറിയിരിക്കുന്നു. കളരികൾ ഇല്ലാതായെങ്കിലും പണിക്കർ സ്ഥാനികളായ ഏതാനും നസ്രാണി കുടുംബങ്ങൾ അങ്ങിങ്ങായി** ഇന്നും നിലനിൽക്കുന്നു. മൂവാറ്റുപുഴ വള്ളിക്കൂടപ്പണിക്കർ, മൂവാറ്റുപുഴ കാരക്കുന്നപ്പണിക്കർ, കോതമംഗലത്ത് ഇലഞ്ഞിക്കൽ പണിക്കർ, മാവേലിക്കര മല്ലിട്ടിപ്പണിക്കർ, കല്ലൂപ്പാറ അടങ്ങപ്പുറത്തു പണിക്കർ, കുണ്ടറ നെടുമ്പായിക്കുളത്തു പണിക്കർ, മല്ലപ്പള്ളി കൊച്ചിക്കുഴി പ്പണിക്കർ, കുമ്പനാട്ടു വലിയ വീട്ടിൽ പണിക്കർ, തലവടി വല്യേഴത്തു പണിക്കർ തുടങ്ങി അനേകം കുടുംബങ്ങൾ ഈ ലിസ്റ്റിലുണ്ട്.

ക്രൈസ്തവ വിശ്വാസത്തിനു കോട്ടം വരത്തക്ക വിധത്തിൽ കളരി നടത്തുവാൻ നസ്രാണി പണിക്കർമാർ നിർബന്ധിതരായി എന്നൊരു പരാതിയുണ്ട്. ഇതിൽ വാസ്തവമില്ലാതില്ല. ഒന്നു രണ്ടു കാരണങ്ങളാണ് ഇങ്ങനെയൊരു സ്ഥിതിവിശേഷം സംജാതമാക്കിയത്. നായന്മാർ നടത്തിയിരുന്ന കളരിയിൽ ക്രിസ്ത്യാനികളും ക്രിസ്ത്യാനികൾ നടത്തിയിരുന്ന കളരിയിൽ ഹൈന്ദവരും പഠിക്കുവാൻ എത്തിയിരുന്നു. കളരിയിൽ എഴുത്തും വായനയും യുദ്ധകലകളുമാണ് പഠിപ്പിച്ചിരുന്നത്. അക്ഷരവിദ്യയ്ക്കു ഗണപതിയും ആയുധവിദ്യയ്ക്ക് യുദ്ധത്തിൽ വീരമൃത്യു വരിച്ച പിതൃക്കളും അവശ്യഘടകങ്ങളാണെന്ന് ജനം അന്നു വിശ്വസിച്ചിരുന്നു. അതുകൊണ്ട് കളരികളിൽ ഗണപതി പൂജയ്ക്കും പിതൃപൂജയ്ക്കും തുല്യപ്രാധാന്യമുണ്ടായിരുന്നു. **ഹൈന്ദവവിദ്യാർത്ഥികളെ ആകർഷിക്കാനാണ് ഈ സമ്പ്രദായം നടപ്പാക്കിയതെന്ന് നസ്രാണി പണിക്കർമാർ അവകാശപ്പെട്ടിരുന്നെങ്കിലും നാട്ടുനടപ്പ് അതുതന്നെയായിരുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ അപാകതയുണ്ടെന്ന് നസ്രാണി പണിക്കർമാർക്കു തോന്നിയതുമില്ല.** നായർ–ക്രിസ്ത്യൻ വിവാഹം നടന്നിരുന്ന അക്കാലത്ത് ക്രിസ്തുമതം ഒരു തരം സങ്കരമതമായി നിലനിന്നിരുന്നുവെന്നു നാം മനസ്സിലാക്കണം.

ഒന്നു രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ താത്പര്യപ്പെടുന്നു. നസ്രാണി പണിക്കർമാരിൽ പലർക്കും തങ്ങളുടെ സമീപത്തുള്ള ഹിന്ദുക്ഷേത്രങ്ങളിൽ ചില അധികാരാവകാശങ്ങൾ നൽകപ്പെട്ടിരുന്നു. ഈ ബന്ധം നിലച്ചിട്ട് ഏതാണ്ട് ഒരു നൂറ്റാണ്ടു മാത്രമേ ആയിട്ടുള്ളൂ. ചെമ്പകശ്ശേരി രാജാക്കന്മാരുടെ കളരിപ്പണിക്കരായിരുന്ന തലവടി വല്യേഴത്ത് (ഓമശ്ശേരി) പണിക്കർമാർക്ക് പ്രസ്തുത രാജസ്വരൂപത്തിൽ നിന്നു ലഭിച്ച ചില സ്ഥാനമാനങ്ങൾ രാജ്യം തിരുവിതാംകൂറിൽ ലയിച്ചപ്പോഴും തുടർന്നു. ഈ സ്ഥാന

---

ഫലമെന്ന നിലയിൽ പരിശുദ്ധാത്മാവിന്റെ പ്രവേശം സാധ്യമാക്കുവാനും ദൈവസംബന്ധമായ തന്റെ അവകാശവാദങ്ങൾ സാക്ഷാത്കരിക്കുവാനും അവന്റെ മരണമല്ലാതെ മറ്റു മാർഗ്ഗമുണ്ടായിരുന്നില്ല. ഈ ലോകത്തിന്റെ ശക്തികളും ദൈവവചനവും തമ്മിലുള്ള സംഘട്ടനത്തിന്റെ ഭാഗമായിരുന്നു അത്.

ഉത്തമ കലകളിൽ നിന്ന് നാം ആശിക്കുന്ന തരത്തിൽ ഉദാത്തഭാവങ്ങൾ നമ്മിലേക്കു സംക്രമിപ്പിക്കുന്നതിനുപകരം സമൂഹത്തിന്റെയും സമൂഹഘടനയുടെയും ക്രൂരമുഖങ്ങളുടെ അവതരണത്തിലൂടെ നമ്മിൽ ഭീതിയും നിരാശയും നിറയ്ക്കുന്നു ഈ ചിത്രം. ചിത്രം കണ്ട് നാളുകളേറെക്കഴിയുമ്പോഴും നമ്മുടെ കാതുകളിൽ ആഞ്ഞുവീശുന്ന ചമ്മട്ടിയുടെ ഞെട്ടിക്കുന്ന ശബ്ദം, കൺമുമ്പിൽ യേശുവിന്റെ ശരീരത്തിലെ മുറിവുകളിൽ നിന്നു തെറിക്കുന്ന രക്തത്തുള്ളികൾ, മനസ്സിൽ സഹനത്തിന്റെ മൂർത്തരൂപമായി നാം മനസ്സിലാക്കുന്ന ദൈവപുത്രന്റെ നിസ്സഹായത. എന്തേ ഈ ചലച്ചിത്രം ഇങ്ങനെ ആയി? ഒന്നേയുള്ളൂ ഉത്തരം: ഏതു കലാസൃഷ്ടിക്കും പിന്നിൽ അവശ്യമുണ്ടാകേണ്ട ഒരു ദർശനമുണ്ട്–പൂവിന്റെ സുഗന്ധം പോലെ ഒന്ന്. അതിന്റെ അഭാവം, മറ്റെന്തുണ്ടെങ്കിലും, ഇതിന്റെ പരിമിതി. ●

# The New Century: a turning point?

*Prof. Jacob George*

As we entered a new century, we are at a turning point. Science, technologies, philosophies and education have taught us that our resources are abundant and our riches unlimited. But this is proved to be wrong. Our natural resources are getting depleted very fast and energy sources getting dried up. We have forgotten to view life in its totality. Excessive technological growth has created an environment in which life has become unhealthy. Unplanned technological development upsets the ecological balance. Science can be used for understanding the universe as well as for accumulating power. The role of the former is wisdom while that of the latter is manipulation. Today the emphasis of science has shifted from wisdom to power. The rapid accumulation of knowledge has thereby turned to be a threat to human life. Physics has taught us that the great cosmos is nothing but chaos of particles without any specific purpose. Consequently a materialistic view is felt in every sphere of human life. According to the Buddhist view ***there can be no wisdom without compassion.*** It means ***science is of no value unless it is accompanied by social concern.*** One of the greatest threats we are facing today is pollution of air, water and soil. Many of the chemicals we synthesize are unknown to Nature and our organism. For many decades the chemical industry has been dumping wastes into the earth and these dumpsites are called '*toxic time bombs*'. Many have started realizing that chemical industries are becoming life destroying centres rather than life sustaining ones.

Our emphasis on technology creates not only massive quantities of waste but requires large quantities of energy also. Non-renewable energy derived from fossil fuels powers most of our production processes. In their attempt to maintain the current level of production, the industrial countries have ferociously exploited the available sources of fossil fuels. This process of energy production can cause unprecedented ecological disturbances. Energy is an important parameter connecting the individual and the society. More energy consumption means more depletion of our natural resources, more destruction of our forests, more pollution, more chemical poisoning and so on. What we need is not merely excess of energy but a profound change in values, attitudes and life-styles. The generally suggested alternative for fossil fuels is nuclear power. The destructive power of nuclear bombs is well known to us. Nuclear energy is said to be cheap, clean and safe. But facts prove otherwise. The accidents of nuclear plants in the U.S. and Chernobyll are well known. Less known but not less frightening is the accidents involving nuclear weapons.

Another problem is the disposal of nuclear waste. Tons of nuclear waste which are being produced annually remain a dangerous poison for lakhs of years and it can cause fatal cancer. Another challenge the world faces today is associated with the production and preservation of food. The healthy organic food is replaced by synthetic products. When used along with alcohol and cigarettes they form a major health hazard. Excessive use of drugs especially psychoactive drugs, tranquilizers, sedatives, stimulants, and anti depressants is yet another problem Many drugs are only marginally effective and all have harmful side effects. What the pharmaceutical companies are doing in medicine is done by petrochemical industries in agriculture and farming. The practice of using excessive chemicals has disturbed the natural system resulting in many diseases. Fertile soil is a living system containing billions of living organisms. Solar energy is the natural fuel that drives the soil cycles and living systems of all sizes are needed to keep the system in balance. Today we know that the new type of agriculture, with its massive use of pesticides and fertilizers, has neither helped farmers nor the starving millions. The practice of single crop monoculture resulted in great loss of genetic variety and high risk of large acreages being destroyed by a single pest. For the consumer, the tie of food products to the land has almost disappeared. Many children believe that food comes from super market shelves! Farmers have lost most of their freedom and creativity and they are forced to use new production techniques. These techniques are not based on ecological considerations but are determined by the market. Farmers can-

---

മാനങ്ങളിൽ ആനപ്രാമ്പാൽ ക്ഷേത്രഭരണം സംബന്ധിച്ച് ചില കൈകാര്യാവകാശങ്ങൾ കൂടി ഉൾപ്പെട്ടിരുന്നു. ക്ഷേത്രത്തിലെ ഭഗവതി വിഗ്രഹം വല്ല്യേഴത്തുപണിക്കരുടെ പറമ്പിൽ ഒരു പ്രത്യേക സംവിധാനമുണ്ടാക്കി പ്രതിഷ്ഠിച്ചിരുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ കാലത്ത് നിരന്തര പ്രേരണയുടെ ഫലമായി വിഗ്രഹം അവിടെ നിന്നു മാറ്റുകയും ആനപ്രാമ്പാൽ ക്ഷേത്രത്തിൽ സ്ഥിരമായി പ്രതിഷ്ഠിക്കുകയും ചെയ്തു. ദേവിയുടെ പാൽപ്പായസ നിവേദ്യത്തിനായി തനിക്കുണ്ടായിരുന്ന നിലങ്ങളിലൊന്ന് ക്ഷേത്രത്തിനു വിട്ടുകൊടുത്തുവെന്നത് രസകരമായ വസ്തുതയാണ്. ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ഗ്രന്ഥശേഖരത്തിലുള്ള ഒരു താളിയോല ഈ ബന്ധത്തിനു കൂടുതൽ വെളിച്ചം നൽകുന്നു. “വല്ല്യേഴത്ത് തോമ്മാ പണിക്കർക്ക് എഴുതി വരുന്ന ചീട്ട് - ആനപ്രാമ്പാൽ അമ്പലത്തിൽ ഈയാണ്ടു മകയിരം നാളിൽ തൃക്കൊടി കേറി തിരുവുത്സവം നടത്തുന്നതിനും മറ്റുമായ കാര്യങ്ങൾ ആലോചിക്കുന്നതിന് ഈ മാസം 12-ാം തീയതി അമ്പലത്തിൽ കൂടണമെന്നു അറിയിച്ചിരിക്കുന്നു.” എന്ന് ചന്തിരപുണ്ണുതുറ അയ്യപ്പൻ രായിരാൻ (കൊല്ലം 918-ാമാണ്ട് മാർക്കുഴി മാസം 8-ാം തീയതി). ഇതുപോലെ തന്നെ മാവേലിക്കര മല്ലിട്ടി പണിക്കരും (യശശ്ശരീരനായ മാർ ഇവാനിയോസ് തിരുമേനിയുടെ പിതാവ്) ക്ഷേത്രസംബന്ധമായി തനിക്കുണ്ടായിരുന്ന അവകാശങ്ങൾ വേണ്ടെന്നു വച്ച് ഉത്സവവേളയിൽ നടത്തിക്കൊണ്ടിരുന്ന ആയുധാഭ്യാസ പ്രകടനത്തോട് വിട പറയുകയാണുണ്ടായത്.

*(തുടരും)*

# ഹൃദയ രോഗങ്ങൾ

ഡോ. റോസി [illegible]



## അൻജൈന

ഹൃദയധമനിയിലൂടെയുള്ള രക്തപ്രവാഹം ഭാഗികമായി അടയുമ്പോൾ ഹൃദയപേശികളുടെ പ്രവർത്തനത്തിന് തികയാതെ വരികയും രോഗിക്ക് നെഞ്ചുവേദന അനുഭവപ്പെടുകയും ചെയ്യുന്നു. ഇതിനെ അൻജൈന എന്നു പറയുന്നു. വിശ്രമിക്കുമ്പോൾ തടസ്സമില്ലാത്ത ഭാഗങ്ങളിൽ കൂടിയുള്ള രക്തപ്രവാഹം ഹൃദയത്തിന്റെ പ്രവർത്തനത്തിന് ധാരാളം മതിയാകും. എന്നാൽ ആയാസമുള്ള ജോലികളിൽ ഏർപ്പെടുമ്പോഴും മാനസിക സംഘർഷാവസ്ഥയിലും ഹൃദയത്തിന്റെ ഇടിപ്പും പ്രവർത്തനശേഷിയും വർദ്ധിക്കുന്നു. ഈ അവസരങ്ങളിൽ ഹൃദയത്തിന്റെ ആവശ്യങ്ങൾക്കായി കൂടുതൽ രക്തം ആവശ്യമായി വരുന്നു. പക്ഷേ ഭാഗികമായി തടസ്സപ്പെട്ടിട്ടുള്ള ഹൃദയധമനിയിലൂടെയുള്ള രക്തപ്രവാഹം തദവസരത്തിൽ തികയാതെ വരുന്നതുകൊണ്ട് നെഞ്ചുവേദന, നെഞ്ചത്ത് ഭാരം തുടങ്ങിയ രോഗലക്ഷണങ്ങളുണ്ടാകുന്നു. ഇതിനെ Effort Angina എന്നാണ് വിളിക്കാറുള്ളത്. ചില പ്രത്യേക കാരണങ്ങളാൽ പ്ലാക്കുകൾ പൊട്ടാനും വിള്ളലുകൾ വീഴാനും സാധ്യത കൂടുതലാണ്. ഇത്തരം അസ്ഥിരമായ പ്ലാക്കുകളിൽ കൊഴുപ്പുകൾ അധികമായി കാണുന്നു. വിള്ളലുകൾ വീഴുന്ന പ്ലാക്കുകൾ രക്തത്തിലെ പ്ലേറ്റ്‌ലെറ്റ് കോശങ്ങളുമായി യോജിച്ച് രക്തക്കട്ട (Thrombus) ഉണ്ടാകുന്നു. ഈ രക്തക്കട്ടകൾ പൂർണ്ണമായോ അപൂർണ്ണമായോ ഹൃദയധമനിയിലൂടെയുള്ള രക്തയോട്ടം തടയുകയും ചെറിയ ആയാസത്തിലും, ചിലപ്പോൾ വിശ്രമത്തിലും രോഗിക്ക് നെഞ്ചുവേദന അനുഭവപ്പെടുകയും ചെയ്യുന്നു. കൊഴുപ്പും രക്തക്കട്ടയും ചേർന്ന് അപൂർണ്ണമായ തടസ്സത്താൽ ഉണ്ടാകുന്ന നെഞ്ചുവേദനയെ ചെറിയ ഹൃദയാഘാതം (unstable angina) എന്നു പറയുന്നു. ഇത് വളരെ ഗൗരവമേറിയ സ്ഥിതിയാണ്. ഇത് ചികിത്സ കിട്ടാതെ പുരോഗമിച്ചാൽ വലിയ ഹൃദയാഘാതമായി മാറുവാൻ സാദ്ധ്യതയുള്ളതുകൊണ്ട് ശ്രദ്ധാപൂർവമായ പരിചരണം ആവശ്യമാണ്.

**വലിയ ഹൃദയാഘാതം (Myocardial Infarction)**

രക്തക്കട്ട വലുതായി രക്തയോട്ടം മുഴുവനായി നിലച്ചാൽ ഹൃദയപേശികൾക്കാവശ്യമായ ഓക്സിജനും പോഷകാംശങ്ങളും കിട്ടാതെ ഹൃദയപേശികൾക്ക് ക്ഷതം നേരിടുന്നു. ഈ സ്ഥിതിക്കാണ് വലിയ ഹൃദയാഘാതം എന്നു പറയുന്നത്. (വലിയ ഹൃദയാഘാതം = വേദന + പേശീക്ഷതം)

**ഹൃദയാഘാതത്തിന്റെ ലക്ഷണങ്ങൾ**

നെഞ്ചിലനുഭവപ്പെടുന്ന ഒരു പ്രത്യേക വിഷമം, ഒരു തരം കഴപ്പ്, ഭാരം കയറ്റി വച്ചതുപോലെ, നെഞ്ചുപൊട്ടിപ്പോകുന്നതുപോലെയുള്ള അനുഭവം, നെഞ്ചിനുണ്ടാകുന്ന വേദന, നെഞ്ച് വീർത്ത് വരുന്നതുപോലെ, വായു വന്നു നിറയുന്നതുപോലെയുള്ള വിഷമങ്ങൾ. സാധാരണയായി നെഞ്ചിന്റെ നടുഭാഗത്തായി ഉണ്ടാകുന്ന ഈ പ്രയാസം നെഞ്ചത്തു മുഴുവനായോ, ഏതെങ്കിലും ഒരു വശത്തേക്കു മാത്രമോ, തൊണ്ടയിലേക്കോ, കീഴ്ത്താടിയിലേക്കോ, തോളുകളിലേക്കോ, കൈകളിലേക്കോ, പുറംഭാഗത്തേക്കോ ആയി വ്യാപിക്കാം. പ്രായമായവരിലും പ്രമേഹരോഗികളിലും നെഞ്ചുവേദന ഇല്ലാതെ തന്നെ ക്ഷീണമോ അകാരണമായ വിയർപ്പോ പെട്ടെന്നുള്ള ശ്വാസംമുട്ടലോ ആയിട്ടു കാണാറുണ്ട്. ഇതിനെ നിശ്ശബ്ദമായ ഹൃദയാഘാതം (silent heart attack) എന്നു വിളിക്കുന്നു. നെഞ്ചിനു പ്രത്യേകിച്ച് വിഷമമൊന്നുമുണ്ടാകാതെ തന്നെ വയറിന്റെ മുകൾഭാഗത്തോ, തൊണ്ടയിലോ, കീഴ്ത്താടിയിലോ വേദന അനുഭവപ്പെടുന്നതായും വരുന്നു. ഒരു ബിന്ദുവിൽ മാത്രം ഒതുങ്ങി നിൽക്കാതെ കൂടുതൽ സ്ഥലത്ത് വ്യാപിക്കുന്ന തരത്തിലുള്ള വിഷമമാണ് സാധാരണ കാണിക്കാറുള്ളത്. മോഹാലസ്യം, ശ്വാസംമുട്ടൽ, വിയർപ്പ്, ഓക്കാനം, ഛർദ്ദി, മലം പോകണമെന്നുള്ള തോന്നൽ ആദിയായവ ഹൃദയാഘാതത്തോടനുബന്ധിച്ചുണ്ടാകാവുന്ന രോഗലക്ഷണങ്ങളാണ്.

**ഹൃദയത്തിന്റെ വേദനയായി തെറ്റിദ്ധരിക്കാനിടയുള്ള മറ്റ് അസുഖങ്ങൾ**

കഴുത്തിലെ കശേരുക്കളുടെ തേയ്മാനം (Spondylosis), ആമാശയത്തിലെ അമ്ലാധിക്യം (Ulcers), പിത്തനീർസഞ്ചി രോഗങ്ങൾ (Gall bladder disease), നെഞ്ചിലെ സന്ധികൾക്കുണ്ടാകുന്ന നീർവീക്കം (Costochondritis)

*(തെള്ളകം കാരിത്താസ് ആശുപത്രിയിൽ റീഹാബിലിറ്റേഷൻ വിഭാഗം മേധാവിയാണ് ലേഖിക.)*

---

not grow the breed that the land indicates. But today farmers have started realizing the hazards of chemical farming and are turning to traditional systems.

Some very dangerous chemicals banned in the developed nations are sold freely in the third world countries. The argument is that only through the use of these chemicals, food for the entire population can be produced. But the problem of world hunger is not at all a technical problem. It is socio- political. Mahatma Gandhi put it way back in the 1940s; 'This earth has everything to meet man's need but not his greed'. Research shows that food produced in the world today is sufficient to provide for more than the world population; but still millions starve. Multi-national companies are clearing millions of hectares of land in Amazon river basin in Brazil to raise cattle. This could alter the climate all through the world. Agriculture business can thus ruin the soil on which our very existence depends. An enterprise that was originally nourishing and life sustaining has become a major hazard in individual, social and ecological health.

Our paradigm for health, agriculture and education has to change. Today the health departments are not interested in public health, but rather in the money involved. Present establishments vigorously oppose fundamental revisions. But the ray of hope is that holistic health movements and holistic approach to agriculture are gaining momentum through environmental groups, anti nuclear organizations, consumer groups, social liberation movements, etc. They subscribe to the holistic and ecological view of life. The new rising culture shares a vision of reality that is still being discussed and explored and will eventually emerge as a new paradigm. ***Today human progress has reached the dead end of the road. It is time that it returned with new understanding and new vision.***

*(The author is teaching in the Dept. of Chemistry, CMS College, Kottayam)*

# നാം ഇന്ന് ആരെ പ്രസംഗിക്കുന്നു?

പ്രൊഫ. ജോസഫ് പുലിക്കുന്നേൽ

**തങ്ങളുടെ സഭകളിലൂടെ മാത്രമേ ദൈവത്തിന്റെ സൗജന്യമായ അനുഗ്രഹം ലഭിക്കൂ എന്നാണ് ഇന്ന് പലരും പ്രസംഗിക്കുന്നത്. സഭയെയും ഉപദേശത്തെയും പുകഴ്ത്തുന്നവരിൽ അനേകരും യേശുവിനെയും അവിടുന്ന് മനുഷ്യവർഗത്തിന് അനാവരണം ചെയ്തുതന്ന ദൈവത്തെയും പ്രസംഗിക്കുന്നില്ല.**

ദൈവം മനുഷ്യന്റെ പ്രാർത്ഥന സ്വീകരിച്ചനുഗ്രഹിക്കുന്നത് മദ്ധ്യസ്ഥൻമാരിലൂടെയല്ല. ഇസ്രയേൽ മക്കൾക്കും ദൈവത്തിനും മധ്യേ ഇടനിലക്കാരായി പുരോഹിതർ ബലികളും പ്രാർത്ഥനകളും അർപ്പിച്ചിരുന്നുവെന്നത് ശരിയാണ്. എന്നാൽ യേശു ഈ വ്യവസ്ഥ പൂർണ്ണമായും നിരാകരിച്ചു. യേശു മനുഷ്യോപകാരപ്രദമായ അനേകം അത്ഭുതങ്ങൾ ചെയ്തു. അപ്പോസ്തലന്മാരെയോ ശിഷ്യന്മാരെയോ മറ്റ് മദ്ധ്യസ്ഥരെയോ ശിപാർശ ചെയ്തിട്ടല്ല ക്രിസ്തു മനുഷ്യനിലേക്ക് തന്റെ സ്നേഹം പ്രവഹിച്ചത്. കാനാവിലെ കല്യാണ വിരുന്നിൽ മദ്ധ്യസ്ഥത നിന്ന മറിയയോട് യേശു പറഞ്ഞത് മനുഷ്യ ബന്ധങ്ങൾക്കതീതമായ മനുഷ്യസ്നേഹം തന്നിലുണ്ടെന്നും അതിന്റെ പ്രവാഹം മദ്ധ്യസ്ഥ സ്വാധീനത്തിന് അതീതമാണെന്നുമായിരുന്നു. അതുകൊണ്ട് കാനാവിൽ മറിയ പറഞ്ഞത്, അവൻ പറയുന്നത് നിങ്ങൾ ചെയ്യുക എന്നത്രെ. പക്ഷേ ഇന്ന് ദൈവത്തിങ്കലൂടെയല്ല തങ്ങളുടെ സഭകളിലൂടെ മാത്രമേ ദൈവികാനുഗ്രഹം പ്രാപിക്കാൻ കഴിയൂ എന്നാണ് ഓരോരുത്തരും പ്രസംഗിക്കുന്നത്.

ഇന്ന് യേശുവിന്റെ സുവിശേഷം പ്രസംഗിക്കുന്നുവെന്ന് സ്വയം പ്രകീർത്തിക്കുന്നവർ മനുഷ്യനിർമ്മിതമായ ആലയങ്ങളിൽ ദൈവം വസിക്കുന്നുവെന്നാണു പ്രസംഗിക്കുന്നത്. റീത്തകളനുസരിച്ചും സഭകളനുസരിച്ചും ദേവാലയങ്ങൾ പരസ്പരം മത്സരിച്ചു പണിയുന്നു. ഒന്നും ആവശ്യമില്ലാത്ത ദൈവത്തിന്റെ പേരിൽ ലക്ഷങ്ങൾ സ്തോത്രകാഴ്ചയായും പിരിവായും സമ്പാദിക്കുന്നു. പൊന്നും വെള്ളിയും എനിക്കില്ലെന്നു സാക്ഷിച്ച പത്രോസിന്റെ പിൻഗാമികൾ ലോകത്തിലെ ഏറ്റവും വലിയ കോർപ്പറേറ്റ് സാമ്പത്തിക സ്ഥാപനമാനേജർമാരായി മാറിക്കഴിഞ്ഞു. ഓരോ സഭയും ഇതേ ലക്ഷ്യത്തോടെ തുടർപ്രവർത്തനങ്ങൾ നടത്തുന്നു. ഈ മത്സരത്തിൽ യേശു എവിടെ? ദൈവപുത്രനായ യേശു ലോകത്തിനു ചൂണ്ടിക്കാണിച്ചു കൊടുത്ത സ്നേഹനിധിയായ പിതാവാം ദൈവം എവിടെ? ഇന്ന് സഭകൾ പ്രസംഗിക്കുന്ന യേശു നസ്രായനായ യേശുവാണോ? റോമൻ സാമ്രാജ്യമൂശയിൽ വാർത്തെടുത്ത വിഗ്രഹമായ യേശുവല്ലേ? പുരോഹിതർക്കും മധ്യസ്ഥന്മാർക്കും പണവും സുഖജീവിതസൗകര്യങ്ങളും നേടിക്കൊടുക്കുന്നത് യേശുവല്ലേ? **മനുഷ്യനിർമ്മിതമായ ആലയങ്ങളിൽ ജീവിക്കുന്ന ദൈവമല്ലേ ഇന്ന് പ്രസംഗിക്കപ്പെടുന്നത്? യേശുവിൽ വിശ്വസിക്കുന്നവർ ഫലം പുറപ്പെടുവിക്കേണ്ടവരാണ്. ഈ ഫലമാകട്ടെ, സ്നേഹത്തിന്റെ പ്രവാഹമാണ്.** ദൈവത്തിന്റെ സ്നേഹം യേശുവിലൂടെ പ്രവഹിക്കുന്നു. ഈ സ്നേഹം മനുഷ്യനിലേക്ക് ദൈവകൃപ സൗജന്യമായി പ്രവഹിപ്പിക്കാൻ ശക്തമാണെന്ന് യേശു പറഞ്ഞു.

സഭകളെന്നു പറയപ്പെടുന്ന സംഘടനകൾ, പണ്ടും ഇന്നും, സമൂഹത്തിൽ പുറപ്പെടുവിക്കുന്ന ഫലങ്ങൾ എന്താണ്? മധ്യകാലഘട്ടത്തിൽ എത്ര ആയിരങ്ങളെയാണ് യൂറോപ്യൻ സഭകൾ കൊന്നൊടുക്കിയത്? പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിനുശേഷം പരസ്പരം പോരാടിയ സഭകൾ എന്തു ക്രൈസ്തവ സാക്ഷ്യമാണ് ചരിത്രത്തിനു സംഭാവന ചെയ്തത്? മനുഷ്യനെ ദൈവസ്നേഹത്താൽ ഒന്നിപ്പിക്കാൻ പരിശ്രമിക്കേണ്ട സഭ ഇന്ന് കേരളത്തിൽ ചെയ്യുന്നതെന്താണ്? കാതോലിക്കോസുമാർ പരസ്പരം തെരുവിൽ യുദ്ധം ചെയ്യുന്നു! കത്തോലിക്കാ മെത്രാന്മാർ റീത്തുകളായി വിശ്വാസികളെ വിഭജിച്ചു ഭരിക്കുന്നു. കൂദാശകളുടെ പേരിൽ കണ്ണിൽ ചോരയില്ലാതെ പണം വാങ്ങുന്നു.....!

മതം മനുഷ്യനെ നിഷ്കാമ സ്നേഹത്തിന്റെ പ്രവാഹക നാളിയാക്കുകയാണു ചെയ്യേണ്ടിയിരുന്നത്. പക്ഷേ, ഇന്ന് ഓരോ സഭയും പുരോഹിതനും വിശ്വാസികളെ സാമ്പത്തികമായി കറന്നു കുടിക്കുന്നു. യേശു അവർക്ക് ഇന്ന് പണം പിരിക്കാനും സമ്പാദിക്കാനുമുള്ള ഒരു നിരുപദ്രവ ചിഹ്നം മാത്രം! ഇന്ന് യേശു പ്രസംഗിക്കപ്പെടുന്നില്ല; ദൈവത്തിന്റെ പരമമായ സ്നേഹത്തിൽ അവിടുന്ന് യേശുവിലൂടെ മനുഷ്യവർഗത്തിനു നൽകിയ ഉപാധികളില്ലാത്ത കൃപയെക്കുറിച്ച് ആരും പ്രസംഗിക്കുന്നില്ല. അവർ പ്രസംഗിക്കുന്നത് അവരുടെ സഭകളെ കുറിച്ചു മാത്രമാണ്. ഇന്ന് യേശുവിനെ പ്രസംഗിക്കുന്നുവെന്നു പറയുന്ന സഭകളേലേക്ക് ഒന്നു നോക്കൂ. പരിശുദ്ധന്മാർ, പിതാക്കന്മാർ, തിരുമേനിമാർ, അത്യുന്നതന്മാർ! ഇവരെല്ലാം മനുഷ്യനിൽ നിന്ന് ബഹുമാനം പ്രതീക്ഷിച്ച് സിംഹാസനങ്ങളിൽ ഇരിക്കുന്നു. തങ്ങൾ മനുഷ്യരാണെന്നെങ്കിലും അവർ ഓർക്കുന്നുണ്ടോയെന്നു സംശയം! ഭൗതികമായതെല്ലാം ത്യജിച്ച യേശുവിന്റെ പേരിൽ ഇന്ന് സാമ്പത്തിക സാമ്രാജ്യങ്ങളുടെ ഭരണാധിപന്മാരായിത്തീർന്നിരിക്കുന്ന അവർ യേശു സൗജന്യമായി മനുഷ്യനിലേക്കു പ്രവഹിപ്പിച്ച കൃപയുടെ മൊത്തക്കച്ചവടക്കാരും ചില്ലറക്കച്ചവടക്കാരുമായി മാറിക്കഴിഞ്ഞു! അവർ പ്രസംഗിക്കുന്നത് യേശുവിനെയല്ല, അവരെത്തന്നെയാണ്. അവർ ആൾദൈവങ്ങളായി സ്വയം പ്രതിഷ്ഠിച്ച് യേശുവിന്റെ സിംഹാസനത്തിൽ ഇരിക്കുന്നു. ●

**Book Review**


## കാൻസർ രോഗത്തിൽ നിന്ന് സൗഖ്യം

### ഡോദി ഓസ്ടീൻ

*(ന്യൂ ഡൽഹിയിൽ ഇൻഡ്യൻ ഇവാൻജലിക്കൽ ടീം മലയാളത്തിൽ പ്രസിധീകരിച്ചത്)*

കരളിനെ ബാധിക്കുന്ന കാൻസറാണ് കാൻസർ രോഗങ്ങളിൽ വച്ച് ഏറ്റവും ഭീകരനെന്നു കരുതപ്പെടുന്നു. കാരണം, ഇത് ശരീരത്തിൽ ഏറ്റവുമധികം രക്തം ഉൽപാദിക്കുന്ന സ്ഥാനത്താകയാൽ രോഗം അതിവേഗം വ്യാപിക്കുവാനിടയാകും. 1981-ലെ വൈദ്യപരിശോധനയിൽ തന്റെ കരളിന് കാൻസർ പിടിപെട്ടുവെന്നു മനസ്സിലാക്കിയ ഡോദി ഓസ്ടീൻ എന്ന വനിത ദൈവകരങ്ങളിൽ തന്നെത്തന്നെ പൂർണ്ണമായി ഏൽപ്പിച്ച് പ്രാർത്ഥനയിലും തിരുവചനധ്യാനത്തിലും ശരണപ്പെട്ടു. പരമ്പരാഗതമായ ചികിത്സ കൂടാതെ അഭൗമികമായ പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ച ഇവർ ദീർഘവർഷങ്ങൾ കഴിഞ്ഞിട്ടും ആരോഗ്യവതിയായി തുടരുന്നു. ഡോദിയുടെ അനുഭവസാക്ഷ്യമാണ് ഈ ചെറുഗ്രന്ഥത്തിലെ പ്രതിപാദ്യം. രോഗവിമുക്തി നേടാൻ പല വഴികളുണ്ടെങ്കിലും യേശുകർത്താവ് മാത്രമാണ് സൗഖ്യദായകൻ. രോഗത്താൽ ക്ലേശിക്കുന്ന അനേകരുടെ ഹൃദയങ്ങളിൽ പ്രത്യാശയുടെ കിരണങ്ങൾ വീശുവാൻ ഈ പുസ്തകം ഉപകരിക്കട്ടെ.

*കെ. സി.*



# പ്രതികരണങ്ങൾ

## ഇക്കോളജിയും വേദപുസ്തകവും



വേദപുസ്തകവും സൃഷ്ടികഥയും മനുഷ്യകേന്ദ്രീകൃതവും പുരുഷകേന്ദ്രീകൃതവുമാണ്. പ്രപഞ്ചകേന്ദ്രീകൃതമല്ലാത്ത ക്രൈസ്തവവിശ്വാസങ്ങൾ പരിസ്ഥിതി നശീകരണത്തിൽ പ്രധാന പങ്ക് കഴിഞ്ഞ കാലങ്ങളിൽ വഹിച്ചിട്ടുണ്ട്. പ്രകൃതിയെ ആക്രമിക്കുന്നതിനും സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിനും പ്രത്യേക വിലക്കുകളൊന്നും ക്രിസ്ത്യൻ ഉപദേശങ്ങളിൽ പണ്ടുമുതൽക്കേയില്ലായിരുന്നു. ശാസ്ത്രപുരോഗതിക്കുവേണ്ടി ഏതുവിധേനയും പ്രകൃതിയെ ചൂഷണം ചെയ്യുന്നത് ബൈബിൾ വിലക്കിയിട്ടില്ല. ഇന്നത്തെ വനനശീകരണത്തിനും ന്യൂക്ലിയർ യുദ്ധസന്നാഹങ്ങൾക്കും ഇതു പ്രേരണയാവുന്നു. മനുഷ്യന്റെ ഈ മേധാവിത്വം ജനസംഖ്യാവർദ്ധനയ്ക്കും പരിസ്ഥിതി മലിനീകരണത്തിനും ഇടയാക്കുന്നു. ഹവ്വയുടെ സൃഷ്ടി ബൈബിൾ രേഖപ്പെടുത്തിയതനുസരിച്ച്, പുരുഷനിൽ നിന്ന് പുരുഷനുവേണ്ടി സൃഷ്ടിക്കപ്പെട്ടവളാണു സ്ത്രീ. വേദപുസ്തകരചയിതാക്കളെ പുരുഷമേധാവിത്വം, അധികാരശ്രേണികൾ തുടങ്ങി പലതരം ആശയങ്ങൾ സ്വാധീനിച്ചിട്ടുണ്ട്, സംശയമില്ല.

*ഡോ. ജോൺ കുരുവിള, കോടുകുളഞ്ഞി*

■■

അവശ്യം വേണ്ട അന്വേഷണത്തിനു ശേഷമല്ല ബൈബിൾ സംബന്ധമായ അഭിപ്രായങ്ങൾ പലരും രേഖപ്പെടുത്തുന്നത്. വേദപുസ്തക പണ്ഡിതർ പോലും തൽസംബന്ധമായ അറിവിന് പരിധി കൽപ്പിച്ചിട്ടില്ല. 'ദൈവവും പ്രകൃതിയും സങ്കീർത്തനത്തിൽ' എന്ന ഗവേഷണ പ്രബന്ധം തയാറാക്കിയ എന്റെ അനുഭവപരിചയം പ്രസ്തുത യാഥാർത്ഥ്യത്തിന് അടിവരയിടുന്നു. വേദപുസ്തകത്തിലെ മുഖ്യ ആശയങ്ങളിൽ ഒന്നാമത്തേത് ദൈവവും രണ്ടാമത്തേത് ഭൂമിയും ആണ്. എന്നാൽ ഭൂമിക്ക് ഒരു പ്രത്യേകതയുണ്ട്. അത് കേവലം മനുഷ്യകേന്ദ്രീകൃതമല്ല, ജീവകേന്ദ്രീകൃതമാണ്. ചൈതന്യസത്തയായ ദൈവവും ചൈതന്യനിർഭരമായ ഭൂമിയും തമ്മിലുള്ള ബന്ധത്തിന്റെ ഒരു രേഖയാണ് വേദപുസ്തകം. അതുകൊണ്ട് ദൈവവും പ്രപഞ്ചവും തമ്മിലുള്ള സമ്പർക്കമാണ് ബൈബിളിലെ മുഖ്യവിഷയമെന്നു പറയുന്നതിൽ യാതൊരു തെറ്റുമില്ല. മനുഷ്യർ അവരുടെ അന്നത്തെ ചുറ്റുപാടിൽ രേഖപ്പെടുത്തിയ അറിവ് തിരിച്ചറിഞ്ഞ് ഇന്നത്തെ സാഹചര്യത്തിൽ വ്യാഖ്യാനിക്കയാണ് നമ്മുടെ കർത്തവ്യം. ദൈവം ബന്ധപ്പെടുന്നത് കേവലം അചേതനമായ, പഞ്ചഭൂതസംബന്ധമായ പ്രപഞ്ചത്തോടല്ല, പ്രത്യുത, ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ മുഖാന്തരമാണ്. ഈ ബന്ധം മനുഷ്യനുവേണ്ടി മാത്രമല്ല, അവൻ മുഖാന്തരം സർവസൃഷ്ടിക്കും വേണ്ടിയാണ്. ഈ സത്യം മറന്ന മനുഷ്യൻ ദൈവത്തെയും മറന്നു. അതാണ് പാപമെന്നു വിവക്ഷിക്കപ്പെടുന്നത്. ദൈവികബന്ധത്തിൽ വരുന്ന മനുഷ്യരുടെ ആവിർഭാവം മാത്രമാണ് പ്രപഞ്ചത്തിന്റെ തകർച്ചയ്ക്കു പരിഹാരം. ദൈവത്തിന് സൃഷ്ടിയെക്കുറിച്ചുള്ള ഉദ്ദേശ്യം ഗ്രഹിച്ച്, അതിന്റെ ജീവൻ നിലനിർത്താനായി ദൈവമക്കൾ വർത്തിക്കണമെന്നു സാരം. സൃഷ്ടിയുടെ ഉദ്ദേശ്യം തന്നെ അതായിരുന്നു. 'അടക്കി വാഴുക' എന്ന ക്രിയാപദങ്ങൾക്ക് ചൂഷണം ചെയ്ത് മേധാവിത്വം സ്ഥാപിക്കുന്നതിനല്ല ഊന്നൽ. ഉണ്മയെ ഇല്ലാതാക്കാനുള്ള ശൂന്യശക്തികളെ മനസ്സിലാക്കി അവയുടെ മേൽ ആധിപത്യം സ്ഥാപിക്കുമ്പോൾ മാത്രമേ ദൈവത്തിന്റെ സ്ഥാനപതിയായ മനുഷ്യന് പ്രപഞ്ചത്തെ വാഴുവാൻ സാധിക്കൂ. ദൈവഹിതപ്രകാരം ഭൂമിയെ ഭരിക്കുന്നതിനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവികബന്ധത്തിൽ കർത്തവ്യനിർവഹണമേ ഉള്ളൂ. വേദപുസ്തകം മനുഷ്യകേന്ദ്രീകൃതമായ, സൃഷ്ടിയും ദൈവവുമായുള്ള ഉടമ്പടി ബന്ധത്തിൽ എല്ലാറ്റിനെയും പുതുതാക്കുന്ന ദർശനത്തിൽ ഊന്നിയാണ് രചിക്കപ്പെട്ടിരിക്കുന്നത്. സ്വർഗ്ഗവും ഭൂമിയും നിമ്നോന്നതമായി സ്ഥിതി ചെയ്യുന്നില്ല. സ്വർഗ്ഗം സ്രഷ്ടാവിന്റെ പ്രതീകവും ഭൂമി സൃഷ്ടിയുടെ പ്രതീകവുമാണ്. എന്നാൽ പ്രപഞ്ചവുമായുള്ള ബന്ധത്തിൽ ദൈവം ദൂരസ്ഥൻ മാത്രമല്ല, സമീപസ്ഥനുമാണ്. ഭൂമി താണതോ മ്ലേച്ഛമോ അല്ല. ഈജിപ്തിൽ നിന്ന് വിടുതൽ ലഭിച്ച സമ്മിശ്രജനതയോടും മൃഗജാലങ്ങളോടുമൊപ്പം സഞ്ചരിച്ച സഹചാരിയാണ് ബൈബിളിലെ ദൈവം. ഒടുവിൽ സ്വർഗ്ഗം വിട്ട് ഭൂമിയിൽ മനുഷ്യരോടൊപ്പം കൂടാരമടിപ്പാനും ആ ദൈവത്തിന് മനസ്സായിരുന്നു. ചരാചരങ്ങളോടൊപ്പം വേദന പങ്കിടുവാൻ തയാറാവുന്ന ദൈവം മനുഷ്യരെയും ജീവജാലങ്ങളെയും രണ്ടാം തരമായി വേർതിരിച്ചു കണ്ടിരുന്നുവെന്ന് പറയുവാൻ പ്രയാസം. ജീവജാലങ്ങളുടെ നിലനിൽപ്പാണ് ദൈവോദ്ദേശ്യം. വായു, ജലം, വൃക്ഷങ്ങൾ തുടങ്ങി എല്ലാം ഉൾക്കൊള്ളുന്ന പരിസ്ഥിതി സംരക്ഷണം ദൈവികപ്രവർത്തനമാണ്. മനുഷ്യരും ജീവജാലങ്ങളും ഒരുപോലെ പ്രകൃതിയിലെ നന്മ അനുഭവിക്കുന്നു. മനുഷ്യന് യാതൊരു പ്രത്യേകതയും ദൈവം കൽപ്പിക്കുന്നില്ല. എന്നാൽ ജീവജാലസംരക്ഷണം ദൈവം അവനെ ഏൽപ്പിച്ചിരിക്കുന്നു. ഭൂമിയും മനുഷ്യരും മൃഗജാലങ്ങളും ഒരുപോലെ സംരക്ഷിക്കപ്പെടണം-ജീവൻ നിലനിർത്തണം; വിശ്രമിക്കണം. ജനത്തോടുള്ള ദൈവികബന്ധം പുതുക്കുന്നത് പ്രകൃതിയുമായുള്ള ദൈവികബന്ധത്തിലൂടെയാണ്. (ഹോശയ 2:21 –23). മനുഷ്യൻ ദൈവത്തെ നിഷേധിച്ച്, താന്തോന്നികളായി ജീവിക്കുന്നതിന്റെ പരിണതഫലം പ്രകൃതിയും അനുഭവിക്കുന്നു. ദൈവികാനുഗ്രഹം പ്രകൃതിയും മനുഷ്യനും ഒരുപോലെ പങ്കിടുന്നു. പ്രകൃതിക്ക് അതിന്റേതായ സംവേദനക്ഷമതയുണ്ട്. അതും ദൈവത്തെ പുകഴ്ത്തി ആരാധനയിൽ പങ്കുചേരുന്നു. ദേവപുസ്തകത്തിലെ ശരിയായ അർത്ഥം മനസ്സിലാക്കുവാൻ അവതരിപ്പിച്ചിരിക്കുന്ന ആറു തത്വങ്ങളും സൂക്ഷ്മപരിശോധനയിൽ പുതിയ കണ്ടുപിടുത്തമല്ലെന്ന് തെളിയും. എല്ലാറ്റിനും വേദപുസ്തകസൂചനകളുണ്ട്. മേൽ പ്രസ്താവിച്ച കാര്യങ്ങളിലൂടെ അത് ഗ്രഹിക്കാവുന്നതാണ്. ഇക്കാലത്ത് നാം ചിന്തിക്കുന്നതുപോലെ ഇക്കോളജിയുടെ പദശൈലികൾ വേദപുസ്തകത്തിൽ കാണുകയില്ലായിരിക്കാം. എന്നാൽ, പുസ്തകരചയിതാക്കളുടെ കാലത്തെ പ്രപഞ്ചബദ്ധമായ ആശയങ്ങൾ വിവേചിച്ചറിയുവാൻ സൂക്ഷ്മമായ തിരുവചനപരിജ്ഞാനം കൂടിയേ തീരൂ. വേദപുസ്തക പശ്ചാത്തല വെളിച്ചത്തിലുള്ള പുനർവായന അതിന് നമ്മെ സഹായിക്കട്ടെ.

*റവ. ഡോ. കെ. വി. മാത്യു, കോട്ടയം*

■■

## കെ.സി.സി. വാർത്ത

**കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ ആഭിമുഖ്യത്തിൽ** ഇന്നത്തെ സംസ്ഥാന **വിദ്യാഭ്യാസത്തെപ്പറ്റി** ഒരു കൺസൾട്ടേ**ഷൻ മാങ്ങാനത്ത്** നടന്നു. കെ.സി.സി. **പ്രസിഡന്റ്** ഡോ. ഐസക് മാർ ഫില**ക്സിനോസ്** എപ്പിസ്കോപ്പ മോഡറേറ്റരാ**യിരുന്നു.** മുഖ്യപ്രഭാഷണം നിർവഹിച്ച ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത വിദ്യാഭ്യാസ സേവനത്തിന്റെ പേരിൽ ഇന്നു നടക്കുന്ന കച്ചവട സമ്പ്രദായത്തെ അപലപിക്കുകയുണ്ടായി. ഡോ. എ. കെ. രാമകൃഷ്ണൻ (എം.ജി.യൂണിവേഴ്സിറ്റി), ഡോ. എൻ. കെ. ജയകുമാർ (കേരള യൂണിവേഴ്സിററി), റവ. പ്രൊഫ. കെ.സി.മാത്യു, പ്രൊഫ. തോമസ് ജോസഫ് (എ.കെ.പി.സി.ടി.എ. പ്രസിഡന്റ്) എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി. പ്രൊഫ. ഫിലിപ്പ് എൻ. തോമസ് സ്വാഗതവും ഫാ. ഡോ. എ. ടി. ഏബ്രഹാം കൃതജ്ഞതയുംപറഞ്ഞു.

■■

# NEWS

## സി.എസ്.ഐ. നോർത്ത് അമേരിക്കൻ കൗൺസിൽ

മോഡറേറ്ററുടെ കമ്മിസ്സറി റൈറ്റ് റവ. ഡോ. ജോർജ് ഐസക്കിന്റെ അധ്യക്ഷതയിൽ ചേർന്ന കൗൺസിൽ യോഗം താഴെ പ്പറയുന്നവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. • *പ്രസിഡന്റ്* : മോസ്റ്റ് റവ. ഡോ. ബി. പി. സുഗന്ധർ (സി.എസ്.ഐ.മോഡറേറ്റർ) • *വൈസ് പ്രസിഡന്റ്* : റവ. ഡോ. ജേക്കബ് ഡേവിഡ് (ന്യൂജഴ്സി) • *സെക്രട്ടറി* : ശ്രീ. കുര്യൻ ടി. ഉമ്മൻ (ന്യൂയോർക്ക്) *ട്രഷറർ* : ശ്രീ. മാത്യു ജോഷ്വ (ന്യൂയോർക്ക്) • *എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ* : മേജർ ഡാനിയൽ കെ. ഡേവിഡ് (സ്റ്റാറ്റൻ ഐലൻഡ്) ശ്രീ. തോമസ് ഏബ്രഹാം ( „ ) റവ. ഡോ. നൈനാൻ വർഗീസ് (ഡാള്ളസ്) ശ്രീ. മാത്യു എം. കരോട്ട് (ഷിക്കാഗോ) ശ്രീമതി ജസ്സി അലക്സാണ്ടർ (സ്ത്രീജനസഖ്യം) ശ്രീ. ഡന്നീസ് ജോർജ് (യുവജനസഖ്യം)

■ ■

## എം. എ. തോമസ് പുരസ്കാരം

പ്രമുഖ മനുഷ്യാവകാശ പ്രവർത്തകനായിരുന്ന റവ. ഡോ. എം. എ. തോമസിന്റെ സ്മരണയ്ക്കായി വിജിൽ ഇൻഡ്യ മൂവ്മെന്റ് ഏർപ്പെടുത്തിയ ദേശീയ മനുഷ്യാവകാശ അവാർഡിന് മുംബൈയിലെ പ്രമുഖ പത്രപ്രവർത്തക ടീസ്ന സെതൽവാദ് അർഹയായി. ഗുജറാത്ത് കലാപത്തിൽ ദുരിതമനുഭവിച്ചവരുടെ അവകാശങ്ങൾക്കുവേണ്ടി നടത്തിയ പ്രവർത്തനങ്ങളാണ് അവരെ അവാർഡിന് അർഹയാക്കിയത്. ഒരു ലക്ഷം രൂപയാണ് അവാർഡ് തുക.

■ ■

## ഡീ. മാത്യു ഇടിക്കുളയ്ക്ക് പ്രസ്ബിറ്റർ പദവി



മോഡറേറ്ററുടെ കമ്മിസ്സറി റൈറ്റ് റവ. ഡോ. ജോർജ് ഐസക്കിന്റെ അധ്യക്ഷതയിൽ ചേർന്ന സി.എസ്.ഐ. നോർത്ത് അമേരിക്കൻ കൗൺസിലിന്റെ ശിപാർശ പ്രകാരം,ഷിക്കാഗോ സി.എസ്.ഐ. ഇടവകയുടെ സ്ഥാപകാംഗം ഡീക്കൻ മാത്യു പി. ഇടിക്കുളയ്ക്ക് പ്രസ്ബിറ്റർ പട്ടം നൽകി. ജൂലൈ 24-ന് ഷിക്കാഗോ സി.എസ്.ഐ. ദേവാലയത്തിൽ നടന്ന പട്ടം കൊടുക്കൽ ശുശ്രൂഷയിൽ ഉത്തര കർണാടക ബിഷപ്പ് റൈറ്റ് റവ. ഡോ. പോൾ ജെ. കെ. ബാമി മുഖ്യകാർമികനായിരുന്നു. സി.എൻ.ഐ. മുൻ ബിഷപ്പ് റൈറ്റ് റവ. ഡോ. ജോർജ് നൈനാൻ പ്രസംഗം ചെയ്തു. ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദമുള്ള നവ വൈദികൻ കോടുകുളഞ്ഞി സി.എസ്.ഐ. സഭാംഗവും സി.എസ്.ഐ. നോർത്ത് അമേരിക്കൻ കൗൺസിലിന്റെ സജീവ പ്രവർത്തകനുമാണ്. ന്യൂ വിഷൻ പത്രാധിപസമിതിയംഗമായ റവ. മാത്യു പി. ഇടിക്കുളയ്ക്ക് ഹാർദ്ദമായ അഭിനന്ദനങ്ങൾ!

■ ■

## തിരുവനന്തപുരം ലത്തീൻ അതിരൂപത

1937-ൽ സ്ഥാപിതമായ തിരുവനന്തപുരം ലത്തീൻ കത്തോലിക്കാ രൂപത ഒരു അതിരൂപതയായി ഉയർത്തപ്പെട്ടിരിക്കുന്നു. പുതിയ അതിരൂപതയുടെ പ്രഥമ ആർച്ച്ബിഷപ്പായി തിരുവനന്തപുരം ബിഷപ്പ് ഡോ. സൂസൈ പാക്യം നിയമിതനായി.

■ ■

## ഖത്തറിൽ ആരാധനാസ്വാതന്ത്ര്യം

ക്രൈസ്തവർക്ക് പരസ്യമായ ആരാധന നടത്തുവാൻ ഗൾഫ് രാജ്യമായ ഖത്തർ അനുവാദം നൽകി. പള്ളികൾ നിർമ്മിക്കാൻ സ്ഥലവും ഗവൺമെന്റ് അനുവദിച്ചു.

■ ■

## പ്രപഞ്ചത്തിന്റെ പുതിയ പ്രായം

പ്രതീക്ഷിച്ചിരുന്നതിലേറെ പ്രായം പ്രപഞ്ചത്തിനുണ്ടെന്ന് ഇറ്റലിയിലെ ഭൂഗർഭ കേന്ദ്രത്തിൽ ശാസ്ത്രജ്ഞന്മാർ നടത്തിയ പരീക്ഷണങ്ങളിൽ കണ്ടെത്തി. ഇതനുസരിച്ച് 1.47 കോടി കോടി വർഷമാണ് പ്രപഞ്ചത്തിന്റെ പ്രായമെന്ന് ഫിസിക്സ് റിവ്യൂ ലറ്റേഴ്സ് ജേണൽ. ●

## അഖിലേന്ത്യാ ക്രൈസ്തവ യുവജനസമ്മേളനം

ഇൻഡ്യയിലെ വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങളിലെ യുവജനങ്ങളുടെ സംഗമമായ യൂത്ത് ഫോർ മിഷൻ കോൺഫറൻസ് തിരുവല്ലയിൽ നടത്തപ്പെടും. നവജീവോദയം 'മിഷൻസ് ഇന്ത്യ'യാണ് നേതൃത്വം നൽകുന്നത്. നവജീവോദയം സെന്ററിലെ കെ. വി. ചെറിയാൻ മെമ്മോറിയൽ ഹാളിൽ 2005 ജനുവരി 6-ന് ആരംഭിക്കുന്ന സമ്മേളനം 9-ന് സമാപിക്കും.

മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ എവിടെയും താളപ്പിഴകളാണു കാണുന്നത്. ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബ ബന്ധങ്ങൾ, അക്രമാസക്തമായ കലാലയങ്ങൾ, അഴിമതി നടമാടുന്ന അധികാര സ്ഥാനങ്ങൾ....ധാർമ്മികതയും സാന്മാർഗ്ഗിക ബോധവും കൈമോശം വന്നിരിക്കുന്നുവോ? ഉപഭോക്തൃ സംസ്കാരത്തിന്റെ തള്ളിക്കയറ്റം ഒരു പരിധിവരെ ഇതിനു കാരണമാണെങ്കിലും നമ്മുടെ ആത്മീയജീവിതത്തിൽ സംഭവിച്ച പാളിച്ചകളല്ലേ ഈ അവസ്ഥയ്ക്കു പ്രധാന കാരണമെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ സ്പന്ദനമായ യുവജനങ്ങളാണ് ഈ അപഭ്രംശത്തിന് ഏറ്റവുമധികം ഇരയാകുന്നത്. അതുകൊണ്ട് സമൂഹം ഉന്നതി പ്രാപിക്കണമെങ്കിൽ യുവജനങ്ങൾ ദൈവാഭിമുഖ്യമുള്ളവരായിത്തീരണം. അവരുടെ ആത്മികാഭിവൃദ്ധി കർമ്മരംഗങ്ങളെ നന്മയാൽ ദീപ്തമാക്കി സാമൂഹിക ക്ഷേമത്തിനായി പ്രവർത്തിക്കുവാൻ അവരെ പ്രാപ്തരാക്കും. ഈ ലക്ഷ്യം വച്ചാണ് യൂത്ത് ഫോർ മിഷൻ കോൺഫറൻസുകൾ നടത്തപ്പെടുന്നത്. യുവജനങ്ങളുടെ നാനോന്മുഖമായ ഉന്നതിയെ ലാക്കാക്കി നടത്തുന്ന യൂത്ത് ഫോർ മിഷൻ സമ്മേളനത്തിൽ വിവിധ പശ്ചാത്തലങ്ങളിൽ നിന്നും സഭാവിഭാഗങ്ങളിൽ നിന്നും വരുന്ന യുവജനങ്ങൾക്ക് ഒന്നിച്ചിരുന്ന് ചിന്തിക്കുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും ആത്മികാഭിവൃദ്ധിയ്ക്കുതകുന്ന ക്ലാസ്സുകൾ ശ്രവിക്കുന്നതിനുമുള്ള അസുലഭ സന്ദർഭങ്ങളാണു ലഭിക്കുക. യുവജനങ്ങളുടെയിടയിൽ പ്രവർത്തിച്ച് പരിചയസമ്പത്തു നേടിയ പ്രഗത്ഭർ ക്ലാസ്സുകൾക്കു നേതൃത്വം നൽകും. യുവജനങ്ങളുടെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന കൗൺസലിംഗ് വിഭാഗവും യൂത്ത് ഫോർ മിഷന്റെ പ്രത്യേകതയാണ്. 1992-ൽ ആരംഭിച്ച യൂത്ത് ഫോർ മിഷൻ കോൺഫറൻസ് 1994, 98, 2000, 02 വർഷങ്ങളിൽ വിപുലമായ തോതിൽ നടത്തപ്പെടുകയുണ്ടായി. കൂടുതൽ വിവരങ്ങൾക്ക് 0469-2634359, 2634349, 2601582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

NEW VISION FOR A CHANGING WORLD
AUGUST 2004
Registered with the Registrar of Newspapers for India
under No. KER BIL/2000/1543
Annual subscription: Rs. 75/-
Postal Regn. No KL/CR/KTM/362/2003-05



# the CROW and the BUTTERFLY



I am a butterfly
How could I have been a larva once?
I don't like to be compared with a larva
It's below my dignity.
Look at my pomp and splendour
Look at my attire
See the colours on my seamless coat
Watch the way I live and command.
There are so many at my side
Many touch my feet
I don't go to any one
All are coming to me!





There larva turned to the butterfly and said:
Remember, you had a past
Your past is a continuation of my present
You had undergone a period of metamorphosis
You were once ugly in the sight of others
You were confined to your coffin
You were destined to be a prey of others
You seem to have forgotten the dark spot in your life.

As the larva and the butterfly were arguing
There came a crow
The crow said : Hello butterfly,
You were once helpless
You would have been my prey
I allowed you to survive
It was mercy, nothing but mercy.
**Live in gratitude to your begetter**
**Live without any arrogance**
**Live in humility**
**Remember the past**
Your making is a story in different stages.

The butterfly said to the crow:
Forgive me, I had forgotten my past
My beautiful attire had deluded me
My ability to fly above the lake made me proud
**Now I know that my beauty is a threat to my life**
**The death trap is at my door step.**



**Rev. Dr. M. J. Joseph**
**Bangalore**

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ▪ Printed at Learners' Offset Printers, C.M.S. College Road, Kottayam.